AR
166

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. 45.

# വൈദ്യസാരസംഗ്രഹം

# VAIDYASĀRASAṄGRAHAM

EDITED BY

T. CHANDRASEKHARAN, M.A., L.T.

*Curator, Government Oriental Manuscripts Library, Madras*

AND

*The Staff of the Library*

(*Under the Orders of the Government of Madras*)

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1955

PRICE, Rs. 1-14-0.

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. 45.

# വൈദ്യസാരസംഗ്രഹം

# VAIDYASĀRASAṄGRAHAM

EDITED BY

T. CHANDRASEKHARAN, M.A., L.T.

*Curator, Government Oriental Manuscripts Library, Madras*

AND

*The Staff of the Library*

(*Under the Orders of the Government of Madras*)

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1955

# INTRODUCTION

'VAIDYASĀRASAṄGRAHAM' now being published, is one of the numerous treatises on the "Indigenous Method of Ayurvedic Treatment", written in Malayalam. The Ayurvedic system of treatment has been the most popular in Kerala where innumerable original works on the subject are available. The present work is based on a paper manuscript D. No. 213 in the Government Oriental Manuscripts Library, Madras, which was transcribed from a palm-leaf manuscript kindly lent by Kavalappara Mooppil Nayar in the year 1927–28.

Unfortunately this paper manuscript is full of transcriptional errors, not to speak of the omissions and commissions. The correct readings have been given wherever possible but the places of omissions have been left blank as it was not possible to get another manuscript for comparison and verification.

The manuscript was defective after the 7th chapter. Each chapter up to the 7th ended with a stanza denoting the end of every chapter. But the eighth chapter has an abrupt ending where the usual stanza is found missing. Therefore it is presumed that the work is incomplete. However, in the paper manuscript, the transcriber has taken the liberty of giving a finishing touch of his own by writing that the 'treatise is over'. The *bona fides* of this statement of the transcriber is very much doubted as it is obvious from the very contents of the chapter that it is incomplete. All the miscellaneous topics found at the end of the original manuscript have been included under Chapter VIII.

This is a treatise on the treatment of the diseases of children. The eighth chapter ends with a discussion on the causes of various diseases of adults as well. This rare work will certainly be a good hand-book to all practising physicians in so far as it gives the causes and the diagnosis of all sorts of childrens' diseases and various prescriptions, Mantras and directives regarding the preparations of the medicines.

It is necessary to give a word of caution to those who may make use of this work. There are a few ambiguous terms used in this work and unless the correct connotation of those terms are known, both the practitioner and the patient may be put to difficulty.

Ambiguity of medical terms in Ayurvedic system is found in most of the treatises. Therefore, it requires on the part of the practising physicians, not only high integrity obtained by study, scholarship and experience, but also an effective aptitude for research to make himself sure of the *pros* and *cons* of the medicines prepared out of the prescriptions given in such treatises. It is hoped that this new work may throw some light in the field of study and research, provided an enthusiastic physician puts his efficient hand on it.

Neither the authorship nor the date of the book can be ascertained from the internal evidence. The language is not very antique. The author claims himself to be a dependent of Kavalappara Mooppil Nayar, whom he has described in this work as a ' handsome figure, of a charitable nature, a scholar and an expert in the system of Ayurvedic treatment '.

I am specially indebted to Sri M. P. Mukundan for having helped me in editing this work.

T. CHANDRASEKHARAN.

# വൈദ്യസാര സംഗ്രഹം.

ഗവമ്മേണ്ടു ഓറിയൻറൽ മാനസ്ക്രിപ്ററ്സ് ലൈബ്രറിയിൽ D 213-ാം നമ്പറായി സൂക്ഷിച്ചിട്ടുള്ള ഒരു കയ്യെഴുത്തു ഗ്രന്ഥമാണു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു്. ഈ കയ്യെഴുത്തുഗ്രന്ഥം കവളപ്പാറ മൂപ്പിൽ നായരുടെ കയ്യിൽനിന്നു് ലഭിച്ച ഒരു താളിയോല ഗ്രന്ഥം 1927-28 ൽ പകൎത്തിയതാണു്. വൈദ്യവിഷയകമായ വിവിധ ശാസ്ത്രങ്ങളിൽനിന്നും എടുത്തിട്ടുള്ള പല പ്രധാന സംഗതികളുടേയും ഒരു സംഗ്രഹമാണിതു്. ഗ്രന്ഥ പാതങ്ങളും അക്ഷരപ്പിഴകളും ധാരാളം കാണുന്നുണ്ടു്. കഴിയുന്നത്ര അവ പരിഹരിക്കാൻ ഈ പ്രസിദ്ധീകരണത്തിൽ പരിശ്രമിച്ചിട്ടുണ്ടു്. 27, 28 എന്നീ പേജുകളിൽ കാണുന്ന അതിസാരനിദാനം 43, 44 എന്നീ പേജുകളിലും 44-ാം പേജിൽ പ്രതിപാദിച്ചിരിക്കുന്ന അശോനിദാനം 52-ാം പേജിലും ആവൎത്തിച്ചുകാണുന്നു. അദ്ധ്യായവിഭജനത്തിലും ചില വൈകല്യങ്ങൾ ഇല്ലാതില്ല. ഏഴാമദ്ധ്യായം വരെ കുഴപ്പമില്ല. എട്ടാമദ്ധ്യായം അവസാനിക്കുന്നതു ചില മന്ത്രങ്ങളും യന്ത്രങ്ങളും കാണിച്ചു്, അപസ്മാര കാരണങ്ങൾ പറഞ്ഞു, കൊണ്ടാണു്. അദ്ധ്യായപരിസമാപ്തിയൊ ഗ്രന്ഥ വിരാമമൊ സൂചിപ്പിച്ചിട്ടില്ല. ഏഴദ്ധ്യായങ്ങളും ഓരോ സമാപ്തിസൂചകങ്ങളായ ശ്ലോകങ്ങൾകൊണ്ടു് അവസാനിപ്പിച്ച ഗ്രന്ഥകാരൻ എട്ടാമദ്ധ്യായത്തിൽ മാത്രം ഈ അനൌചിത്യം പ്രകടിപ്പിച്ചതിൻെറ അൎത്ഥം മനസ്സിലാകുന്നില്ല. ഗ്രന്ഥാവസാനത്തിൽ "വൈദ്യസാരസംഗ്രഹം സമാപ്തം" എന്നെഴുതികാണുന്നതു് പകൎപ്പെഴുത്തുകാരൻെറ വകയായിരിക്കാനെ വഴിയുള്ളു. ശരിയായ സമാപ്തി കാണാത്തതുകൊണ്ടു് ഈ ഗ്രന്ഥം അപൂൎണ്ണമാണു്. ഏഴാമദ്ധ്യായത്തിന്നു് ശേഷമുള്ള എല്ലാ ഭാഗങ്ങളും എട്ടാമദ്ധ്യായമായി ചേൎത്താണു് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു്.

ഇതിലെ മുഖ്യമായ പ്രതിപാദ്യം ബാലചികിത്സയാണു്. അവസാന അദ്ധ്യായത്തിലുള്ള കുറെ നിദാനങ്ങൾ എല്ലാവരേയും ഉദ്ദേശിച്ചിട്ടുള്ളതാണു്. ഓരോ അദ്ധ്യായത്തിലും പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ ചുരുങ്ങിയ വിവരണമാണു് താഴെ കൊടുക്കുന്നതു്.

## ഒന്നാമദ്ധ്യായം.

ഗർഭസംബന്ധമായ സാരാംശങ്ങൾ, അതാതു മാസത്തിൽ ഗർഭരക്ഷക്കു ചെയ്യേണ്ട ചികിത്സകൾ, മന്ത്രങ്ങൾ മുതലായവ, സുഖപ്രസവത്തിനുള്ള ഉപായങ്ങൾ, പ്രസവാനന്തരം മാതാവിനു വേണ്ട രക്ഷോപായങ്ങൾ ഇവയൊക്കെയാണു് ഈ അദ്ധ്യായത്തിലെ വിഷയങ്ങൾ.

## രണ്ടാമദ്ധ്യായം.

ഇതിൽ ബാലോപചാരങ്ങൾ, പ്രബോധകങ്ങളായ കർമ്മങ്ങൾ, സൂതിക്ലേശമില്ലാതാക്കാനുള്ള മരുന്നു്, മന്ത്രം മുതലായവ, നാഭിനാളം മുറിക്കുക, വ്രണരോപണം ചെയ്ക, പിറവിയിൽതന്നെ ഗുദദ്വാരാദിയില്ലെങ്കിൽ വേധനം ചെയ്ക എന്നിങ്ങിനെ പലതും വിവരിച്ചിരിക്കുന്നു. കൂടാതെ, സ്തന്യമില്ലെങ്കിലും കുറഞ്ഞാലും ധാത്രിദ്വാരാ ബാലസംരക്ഷണം, സ്തന്യനാശ ഹേതു, സ്തന്യവർദ്ധനോപായങ്ങൾ, വർജ്ജ്യങ്ങളായ സ്തന്യങ്ങൾ, ചില ബലികർമ്മങ്ങൾ, കർണ്ണവേധം, പല്ലുണ്ടാകുമ്പോൾ വേണ്ട ചികിത്സകൾ മുതലായവയും ഇതിലെ ഉള്ളടക്കമാണു്.

## മൂന്നാമദ്ധ്യായം.

ബാലന്മാരുടെ ത്രൈവിദ്ധ്യം, സ്തന്യപരിശീലനം, ത്രിദോഷദുഷ്ടമായ സ്തന്യത്തിന്റെ ലക്ഷണം എന്നീ വിഷയങ്ങളാണു് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യങ്ങൾ.

## നാലാമദ്ധ്യായം.

മററു ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള വ്യാധികൾ, ഔഷധങ്ങൾ, മന്ത്രങ്ങൾ മുതലായവയും, ജനിച്ചു മുതൽ പതിനാറു് വയസ്സുവരെ ഉണ്ടാകുന്ന ബാലപീഡകൾ, ബാലഗ്രഹണി, പറങ്കി, പലവിധം വ്രണങ്ങൾ, കുരുക്കൾ എന്നിവയുടെ ലക്ഷണങ്ങളും ചികിത്സകളും ഈ അദ്ധ്യായത്തിലടങ്ങിയിട്ടുണ്ടു്.

## അഞ്ചാമദ്ധ്യായം.

കഴുത്തിലും, കഴുത്തിന്നു് മേല്പോട്ടുമുണ്ടാകുന്ന കുരുക്കൾക്കും, കണ്ണു്, മൂക്കു്, വായ എന്നിവകൾക്കും, വൃദ്ധി മുതലായ വീക്കം, പലതരം പുണ്ണു് മുതലായവകൾക്കും വേണ്ട ചികിത്സകളാണു് അഞ്ചാം അദ്ധ്യായംകൊണ്ടു വിവരിക്കുന്നതു്.



## ആറാമദ്ധ്യായം.

ബാലന്മാൎക്കുണ്ടാകുന്ന ജ്വരം, മേച്ചോപ്പു്, അർശസ്സു്, കൃമി, ഗ്രഹണി മുതലായവക്കു് ചികിത്സയും, സ്തന്യത്തിന്റെ പ്രാധാന്യതയും ഇതിൽ അടങ്ങിയിരിക്കുന്നു.

## ഏഴാമദ്ധ്യായം.

ദേവതാ ബാധയില്ലാതിരിക്കാൻ വേണ്ട ധൂപദീപാദികളും, മന്ത്രങ്ങളും പല ദേവതകളുടേയും ലക്ഷണങ്ങളും പേരുകളും ഇതിൽ പറഞ്ഞിരിക്കുന്നു.

## എട്ടാമദ്ധ്യായം.

പക്ഷിപീഡ, മണ്ണുതിന്നുക, അപസ്മാരം എന്നിവകൾക്കുവേണ്ട യന്ത്രങ്ങളും, മന്ത്രങ്ങളും, ഔഷധങ്ങളും, പല രോഗങ്ങളുടെ നിദാനങ്ങളുമാണു് ഇതിലുള്ളതു്. ഇത്രത്തോളംകൊണ്ടു് ഗ്രന്ഥം അവസാനിക്കുന്നു.

## ഭാഷ, കവി, കാലം.

ഈ ഗ്രന്ഥത്തിൽ ദീപ്യം, ദാർവ്വി. ജട എന്നിങ്ങനെ നാനാർത്ഥകങ്ങളായ പദങ്ങളും ഔഷധയോഗങ്ങളുടെകൂടെ പ്രയോഗിച്ചുകാണുന്നുണ്ടു്. ആവക പദങ്ങൾക്കു ഗ്രന്ഥകർത്താവു്, താൻ ഉദ്ദേശിച്ച അർത്ഥം ഗ്രന്ഥത്തിൽതന്നെ നിർദ്ദേശിച്ചിരുന്നുവെങ്കിൽ, ഔഷധം മാറി സേവിക്കുന്നതുകൊണ്ടുള്ള അനിഷ്ടസംഭവങ്ങളിൽനിന്നു രക്ഷ നേടുവാൻ സഹായകമാകുമായിരുന്നു. ഈ പ്രസിദ്ധീകരണത്തിൽ ആ വിധത്തിലുള്ള നാനാർത്ഥകങ്ങളായ പദങ്ങൾക്കു അവയുടെ ഗുണാംശങ്ങളെ അടിസ്ഥാനമാക്കി സമുചിതമെന്നു തോന്നുന്ന അർത്ഥം ടിപ്പണിയായി കൊടുത്തിട്ടുണ്ടു്. എങ്കിലും അവയുടെ സാധുത നിശ്ചയിക്കാൻ ഉപരിഗവേഷണങ്ങൾ വേണ്ടിയിരിക്കുന്നു.

പദ്യരൂപേണയുള്ള ഈ ഗ്രന്ഥത്തിൽ ഗ്രന്ഥകാരനു വൃത്തപരിധിയിൽ ഒതുങ്ങേണ്ടിവന്നതിനാൽ ഗ്രാമീണപദങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ടു്. ഭാഷയെ സംബന്ധിച്ചു പറയത്തക്ക പഴക്കമൊന്നും പറഞ്ഞുകൂടാ. കർത്താവാരാണെന്നു സ്പഷ്ടമായി അറിയുവാൻ ഒരു വഴിയും കാണുന്നില്ല. ഒന്നു മുതൽ ആറു വരെയുള്ള അദ്ധ്യായങ്ങളുടെ അവസാന ശ്ലോകങ്ങളിൽനിന്നു് സുന്ദരനും,

സുശീലനും, വിദ്വാനും, ആയുർവ്വേദാഭിജ്ഞനുമായ ഒരു കവളപ്പാറ മൂപ്പിൽ നായരുടെ കല്പനപ്രകാരം അദ്ദേഹത്തിന്റെ സേവകന്മാരിലൊരാൾ എഴുതിയതാണിതെന്നുമാത്രം മനസ്സിലാക്കാം. ഇത്തരമൊരു മൂപ്പിൽ നായരുടെ കാലമേതാണെന്നു അറിഞ്ഞാൽ മാത്രമെ അതിനെ അവലംബിച്ചു കവിയുടെയും ഗ്രന്ഥത്തിന്റെയും കാലാദികൾ അറിയുവാൻ കഴികയുള്ളു.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ പ്രൂഫ് തിരുത്തിയും മറ്റും സഹായിച്ച ശ്രീ എം. പി. മുകുന്ദനോട് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ടി. ചന്ദ്രശേഖരൻ.

# വൈദ്യസാരസംഗ്രഹം

ഗുരുപാദാരവിന്ദത്തെ
വിരവോടു വിചിന്ത്യ ഞാൻ
ചുരുക്കീട്ടഥ ചൊല്ലുന്നേൻ
സാരം ഗർഭസമുത്ഭവം.

തീണ്ടായിരുന്ന നാലാന്നാൾ കുളിച്ചാലന്നുതൊട്ടപി
പതിമൂന്നുദിനം പിന്നെ ഗർഭോല്പാദനകാലമാം.
നാരീപുരുഷസംയോഗം ചെയ്തീടിലദ്ദിനങ്ങളിൽ
ശുക്ലം പതിക്കുമപ്പോഴെ ഗർഭപാത്രത്തിൽ നിർണ്ണയം.
രക്തവും വീഴുമപ്പോഴെ അതിലൊ ഭേദമുണ്ടുപോൽ
ശുക്ലമേറീട്ടുവന്നാലോ പുത്രനെന്നതറിയണം
രക്തമേറീട്ടു വന്നാലൊ പുത്രിയെന്നതറിയണം
തുല്യതാ ശുക്ലരക്താനാം വന്നുവെങ്കിൽ നപുംസകം
പിന്നെയേകദിനംകൊണ്ടു് ശുക്ലവും രക്തവും പുനഃ
തദാ കലലമായിട്ടു [1] വരും സലിലതൈലവൽ
പിന്നെയഞ്ചു ദിനംകൊണ്ടു് ബുൽബുദാകാരതുല്യമാം.
പുനഃ പഞ്ചദിനേനൈവ മാംസപിണ്ഡമതായ്‌വരും
അപ്പോഴെ പഞ്ചഭൂതാനാം തുല്യതാം വന്നിടും ദൃഢം.
പിന്നെയഞ്ചു ദിനംകൊണ്ടു് രക്തപിണ്ഡമതായ്‌വരും
തതോ ദശദിനംകൊണ്ടു് അങ്കുരിക്കുമതും തഥാ.
പിന്നെ ക്രമത്തിൽ മാതാവിന്നഗ്നിവായുബലത്തിനാൽ
നാലുനാൾകൊണ്ടുടൻ ശക്തിജാതമാമങ്കുരത്തിന്നു്.
ശിരസ്സാം ഗ്രീവയും സ്കന്ധം പൃഷ്ഠഞ്ചോദരവും തഥാ
രണ്ടാംമാസത്തിലുണ്ടാകുമന്നുവേണ്ട ചികിത്സകൾ
[2] കല്ലുരുവഞ്ഞിതൻ വേരും ശതാവരിടെ കന്ദവും
എള്ളും പാലിലരച്ചിട്ടു ഗർഭരക്ഷാർത്ഥമായതു്
ഏകാക്ഷരി ജപിച്ചിട്ടു് സേവിപ്പിക്കുക വേണ്ടതു്.
മൂന്നാംമാസത്തിലൊ പിന്നെ കൈകാലും പാർശ്വഭാഗവും

[1] രജസ്സിന്റേയും വീര്യത്തിന്റേയും സംയോഗത്താലുണ്ടാകുന്ന ഗർഭപിണ്ഡം.

[2] ഇതു് കല്ലുവഞ്ചി എന്നു പറയപ്പെടുന്ന മൂത്രവിരേചനീയ ദ്രവ്യമാണെന്നു തോന്നുന്നു. വസ്തിശുദ്ധിയെ ചെയ്യുന്നതാണല്ലൊ ഇവിടെ മുഖ്യമായി വേണ്ടതു്.

കടിപ്രദേശവും പിന്നെ ജാനുക്കളുമത്തും തഥാ
ഉണ്ടായിട്ടും തദാവേണ്ടും ചികിത്സ പറയുന്നു ഞാൻ
അമൃതിൻവേരുവുമട(മ)[പ]തിയത്തിൻെറ മൂലവും
ചെങ്ങ[ഴി]നീക്കിഴങ്ങും പിന്നെ നന്നാറിയുടെ മൂലവും
പാലുംകൂട്ടി അരച്ചിട്ടു ഗർഭരക്ഷാർത്ഥമായതു്
മൃത്യുംജയത്ര്യക്ഷരത്തെ ജപിച്ചങ്ങു കൊടുക്കുക.
നാലാംമാസത്തിലൊ പിന്നെ ശ്രോത്രഘ്രാണങ്ങൾ ശബ്ദവും
കചങ്ങളും പിന്നെയുണ്ടാമന്നുവേണ്ട ചികിത്സകൾ.
ഓരിലാവേരു നന്നാറി തന്മൂലവുമരത്തയും
എരട്ടിമധുരംചാപി പിന്നെ താമരയല്ലിയും
പാലുംകൂട്ടിയരച്ചിട്ടു് ഗർഭരക്ഷാർത്ഥമായതു്
ചതുരക്ഷരിഗോപാലം ജപിച്ചങ്ങു കൊടുക്കുക.
അഞ്ചാംമാസത്തിലുണ്ടാകുമംഗാനാം സർവ്വസന്ധികൾ
സർവ്വാംഗുളികളും പിന്നെ ചൈതന്യം വരുമന്നുതാൻ.
രക്ഷാർത്ഥമന്നുവേണ്ടിടും ചികിത്സ പറയുന്നു ഞാൻ.
കുമിഴിൻവേരുതന്മേലെ തോൽകളഞ്ഞിട്ടതും പുന:
നാല്പാമരമതിൻമൊട്ടും അരച്ചു ഘൃതസംയുതം
പഞ്ചാക്ഷരം ജപിച്ചിട്ടു് സേവിപ്പിക്കുകവേണ്ടതു്.
ആറാംമാസത്തിലൊ പിന്നെ നേത്രവും ഗന്ധവും തഥാ
നഖങ്ങളും ഗുഹ്യഭാഗം അസ്ഥിയും രക്തവും പുന:
ഇക്കണ്ടതൊക്കെയുണ്ടാകുമന്നുവേണ്ട ചികിത്സകൾ
ദശപുഷ്പമതിൻവേരും ഗോരോചനവുമെന്നിവ
പാലുകൂട്ടിയരച്ചിട്ടു മന്ത്രം ശ്രീരാമനാമകം
ജപിച്ചങ്ങു കൊടുക്കേണം ഗർഭരക്ഷാർത്ഥമന്നുപോൽ.
ഏഴാം മാസത്തിലൊ പിന്നെ കണ്ണങ്ങൾക്കധരന്ധ്രവും
കേശരോമങ്ങളും മാംസം മേദസ്സും മജ്ജയും തഥാ.
ശുക്ലവും നാഡികൾപിന്നെ ഞരമ്പുകളുമെന്നിവ
പ്രാണങ്ങളും പിന്നെയുണ്ടാമുപപ്രാണങ്ങളും തഥാ.
സിരാശ്രയങ്ങളായിട്ടു് ത്രിദോഷങ്ങളതുംവരും
ത്രിദോഷതുല്യതാ വന്നാൽ ബലമുണ്ടാകുമപ്പൊഴെ.
അസ്ഥിബന്ധങ്ങളായിട്ടു് ഞരമ്പുകളതും വരും
തദാതപശ്ശോഷിതം ദേഹം [1] ജരായുച്ഛന്നമായ്‌വരും.

[1] മറു പിള്ളയെന്നർത്ഥം. ഗർഭം വെളിയെ വന്നാൽ ജീർണ്ണിക്കുന്നതെന്നാണു് ജരായുശബ്ദത്തിന്നു് ശബ്ദാർത്ഥം.



രക്ഷാർത്ഥമന്നുവേണ്ടീടും ചികിത്സ പറയുന്നു ഞാൻ
കാട്ടുഴുന്നിനുടെ വേരും ബലാമൂലം ഞെരിഞ്ഞിലും
അരച്ചു പാലുകൂട്ടീട്ടു് ശാന്തിദുർഗ്ഗേടെ മന്ത്രവും
ജപിച്ചിട്ടതു നന്നായിസ്സേവിപ്പിക്കുക വേണ്ടതു്.
എട്ടാം മാസത്തിലൊ പിന്നെ മേധോപസ്ഥാദിസർവ്വവും
ലാലയും മൂത്രവും സ്വേദം ശുക്ലപാത്രവുമെന്നിവ.
ക്ഷുത്തൃഷ്ണാ നിദ്രയാലസ്യം സംഗവും പുനരേവച
ഇതൊക്കെയുണ്ടാമമ്മാസെ അന്നുവേണ്ട ചികിത്സകൾ
മുത്തങ്ങമൂലവും പിന്നെ സരോജവളയം തഥാ
മുന്തിരിങ്ങപ്പഴം കൂട്ടിയരച്ചു പഞ്ചതാരയും
കൂട്ടിപ്പാലിൽ കലക്കീട്ടു് അഷ്ടാക്ഷരി ജപിച്ചതു്
സേവിപ്പിച്ചീടുകമ്മാസെ വിശേഷാലുണ്ടൊരു ബലി.
ജലപൂരണ ചെയ്തിട്ടു് ദേവതാശുദ്ധിചെയ്തഥ
ജലാദികജലാന്തഞ്ച പൂജചെയ്തിട്ടനന്തരം
പാദ്യാർഘ്യാദികൾ ചെയ്തിട്ടു് നിവേദ്യമതിനുളളതു്
അവിലും മലരും പിന്നെ തവിടുമരിവറുത്തതും
മഞ്ഞക്കുറുതിയുംപിന്നെ പാലും പൊടിയുമെന്നിവ
ഇച്ചൊന്നതൊക്കെ വെവ്വേറെ ഇരുന്നാവൂരി വേണമെ
ഇളനീർ മൂന്നുകൂട്ടീട്ടു് നിവേദിച്ചഥ സാദരം
ദേവതാരക്ഷചെയ്തിട്ടു് വാമഭാഗത്തു പിന്നെയും
മുക്കോണായ് മെഴുകീട്ടപ്പോൾ വെക്കാ മൂന്നു നറുക്കില.
അതിലക്ഷതമിട്ടിട്ടു് ജലാദികജലാന്തമായ്
പൂജിച്ചു പീഠമാവാഹിച്ചീടുക വിധിവത്തദാ.
ഈശ്വരൻതന്നെയാവാഹിച്ചീശ്വരാപാദസന്നിധൌ
ശരീരത്തിലിരിക്കുന്ന ദേവതതന്നെയങ്ങതിൽ
ആവാഹിച്ചിട്ടു വിധിവൽ പൂജിച്ചീടുക സാദരം.
തിരിമൂന്നുകുളുത്തിട്ടു് വെച്ചീടുക യഥാവിധി
പാലും പൊടിയതിൽ വീത്തി മഞ്ഞക്കുറുതിയും തഥാ
അവിലും മലരുംപിന്നെ തവിടുമരിവറുത്തതും
ഇതൊക്കെയതിലിട്ടിട്ടു് ഇളനീർ വീഴ്ത്തിയങ്ങതു്
നിവേദ്യമെന്നു കല്പിച്ചു് ഗന്ധക്ഷാദികൾ ചെയ്തഥ.
ഷോഡശഖണ്ഡമിട്ടിട്ടു് വെലികൂട്ടിയതിൽ പുന:
ഖണ്ഡത്തിലൊക്കെയോരോരോ നറുക്കിലകൾവെച്ചഥ

അതിലക്ഷതമിട്ടിട്ട് അവിലും തവിടും മലർ
വറുത്തോരരിയും പിന്നെ വിതറീട്ടു യഥാവിധി
ഷോഡശം തിരിയുണ്ടാക്കി കൊളുത്തിവെച്ചു പിന്നെയും
ഷോഡശം പന്തവും കുത്തി പൂജിച്ചു വിധിവത്തഥാ
വെള്ളരിനിവേദ്യം കൊണ്ടു നിവേദിച്ചഥ സാദരം
ലിപിമന്ത്രം മൂലമാക്കി പൂജിച്ചിട്ടു യഥാവിധി
കവിസ്ഥാദികമാം മന്ത്രം ജപിച്ചും കൊണ്ടു സാദരം.
ഉഴിക കൈവലി നന്നായ് നൂറെറട്ടു പരിവൃത്തിയായ്
ഇട്ടീടരുത് ദേഹത്തിൽ തണ്ഡുലം മാത്രവും തഥാ
ഉഴിഞ്ഞങ്ങുടനെ പാലച്ചുമട്ടിൽത്തന്നെ വെച്ചുടൻ
പാലതൻമുകളിൽക്കൂപ്പോം കയററീടുക സാദരം.
പെററിട്ടു നാല്പത്തു ദിനം കഴിഞ്ഞാൽ ബലിപൂജകം

ചെയ്തുകൊള്ളാമത്രനാളും ബാധിക്കരുതു പിള്ളയെ.
ഈ ശരീരത്തിലും പിന്നെ ബാധിക്കാതെയിരിക്കണം.
ഈവണ്ണം തൊഴുതിട്ടപ്പോൾ പ്രാർത്ഥിക്ക വഴിപോലവെ
നവമെ മാസി പിന്നെയും ധാവനം വല്ഗനം തഥാ

സ്ഥാനഞ്ചാകുഞ്ചനഞ്ചൈവ പ്രസാരണമതും പുന:
(ഭോ)[രോ]ഷം ഭയഞ്ച ലജ്ജാച മോഹവും പുനരേവച
ഇതൊക്കെയുണ്ടാമമ്മാസെ നാഭിരന്ധ്രേണ ജീവനം
മാതൃഭുക്താന്നസാരത്തെ ഉപജീവിച്ചുടൻ തഥാ
ജന്മജന്മാന്തരത്തിങ്കൽ വിഷ്ണുഭക്തി ഭവിക്കണം.
ഈവണ്ണം ജന്താനമുണ്ടായി ദു:ഖിച്ചങ്ങു വസിച്ചിട്ടും
അമ്മാസെ വേണ്ടിവന്നീടും ചികിത്സ പറയുന്നു ഞാൻ.
ബ്രഹ്മിയും ചന്ദനഞ്ചാപി പാലിൽ നന്നായരച്ചതു്.
ജപ്ത്വാ സന്താനഗോപാലം സേവിപ്പിക്കുകവേണ്ടതു്.
പത്താംമാസം പിറന്നാലൊ ഗർഭവൃത്തിവരും തഥാ.

കൊട്ടത്തേങ്ങയുടേ പാല് കുറുക്കീട്ട് കുടിക്കുക
വെള്ളരിക്കയിടിച്ചിട്ട് പിഴിഞ്ഞ ജീരകം തഥാ
എരട്ടിമധുരംചാപി കല്ക്കമായിട്ടു കൂട്ടിയ
നെയ്യ് കാച്ചീട്ട് സന്താനഗോപാലം മന്ത്രവും തഥാ
ജപിച്ചിട്ടതു സേവിക്ക ദശമെ മാസി സാദരം.
സൂതിക്ക് കാലവും വന്നു പത്താംമാസത്തിൽ നിർണ്ണയം
ഇടയിൽ ഛിദ്രമുണ്ടായാൽ സൂതിക്കോ താമസം വരും.



ബാലൻ തലയടച്ചിട്ടു യോനിയിൽ വന്നിരിക്കിലൊ

തൽക്കാലമായി വേണ്ടീടും ഭേഷജാദികം ചൊല്ലുവൻ.
കറിത്തകരതൻവേരും പറിച്ചു ചെവിരണ്ടിലും
വിരവോടതു കെട്ടീടിൽ നാരീ ശീഘ്രം പ്രസൂയതെ
ലക്ഷണം നോക്കുവാനുണ്ട് പറിക്കുമ്പോളറിയണം.
വേരുമൊന്നാകിലൊ പുത്രൻ രണ്ടാകിൽ പുത്രിയാം ദൃഢം.
പറിക്കുമ്പോളതും പിന്നെ മുറിഞ്ഞീടിലസൽപ്രജ.
പരത്തിയിലയും നന്നായരച്ചു വഴിപോലവെ
വയിററത്തതു തേച്ചീടിൽ നാരീശീഘ്രം പ്രസൂയതെ
ഗജകാഷ്ഠോത്ഭവം സൂനം മർദ്ദയേദുഷ്ണവാരിണാ
ശിരോരുഹന്നാഭിദേശസ്ഥോ നാരീശീഘ്രം പ്രസൂയതെ.
വിലോമയാ മാതൃകയാ തൈലമാമന്ത്ര്യലേപയേൽ
ശിരോരുഹന്നാഭിദേശസ്ഥോ നാരീശീഘ്രം പ്രസൂയതെ.
പെററാൽ മാതാവിനുള്ളോരു ചികിത്സ പറയുന്നു ഞാൻ

ഒഴക്കുള്ളിക്കു പാവിട്ടത്തളിർ നാലു കഴഞ്ചപി
കഴഞ്ചു രണ്ടാം മുളകു കഴഞ്ചൊന്നപി മഞ്ഞളും
ഇവയൊക്കെയരച്ചിട്ട് സേവിക്കാമെണ്ണയിൽ തഥാ
ചിലരെണ്ണക്കയ വയ്ക്കായിൽ മോരിലാവാമതും തഥാ.
ബലാബലം വിചാരിച്ച് ചെയ്തുകൊള്ളേണമൊക്കയും
ഉള്ളിക്കുടം പിന്നെയൊന്ന് തൊലിച്ചിട്ട് ചതച്ചതു്.
ഒഴക്കെണ്ണയിൽ മൂപ്പിച്ച് സേവിക്കാമെണ്ണയും തഥാ.
നാഴിയൊന്നോ പിന്നെ മൂന്നോ സേവിച്ചിട്ടു യഥാബലം.
കടുകെണ്ണയുടെ യോഗം ചുരുക്കിപ്പറയാമിനി

മഞ്ഞളും മുളകും പിന്നെ കടുകുഞ്ച യഥാക്രമം
കഴഞ്ചു രണ്ടുനാലെട്ടാമൊക്കെക്കൂട്ടിയരച്ചതു്
കലക്കീട്ടെണ്ണയിൽ പിന്നെ കഴിഞ്ഞാൽ മൂന്നുവാസരം
നാലാംദിനേച സേവിക്ക ബലാബലമറിഞ്ഞതും.
കടുകപ്പമതാക്കീട്ടുമാവാമെന്നുണ്ടുപക്ഷവും
തടിയിൻെറ വേദനക്കു തുമ്പപ്പൂവിട്ടപാലതു്
കുറുക്കീട്ടു കുടിച്ചീടിൽ വേദന നഷ്ടമായ്‌വരും.
മുക്കുടിക്കുള്ള യോഗം ഞാൻ ചുരുക്കീട്ടു പറഞ്ഞിടാം

പുല്ലാനി പേഴ പാവിട്ട ഞാറയും ചെറുകൊട്ടയും

കൂൾക്കിലയും താർതാവൽ ഇവ പത്രങ്ങളൊക്കയും
ഇടിച്ചിട്ടു പിഴിഞ്ഞുള്ള നീരും വേണമിടങ്ങഴി.
ഗോമൂത്രവും പിന്നെ വേണം ഇരുനാഴിയത്തും തഥാ
ചെറുനാരങ്ങ തൻനീരും വേണം നാഴിയതിൽ പുന:
തവിഴാമയുടെ വേരും കൊടിത്തൂവ്വേടെ വേരത്തും
ആവണക്കിനുടെ വേരും കൊടുവേലീടെ മൂലവും
നെല്ലനക്കിഴങ്ങും പിന്നെ അരിയാറ [1] ജമോജവും
ചെന്തെങ്ങിൻ പൂക്കുല പിന്നെ ഇവ ഓരോ കഴഞ്ചപി.
കരിവേപ്പിലയും വേണം രണ്ടുപത്തു കഴഞ്ചപി.
ഈ മരുന്നുകളൊക്കേയും മൂന്നിടങ്ങഴി വെള്ളവും
ഇടിച്ചിട്ടു പിഴിഞ്ഞുള്ള നീരിൽക്കൂട്ടീയതിൽപുന:
പുഴുങ്ങീടുകനന്നായി വെള്ളവും വററിയാൽ പുന:
വഴിപോലെയരച്ചിട്ട് നാലിടങ്ങഴി മോരില്
കലക്കീ തിയ്യിൽ വെച്ചിട്ട് കുറുക്കിട്ടതുസാദരം
രണ്ടിടങ്ങഴിയാക്കീട്ട് ഒഴക്കിശ്ശ എടുത്തത്
ഇന്തുപ്പ് മേമ്പൊടിയായ് സേവിക്ക രണ്ടുനേരവും
കൂട്ടിയുണ്ണകയും പിന്നെ ചെയ്യുകൊള്ളേണമായത്.
മേൽപകർന്നീടുവാൻ പിന്നെ വെള്ളം വെക്കേണ്ടതിങ്ങിനെ
[2] വേഴിൻെറയിലയും തോലും മഞ്ഞളും പിന്നെയിട്ടുടൻ
വെള്ളം വെക്കേണമീവണ്ണമറിഞ്ഞീടുകസാദരം.
ഇപ്രകാരം ചെയ്യുകൊണ്ടാൽ പ്രസവംകൊണ്ടുജാതമാം
ആലസ്യമൊക്കയും തീരും മാതാവിന്നതുനിണ്ണയം.

ചുക്കും തിപ്പലിയും പുരാണമരിചം
    കായം കരിഞ്ജീരകം.
[3] സിദ്ധാർത്ഥം കൊടുവേലി കാട്ടുമുളകും
    [4] ദീപ്യംതഥായോജയേൽ.
കാട്ടുതിപ്പലിയും വിച്ചൂണ്ണിതമിദം
    നീരുപ്പുനീററിൽ തരാം.

---

[1] കടകപ്പാലരി, കാർകോലരി, ചെറുപുന്നയരി, കൊത്തമ്പാലരി, ഏലത്തരി, വിഴാലരി ഇവയാറുംക്കൂടിയതാണ് അരിയാറ്.

[2] ഇതു ആരണ്യകവൎഗ്ഗത്തിൽ ചേൎന്ന മൂത്രവിരേചനീയ ദ്രവ്യമായ വേഴൽ ആയിരിക്കും.

[3] ആറദുവേരാല്.

[4] നാനാൎത്ഥകമായ ഈ പദത്തിന്നു പെരുഞ്ജീരകമെന്നൎത്ഥമാണിവിടെ വിവക്ഷിതമെന്നതോന്നുന്നു.



പുററുള്ളി പതിനാറുകേളിത്തുപലം
    സേന്തുപ്പുവിലപംതഥാ.
കൂൾക്കിൻ നീപ്പുളികാടിമോരൊടു സമം
    മൂന്നാഴിയും നാഴിയും
മൂന്നും ചൊന്നവയും കലക്കിയതിനെ-
    പ്പാത്രെ പുന: പാചയേൽ.
ദ്രവ്യാലേപനതാൻഗതാൻ പുനരിഹ
    കരീഷപ്രമാണം ലിഹേൽ
ഗ്ലന്മാനഷ്ടവിധാൻ നിഹന്തിഹിതഥാ
    ശൂലാന്ത്രവായ്വാമയാൻ.
ഉള്ളിയും കടുകുമെന്നിവയൊന്നും
    പററുകില്ല ജനനിക്കുമതെന്നാൽ
മററു നല്ലൊരു ചികിത്സയതുണ്ടു്
    പററുമായതു പറഞ്ഞിടുവൻ ഞാൻ
[1] ജീരകത്രയ വചാനിശായുഗൈ:
    പ്രാക്തനേന മരിചേന ദീപ്യകൈ:
ഷഡ്പലേന കൃത ചൂണ്ണമാപിബേൽ
    തപ്തതക്രകലിതം പ്രസൂവ്വധൂ:
അശീതി വാതരോഗേഷു ധാന്യാമ്ലം സംനിവേശയേൽ
ശുഭേമുഹൂത്തെ നക്ഷത്രെ സുഗൃഹെ കലശംന്യസേൽ.
തസ്മിന്നേതാംശ്ച സംഭാരാൻ നിക്ഷിപേന്മതിമാൻഭിഷക്
തണ്ഡുലസ്യ ദശപ്രസ്ഥം പൃഥുകസ്യ തഥൈവച
[2] കുലത്ഥസ്യ തഥാലാജാം ചത്വാരിംശൽ ന്യസേൽപുന:
ആഢകം [3] കണബീജാനാം [4] കോദ്രവസ്യ ചതണ്ഡുലാൽ
ചതു: പ്രസ്ഥം ക്ഷിപേൽപശ്ചാൽ ദ്വിപ്രസ്ഥം [5] നാഗ[രസ്യച
കംസാദന്തശഠാനാഞ്ച ദീപ്യകാൻ കുഡുബാഷ്ടകം. [6]
ഉഷ്ണോദകസ്യ ദ്വിശതപ്രസ്ഥം ക്ഷിപ്ത്വാതിരോദയേൽ.
തസ്യതദ്വാദനം ബദ്ധ്വാ പരിതോഗ്നിം പ്രവത്തയേൽ.
ആസപ്തമദിവസാദേവമഷ്ടമെ ദിവസെ പുന:
ധാന്യാമ്ലമസ്മാദാകൃഷ്യ പുനരുഷ്ണോദകംക്ഷിപേൽ.

---

[1] കരിഞ്ജീരകം, പെരുഞ്ജീരകം, ജീരകം. [2] മുതിര. [3] കണവീരമെന്നായിരിക്കും ശരിയായ പാഠമെന്നു തോന്നുന്നു. [4] വരക്. [5] ചുക്കെന്നായിരിക്കും വിവക്ഷ. [6] കുഡുബം—ഒരു അളവ്—നാലു പലം.

ആതുരം സ്നിഗ്ദ്ധസർവ്വാംഗം തഥാ തത്രാവഗാഹയേൽ.
മാത്രാണാം ഷട്സഹസ്രാണി പരമഃ കാല ഉച്യതെ.
യാവൽ പശ്യതി ഹസ്താഗ്രം ദക്ഷിണം ജാനുമണ്ഡലം.
നിമേഷോന്മേഷ മാത്രേണ സമം മാത്രാത്തു സാസ്മൃതാ.
ചൊന്നേൻ മാതാവിനുള്ളോരു ചികിത്സകളിതിങ്ങിനെ.
ബാലോപചാരം ചൊല്ലീടാം ചുരുക്കീട്ടു യഥാക്രമം.

വിദഗ്ദ്ധജനാംബുരുഹസഞ്ചയ സൂര്യനായ
സദ്വൃത്തിരഞ്ജിത സമസ്തമനുഷ്യനാകും
ഗണ്ഡാശ്മ ഭൂപതിയുടെ സമുദാജ്ഞയാ ഞാ-
നദ്ധ്യായമത്ര വിരവോടിതിനൊന്നു ചൊന്നേൻ.

ഇതി വൈദ്യസാരെ പ്രഥമോദ്ധ്യായഃ

## [രണ്ടാമദ്ധ്യായം.]

പെറ്റാലപ്പോഴെ ചെയ്യേണ്ടും പ്രകാരം പ്രഥമാപദെ
ഇന്തുപ്പും ഘൃതവും കൂട്ടി തേപ്പിപ്പ്വമാർജ്ജനാദിയാൽ
[1] ഉൽബശോധന ചെയ്തിട്ടു ബലാതൈലേന ബാലനെ.
സേചനം ചെയ്തുനീക്കേണം ക്ലേശം ബാലന്റെ സാദരം.
രണ്ടു കല്ക്കം കൂട്ടീട്ടു കർണ്ണമൂലേചകൊട്ടണം.
പ്രബോധകങ്ങളായുള്ളോരന്യ കർമ്മങ്ങൾ ചെയ്യണം.
ഉച്ചാരയേന്മഹാമന്ത്രം ദക്ഷിണശ്രവണെ പുനഃ
അംഗാദംഗാൽ സംഭവ (സി) [തി] ഹൃദയാദഭിജായതെ.
ആത്മാവൈപുത്രനാമാസി സജീവശരദശ്ശതം
ശതായുഃ ശതവർഷോസി ദീർഘമായുരവാപ്നുഹി.
നക്ഷത്രാണി ദിശോരാത്രി രഹശ്ച ത്വാഭിരക്ഷതു.
ഈവണ്ണമെല്ലാം ചെയ്തീടിൽ സൂതിക്ലേശം നശിച്ചിടും.
നാഭിനാളം മുറിക്കേണ്ടും പ്രകാരം പറയാമിനി.
പട്ടുനൂൽകൊണ്ടു സൂത്രത്തെയുണ്ടാക്കിയതുകൊണ്ടുടൻ
നാൽവിരൽ കണ്ടു മേല്പെട്ടു നാഭിനാളം വിബദ്ധ്യ ച
കണ്ഠത്തിലതുകെട്ടേണം മൂർദ്ധാധാരമതായൊരു
ശസ്ത്രംകൊണ്ടു മുറിക്കേണം കുഷ്ഠതൈലേന പിന്നെയും
നാഭിപ്രദേശെ തേച്ചിട്ടു ചെയ്യേണം വ്രണരോപണം.
തപ്തസ്വർണ്ണം തപ്തരൂപ്യമിവയിട്ടീഷദുഷ്ണമാം
നാല്പാമരകഷായേണ കുളിപ്പിക്കുക ബാലനെ.

[1] ഗർഭപാത്രത്തിൽ കിടക്കുന്ന പ്രജയെ പൊതിഞ്ഞിരിക്കുന്ന ചർമ്മം.



നാല്പാമരകഷായത്തിൽ പഞ്ചഗോശാലയിൻ പൊടി
ഇട്ടു നന്നു കുളിപ്പിപ്പാൻ ബാലാനാം ജീവരക്ഷണെ.
ചന്ദനാദികളായുള്ള ഗന്ധദ്രവ്യൈശ്ച യുക്തമാം
ജലംകൊണ്ടും കുളിപ്പിക്കാം പിന്നെ തജ്ജ്നിനികൊണ്ടുടൻ.
താലുനന്നായുയർത്തീട്ടു പിന്നെസ്സാദരമെണ്ണയിൽ
തുണിനന്നായ് നനച്ചിട്ടു വെച്ചീടുക ശിരസ്സിലും
ഗുദദ്വാരാദിയില്ലായ്കിൽ സൂചികൊണ്ടു വ്യധിക്കണം.

മേധായുർബ്ബലമുണ്ടാവാൻ ഭേഷജങ്ങൾ കൊടുക്കണം.
കാട്ടുവെള്ളരിയും ബ്രഹ്മി വയമ്പും ശംഖപുഷ്പിയും
ഇവനന്നായരച്ചിട്ടു തേനും നെയ്യുംചകൂട്ടുക.
[1] ഹരേണമാത്രമാക്കീട്ടു കൊടുക്ക മന്ത്രസംസ്കൃതം
പൊന്നും വയമ്പും ബ്രഹ്മീ ച കടുക്ക കൊട്ടവും പുനഃ
ഇവനന്നായ് പൊടിച്ചുള്ള ചൂർണ്ണം മധുഘൃതൈസ്സമം.
സേവിപ്പിക്കുകയുംവേണം പൊന്നും നെല്ലിക്കയും തഥാ
പൊടിച്ചുള്ളോരു ചൂർണ്ണത്തെ സേവിച്ചാലും ഫലം മതി
ഇന്തുപ്പും ഘൃതവും കൂട്ടിസേവിപ്പിച്ചിട്ടു ബാലനെ
ഗർഭോദകം വമിപ്പിക്ക വിരവോടല്ലയെങ്കിലൊ
ഹൃദ്രോഗാദികളുണ്ടാകും ബാലനുമത്തു നിർണ്ണയം.
ജാതകർമ്മാദി വിധിവൽ ചെയ്യിക്കേണം ഭിഷഗ്വരൻ.
പെറ്റാൽ സ്ത്രീകൾക്കു മൂന്നാന്നാൾ ആവോളം സ്തന്യമില്ല [പൊൽ
ഹൃദയസ്ഥകളായുള്ള സിരാണാം വിവരേണ ച
പിന്നെ സ്തന്യവുമുണ്ടാകും നാലാം നാളെങ്കിലും ധ്രുവം.
പഞ്ചമെ ദിവസെ സ്തന്യമുണ്ടാകുന്നെന്നു കേചന.
അത്രനാളേക്കു ബാലന്റെ രക്ഷോപായം പറഞ്ഞിടാം.
സ്വർണ്ണമിശ്രം മന്ത്രശുദ്ധം തേനും നെയ്യും ത്രികാലമായ്
കൊടുത്തു രക്ഷണം ചെയ്ക പ്രഥമെ ദിവസെ ശിശും
ദ്വിതീയേ ച തൃതീയേ ച ദിനേ മധുകസാധിതം
ഘൃതം കൊടുത്തു രക്ഷിക്ക ചതുർത്ഥേ ദിവസേ പുനഃ
തൽപാണിയിലടങ്ങുന്ന നവനീതം കൊടുക്കുക.
രണ്ടുനേരമതും പിന്നെ മുലപ്പാലും കൊടുക്കണം.

[1] വാൽ മുളക്.

അംഗപുഷ്ടികരം സ്തന്യം ജനനി തന്റെ നിർണ്ണയം
മാതാവിന്നു മുലപ്പാലു് കുറഞ്ഞിട്ടു വരികിലും
ഇല്ലാതെതന്നെ വന്നാലും രക്ഷോപായം പറഞ്ഞിടാം.

രണ്ടു ധാത്രികളെയപ്പോളുണ്ടാക്കീടുക വേണമെ
അവർ ജീവിച്ചിരിക്കുന്ന വത്സന്മാരോടു ചേരണം
അംഗഭംഗങ്ങൾ കൂടാതെ ജാതിയൊന്നായിരിക്കണം
ബ്രഹ്മചര്യാനിഷ്ഠയോടും രോഗം കൂടാതിരിക്കണം
പുത്രവാത്സല്യമുണ്ടായിട്ടിരിക്കേണം വിശേഷത:
ദോഷ പ്രകൃതി തുല്യത്വം യൌവനം പൂർണ്ണമാകയും
ദേഹബന്ധം കുറകയും ചിന്താശോകാദിയെന്നിയെ
അന്നപാനാദ്യതി ശ്രദ്ധ കൂടാതെയുമിരിക്കണം.
ഏവം ഭൃതകളായുള്ള ധാത്രീമാരെ വിശേഷത:
വിരുദ്ധാഹാരവും പിന്നെ രാത്രൌജാഗരണം തഥാ
പകൽ സുപ്തിയുമിത്യാദി വർജ്ജിപ്പിച്ചങ്ങിരുത്തണം.
ശോകം ക്രോധം തഥായാസ മുപവാസാദി ചെയ്കിലും
സ്തന്യനാശം ഭവിച്ചീടും സ്തന്യഹേതു പറഞ്ഞിടാം.

ഇക്ഷു മദ്യമൊഴിച്ചുള്ള മദ്യവും ക്ഷീരവും തഥാ
ക്ഷീരമുള്ളോരൌഷധങ്ങൾ ശോകാദികൾ വരായ്കയും
ആനൂപദേശഭൃതങ്ങളായുള്ളോരു രസങ്ങളും
ബാലസ്പർശനമിത്യാദി കർമ്മം സ്തന്യകരം വിദുഃ
വിരുദ്ധാഹാര ഭുക്തിശ്ച മോഹാലസ്യാദിയും ക്ഷുധാ
ഗർഭവും ധാതുദുഷ്ടത്വം ഇവയുള്ളോരു നാരിടെ
സ്തന്യം കുടിച്ചാൽ ബാലന്നു് രോഗമുണ്ടായ്വരും ധ്രുവം.

ധാത്രിമാരെ ലഭിക്കാതെ വന്നാൽ വേണ്ടതു ചൊല്ലിടാം.

ഹ്രസ്വമാം പഞ്ചമൂലത്തിൻ വേരുകൂട്ടിക്കുറുക്കിയ
ആട്ടിൻപാലു സിതായുക്തം കൊടുത്തു രക്ഷ ചെയ്യണം.
തഥാതുല്യം പശുക്ഷീരം കൊടുത്താലും ഫലംമതി
കേവലം മൂവ്വിലാവേരു കൂട്ടീട്ടാകിലതും മതി.
ആറാം രാത്രൌ വിശേഷേണ ബലിക്രിയകൾ ചെയ്യുടൻ.

ഉദയാന്തമുറങ്ങാതെ പിത്രാദികൾ മഹാദരം.
ബാലനെ രക്ഷചെയ്യേണം നിത്യാദധികമായുടൻ
ബലിക്രിയകളൊക്കെയും പറയാം മേലിൽ വിസ്തരാൽ.



ദശമേ വാ ദ്വാദശേ വാ ദിവസേ സ്വകുലോചിതം

പ്രസവിച്ചവൾ ചെയ്യേണം സൂതിസ്നാന മഹോത്സവം.
മനയോലരി താരഞ്ച ചന്ദനം രോചനാഗരു
ഇവ ബാലസ്യ ചാംഗേഷു ധരിപ്പിച്ച വിശേഷത:
ബാലന്നു നാമകരണം ചെയ്യിക്കേണം യഥാവിധി.

കിഴക്കോട്ടോ വടക്കോട്ടോ തലവെച്ചു കിടത്തുക
പിന്നെ ബാലന്നുമായുസ്സു മെത്രയുണ്ടെന്നു പണ്ഡിതൻ
ശാസ്ത്രപ്രോക്തമതായുള്ള ലക്ഷണം കൊണ്ടറിയണം.
ശിശുവിന്നു ശയിപ്പാനായ് ശയ്യയുണ്ടാക്കവേണമെ
അതിനിർമ്മലമായിട്ടു നനയാതെയുമുള്ളൊരു
വസ്ത്രം വേണം വിരിപ്പാനായ്, അതിലും ഭേദമുണ്ടുപോൽ
രക്ഷോഹരങ്ങളായുള്ള സർഷപാദികൾ കൊണ്ടുടൻ
ധൂപിച്ച ധൂമമേല്പിച്ച ഗന്ധമുണ്ടായിരിക്കണം.
ഇങ്ങിനെയുള്ള വസ്ത്രത്താൽ ചുളിയാതെ വിരിക്കണം.
സ്വയം മൃതസ്യ കാകസ്യ വസാദിർദ്ധൂപനെ ഹിതം.
ജീവിച്ചിരിക്കും [1] ഖഡ്ഗാദിമൃഗാണാം ശൃംഗങ്ങളാം
മണികൾ മുത്തിളം ശംഖപുഷ്പം [2] ജീവകമെന്നിവ.
ഔഷധങ്ങൾ ധരിപ്പിക്ക ശിരോഗ്രീവാ കരങ്ങളിൽ
വയമ്പതിൽ വിശേഷേണ ധരിപ്പിക്കേണമെപ്പൊഴും.
കർണ്ണവേധസ്യ വിധിയെ ചുരുക്കിപ്പറയാമിനി
ഷഷ്ഠേ വാ സപ്തമേ മാസേ ചാഷ്ടമേ വാ ഹിമാഗമേ

ശുഭമായ ദിനത്തിങ്കൽ പകൽ കുത്തുക കർണ്ണവും.
ധാത്രീടെ മടിയിൽതന്നെ രോഗമില്ലാത ബാലനെ

വെച്ചുകൊണ്ടു ഭിഷഗ്വര്യൻ സാന്ത്വനം ചെയ്തുമെല്ലവെ.
വാമഹസ്തേന കർണ്ണത്തെ പിടിച്ചന്യേന പാണിനാ
എടുത്തു സൂചിയെ ശീഘ്രം വേധിക്ക കർണ്ണവള്ളിയെ
വെയിലത്തു കാട്ടീട്ടു് സൂക്ഷ്മത്വക് ചർമ്മമായൊരു
ദേവകല്പിതരന്ധ്രത്തെ സൂക്ഷ്മമായിട്ടറിഞ്ഞുടൻ
തത്രലാക്ഷാരസംകൊണ്ടു ചിഹ്നമുണ്ടാക്കി വേണമെ
ഇളകാതെ പിടിച്ചിട്ടു് ദക്ഷിണം കർണ്ണമാദരാൽ
ഋജുവായിട്ടൊരിക്കൽ താൻ തെററാതെകണ്ടു കുത്തണം

[1] വാൾമാൻ മുതലായ മൃഗങ്ങൾ. [2] വേണം.

സ്ത്രീയാകിൽ വാമകർണ്ണത്തെ മുമ്പിൽ കുത്തുകവേണമെ.
അതിന്റെ രണ്ടു പുറമെ താഴെ കീഴെയരുതത്തു്.
തത്ര മൂന്നു ഞരമ്പുണ്ടു് ചൊല്ലാമവകൾ നാമവും
കാളികാ മർമ്മരീ രക്താ സിരാണാം നാമമിങ്ങനെ.

കുത്തുമ്പോൾ തത്ര തട്ടീടിൽ മന്യാസ്തംഭാപതാനകം.
രാഗം ദാഹഞ്ച സംരംഭം ശോഫം രുഗ്ജ്വരവും തഥാ
രോഗങ്ങൾ പലതുണ്ടാകു മെന്നാൽ വേണ്ടതു ചൊല്ലുവൻ
അതിന്നതിന്നു ചൊല്ലുന്ന ഭേഷജംകൊണ്ടു സാധയേൽ
സ്ഥാനത്തു കുത്തിയാൽ പിന്നെ രോഗമൊന്നും വരില്ലപോൽ.
സൂചിമൂലെച കോർത്തുള്ള സൂത്രം കർണ്ണെ നിധാപയേൽ
ചെയ്യേണമാമതൈലേന സേചനം പിന്നെയാദരാൽ
പാളിവിസ്താര മേറീടിൽ വ്യഥയെദാരയാ തഥാ
ക്രമേണ വലുതായുള്ള വർത്തികോർത്തു വളർത്തണം.
പിന്നെ ബാലന്നു ദന്തങ്ങൾ വന്നാൽ വേണ്ടതു ചൊല്ലുവൻ.

ക്രമാൽ സ്തന്യം കൊടുക്കാതെ പൂർവ്വോക്തം ക്ഷീരവും തഥാ
ലഘു പോഷണ മായുള്ളോരന്നവും പിന്നെയാദരാൽ
കൊടുത്തു രക്ഷചെയ്യേണം ബാലന്മാരെ യഥാവിധി.
എരട്ടിമധുരം തേനും മലരും പഞ്ചതാരയും
ഇവകൊണ്ടടയിട്ടിട്ടു് കൊടുക്കാം ദീപനത്തിനു്
താതിരിപ്പൂ പഞ്ചതാര മലർപ്പൊടിയുമെന്നിവ
അടയിട്ടുകൊടുക്കേണം മലസംഗ്രഹണത്തിനു്
രോഗങ്ങളെ ജയിക്കേണം ബാലാനാം സൌമ്യഭേഷജൈ:
അത്യാപത്തിങ്കലല്ലാതെ വിരേകമരുതേ ശിശോ:

പേടിപ്പിക്കരുതൊട്ടും താൻ ബാലന്മാരെയൊരിക്കലും
ശൌചഭ്രംശം താഡനഞ്ച മംഗളാചാരഹീനത
ഇവയുണ്ടായ്വരുന്നാകിൽ ബാധിക്കും ഗ്രഹമപ്പൊഴെ
വസ്ത്രം മുഖത്തു വീഴാതെ രക്ഷിക്കേണം വിശേഷത:
ധാത്രീമാതാക്കളല്ലാതെ സ്പർശിക്കരുതൊരുത്തരും.
ഉപവാസം വരുത്താതെ രക്ഷിച്ചീടുക സാദരം
തിപ്പലീ കടുകം ബ്രഹ്മീ നന്നാറീ കൊട്ടവും വചാ
ഇന്തുപ്പ മിവകൂട്ടിട്ടു് നെയ്യു കാച്ചികൊടുക്കിലൊ
വാക്കും ബുദ്ധിയുമായുസ്സും സ്മൃതിയും പാപനാശവും



ഗ്രഹോന്മാദ വിനാശഞ്ച വരും ബാലനു നിർണ്ണയം.
തിരുതാളി പറച്ചുണ്ട ത്രിഫലാ ച [1] വയസ്യയും
നന്നാറിയും കറുകയും വയമ്പും ബ്രഹ്മി പാഠയും
ബൃഹതീദ്വയവും പിന്നെ ദ്വിസ്ഥിരാ ദ്വിഹുനന്നവാ
പൂർവ്വാംകുറുന്തലയത്തും വെമ്പാട ഗിരിമല്ലിയും
ഇവ ഓരോപലംകൂട്ടി തോയകുംഭേ പചിക്കണം.
നാലൊന്നാക്കി കുറുക്കീട്ടു് ശേഷമുള്ള കഷായവും
വയമ്പിന്തുപ്പു കടുകം കണാകൊട്ട മരേണുകം
സാമന ത്രപനായുള്ള വത്സനോടഭിയുക്തമായ്
രോഗമില്ലാത ഗോവിന്റെ പാലുംകൂട്ടി യഥാവിധി

പുഷ്യേച നെയ്യു് നാനാഴി കാച്ചേണമിവകൊണ്ടുടൻ.
കാച്ചുമ്പോൾ സ്വർണ്ണവുംകൂട്ടി കാച്ചേണമതു സാദരം
സേവിപ്പിക്കുക തേപ്പിക്ക കുട്ടിയുണ്ണിക്ക ചെയ്യുിടിൽ
സ്മൃതി ബുദ്ധികളുണ്ടാകും രക്ഷോ വിഷവിനാശവും.

ഉണ്ടായ്വരും ഘൃതത്തിന്നു് നാമം സാരസ്വതം സ്മൃതം
വയമ്പും മുത്തിളും പഥ്യാശംഖപുഷ്പി ശതാവരി,
കാർകോകിലരിയും പിന്നെ ബ്രഹ്മീയമൃതുമെന്നിവ
ഒക്കയോരുപലം കല്ക്ക മാക്കുക പിന്നെയും തഥാ.
ക്ഷീരം ചതുർഗ്ഗുണംകൂട്ടി ഘൃതപ്രസ്ഥം പചിക്കുക
അഷ്ടാംഗമെന്നു പേരാമീ ഘൃതം സേവിക്കിൽ നിർണ്ണയം.
ആയുസ്സു വാക്കും മേധാച സ്മൃതിയുമുളവായ്വരും.
അഭയാവോഷവും പാഠാ [2] ശിഗ്രു സൈന്ധവ [3] മുഗ്ര്യം
ആട്ടുംപാലും സമംകൂട്ടി നെയ്യുകാച്ചുക സാദരം.
സാരസ്വത മതിൻ നാമം വാങ്മേധാ സ്മൃതിവഹ്നികൃൽ
വയമ്പും പഥ്യയും വെല്ലം ശംഖപുഷ്പി ശതാവരി
[4] അപാമാർഗ്ഗം ചിററമൃതും ചുക്കമെന്നിവ കൊണ്ടുടൻ.
നെയ്യുകാച്ചുക മുന്നേപ്പോൽ ഗുണമുണ്ടായ്വരും ദൃഢം.

[1] വയസ്ഥയുമെന്നായിരിക്കാം പാഠം. ചിററമൃതു്, കടുക്ക, മീനങ്ങാണി മുതലായി ഇനിയും അർത്ഥങ്ങളുള്ള ഈ പദത്തിന്നു് വിവക്ഷ എന്താണെന്നാരായേണ്ടിയിരിക്കുന്നു.

[2] മഞ്ഞപ്പൂവുള്ള മുരിങ്ങ.

[3] നാനാർത്ഥകമാണെങ്കിലും വയമ്പെന്നായിരിക്കാം വിവക്ഷിതാർത്ഥം

[4] ചെറുതും വലുതുമായ കടലാടി.

കനകം കൊട്ടവും പിന്നെ [1] വെളുത്ത വചയും തഥാ
കാഞ്ചനത്തോടു കൂടീട്ടു് ശംഖപുഷ്പിയതും തഥാ
മീനങ്ങാണിയതും പിന്നെ ശംഖവും, ഹേമവും തഥാ
മാറോറും സ്വൎണ്ണവും പിന്നെ വയമ്പും കുമിഴം തഥാ
ശ്ലോകാൎത്ഥംകൊണ്ടു ചൊന്നോരു ഭേഷജങ്ങളിതൊ [ക്കെയും
തേനും നെയ്യും സമംകൂട്ടി കുഴച്ചിട്ടു കൊടുക്കുക.
ഇങ്ങിനെ വത്സരം ചെന്നാൽ ബാലാനാമംഗപുഷ്ടിയും
കാന്തിയും ബലവും ധീയും ഇവയുണ്ടായ്വരും ദൃഢം.
കടുക്ക [2] ഭീഷ്യകം ചുക്കും വചായഷ്ടീച സൈന്ധവം
തിപ്പലി ജീരകം കൊട്ടം ഇവനൈക്കൂട്ടി സാദരം
സേവിക്കിൽ വാക്യസാമൎത്ഥ്യം വന്നിടും നഹിസംശയം.

അൎത്ഥിത്യാഗാന്നിജ്ജിത സ്വദ്രുവാകും
ശ്രീമൽഗണ്ഡ പ്രസ്തരാധീശ്വരന്റെ
ആജ്ഞാഹേതോ വ്വിസ്തരിക്കാതെ ഞാനും
രണ്ടദ്ധ്യായം ചൊല്ലിനേനിത്ഥമത്ര.

ഇതീവൈദ്യസാരെ ദ്വിതീയോദ്ധ്യായ:

---

[മൂന്നാമദ്ധ്യായം.]

ബാലന്മാർ മൂന്നുവിധ മായുണ്ടായ്വരു മറിയണം.
ക്ഷീരവൎത്തനനായിട്ടുമന്നവൎത്തനനായിയും
ക്ഷീരാന്നവൎത്തിയായിട്ടുമുണ്ടാം ബാലരു മിങ്ങിനെ
ദോഷ ദൂഷിഷിതമായുള്ള ക്ഷീരാന്നംകൊണ്ടു രോഗവും
അല്ലെങ്കിൽ സ്വാസ്ഥ്യവും നന്നായ് വന്നീടുമത്തു [നിൎണ്ണയം
സ്തന്യത്തിൽ ഗുണദോഷങ്ങളറിവാൻ ലക്ഷണംവദേൽ

[1] വെൾവയമ്പെന്നാണി തിന്റെ വിവക്ഷ. ഇതിന്നു വയമ്പിന്റെ ദുൎഗ്ഗന്ധമില്ല പേക്ഷ്യയിൽ അധികമുണ്ടാകുന്നതുകൊണ്ടു ഇതിനെ പാരസികവചയെന്നും പറഞ്ഞുവരുന്നു

[2] അഭീക്ഷ്ണമെന്നായിരിക്കും പാഠം. അഭീക്ഷ്ണം മയിലെള്ളു്. ഉത്തംസവൎഗ്ഗത്തിൽ ചേൎന്ന ഇതിന്നു മേധാവൎദ്ധനാദി ഗുണങ്ങളുണ്ടെന്നു പ്രസിദ്ധമാണു.



ജലത്തിൽ വീഴ്ത്തിയാൽ സ്തന്യം ഏകദാ ചേൎന്നു വെങ്കിലോ
ദോഷമില്ലാസ്തന്യമെന്നു കരുതേണം ഭിഷഗ്വരൻ.
ജലത്തിൽ വീഴ്ത്തിയാലപ്പോളുൽപ്ലവിക്കുകയും വരും
കഷായ രസമായിട്ടും രൂക്ഷമായ് നുരക്കൂടിയും.
മലമൂത്രനിബന്ധത്തെ ചെയ്യിട്ടും കണ്ടുവെങ്കിലോ
വാതദുഷ്ടം സ്തന്യമെന്നു കരുതീടുക വേണമേ
പിത്തംകൊണ്ടു ജലം തന്നിൽ പീതരേഖകളായ്വരും
ഉഷ്ണമായമ്ലമായിട്ടു കടുവായു മിരിക്കയും
ദാഹമുണ്ടായ്വരും താനും പിത്തസ്തന്യസ്യ നിൎണ്ണയം.
ജലത്തിൽ വീഴ്ത്തിയാൽ സ്തന്യം താണുപോം ഘനമാകയാൽ
പഴുത്തിട്ടും കൊഴുത്തിട്ടും ഉപ്പിന്റെ രസമായിയും
കണ്ടാലതു കഫം കൊണ്ടുമുണ്ടാം സ്തന്യമറിയണം
സംസൎഗ്ഗംകൊണ്ടുവന്നീടിൽ കാണാം രണ്ടിന്റെ ലിംഗവും
മൂന്നു ലിംഗങ്ങളും കാൺകിൽ സന്നിപാതികമായ്വരും.
സ്തന്യമിച്ചൊന്നതൊക്കെയും [1] കൊടുത്താൽ ബാലനു നിൎണ്ണയം
സ്വലിംഗയുക്തമായുള്ള വ്യാധിയുണ്ടാകുമപ്പൊഴെ
ബാലനു രോഗമുണ്ടായാൽ രോദനംകൊണ്ടറിയണം
അധികം രോഗമുണ്ടെങ്കിൽ അധികം കരയും ദൃഢം
കുറയും രോഗമെന്നാകിൽ രോദനഞ്ച കുറഞ്ഞിടും
സ്പൎശനാക്ഷമമായുള്ള ദിക്കേതെന്നുമറിഞ്ഞുടൻ
തത്രൈവ രോഗമുണ്ടെന്നു കരുതേണം ഭിഷഗ്വരൻ.
ഇത്യാദി ലക്ഷണംകൊണ്ടു ബാലരോഗമറിഞ്ഞുടൻ
നന്നായ് ചികിത്സ ചെയ്യേണം ധാത്രിക്കു വിധി പോലവെ.
വാതദുഷ്ടം സ്തന്യമെങ്കിൽ മൂന്നുനാൾ ധാത്രി സാദരം
ദശമൂല കഷായത്തെ സേവിച്ചീടുക വേണമെ
അജമോദം ദേവദാരു രാസ്നാ സരളമെന്നിവ
പൊടിച്ചു പൊടി നെയ്ക്കൂട്ടി സേവിപ്പിക്കുക ബാലനെ

[1] നല്കിൽ എന്നായാൽ വൃത്തഭംഗമില്ലാതെ കഴിക്കാം.

പിത്തേന ദുഷ്ടമായ് സ്തന്യം വന്നാൽ വേണ്ടതു ചൊല്ലുവൻ.
പടോല മമൃതം നിംബം ചന്ദനം ചശതാവരീ
നന്നാറി ഇവകൊണ്ടുള്ള കഷായം വഴിപോലവെ
ധാത്രിയും ബാലനും നന്നായ് സേവിച്ചീടുക വേണമെ.
ശ്ലേഷ്മദുഷ്ടം സ്തന്യമെങ്കിലിന്തുപ്പും യഷ്ടിയും സമം
പൊടിച്ചു ഘൃതവും കൂട്ടി സേവിപ്പിക്കുക ബാലനെ
മലങ്കാരപ്പൂവരച്ച് തേനും കൂട്ടീട്ട് തേക്കുക.
ബാലന്റെയധരംതന്നിൽ ധാത്രിസ്തനമുഖത്തിലും
പിന്നെ സ്തന്യം കൊടുത്തിട്ട് വമിപ്പിക്കുക ബാലനെ
തീക്ഷ്ണദ്രവ്യങ്ങളെക്കൊണ്ടു വമിപ്പിക്കുക ധാത്രിയെ
പേയാദിക്രമവും ചെയ്ത് മുസ്താദികഷായവും പിബേൽ
ത്രിദോഷ ദുഷ്ടമായ് സ്തന്യം വന്നാൽ ദുർഗ്ഗന്ധിയാം മലം
ആമമായും ജലം പോലെ ഏറ്റെക്കൊട്ടു നുറുങ്ങിയും
സച്ഛമായും പഴുത്തിട്ടും നാനാവർണ്ണമതായിയും
നാനാവേദനയുണ്ടാകും നുരകൂടിയിരിക്കയും
മൂത്രം പിന്നെ വെളുത്തിട്ടും മഞ്ഞളിച്ചും കൊഴക്കയും
പനിയും രുചിയില്ലായ്ക പിപാസാ ഛർദ്ദിയും വരും.
വിജൃംഭികാ വിറയലും ഞെരങ്ങുക ചുഴൽച്ചയും
മേൽ നുറുങ്ങുകയും കൈകാലങ്ങുമിങ്ങുമെറികയും
മുഖവും ഘ്രാണനേത്രങ്ങൾ പുഴുക്കുകയുമെന്നിവ
രോഗങ്ങളുണ്ടായ്വന്നീടിൽ ക്ഷീരാലസകമെന്നുപേർ
തത്രാശു വമനം കാര്യം ധാത്രിക്കും ബാലനും തഥാ.
പേയാദിക്രമവും ചെയ്തു് വചാദിഗണം പിബേൽ.
അമൃതും പാടയും ചുക്കും നന്നാറി ദേവദാരുവും
പുത്തിരിച്ചുണ്ടയും മുസ്താ പടച്ചുണ്ടയതും പുന:
കൊടകപ്പാലയരിയും ദ്രവ്യമെന്നിതൊക്കയും
കൂട്ടിവെച്ചകഷായേണ സ്തന്യദോഷം നശിച്ചിടും
മലോപലേപംകൊണ്ടിട്ട് സേചദം കൊണ്ടാകിലും തഥാ
ഗുദത്തിന്നകമെ വാപി പുറമെ വാ വ്രണം വരും
കഫരക്തങ്ങളെക്കൊണ്ട് ജനിക്കുമതു താമ്രമായ്.
ഉള്ളിൽ ചൊറിയുമുണ്ടാകും ഭൂയ്യുപദ്രവമായിയും
മാതൃകാദോഷമെന്നങ്ങു ചൊല്ലുന്നുണ്ടതിനെച്ചിലർ.



പൂതനാകൃതമന്യേച പൃഷ്ഠാരുസ്സെന്നു കേചന
ഗുദകുട്ടംവരേ കേചിൽ ചൊല്ലീടുന്നിത നാമകം.
എന്നാലവിടെ ധാത്രീടെ സ്തന്യശോധന ചെയ്യണം.
കഫപിത്തഘ്നമായുള്ള ഭേഷജംകൊണ്ടുസാദരം
മാക്കീരക്കല്ലതും തേനും കൂട്ടിത്തേച്ചീടുകവ്രണെ.
പ്ലക്ഷത്തിൻ തൊലിയും പിന്നെ ത്രിഫലാ ലന്തയുമിവ
വെച്ചുള്ളൊരു കഷായേണ സേചനം ചെയ്ക സാദരം
[1] കാസീസം [2] രോചനാ തുത്ഥം മനയോലരിതാരവും
രസാഞ്ജനമിതൊക്കേയും കാടികൂട്ടീട്ടരച്ചുടൻ
വ്രണത്തിൽ തേക്ക തച്ചൂർണ്ണമിട്ടീടുകിലതും മതി
ചുവപ്പും ചൊറിയേറീടിൽ പിടിപ്പിക്കേണമട്ടയെ
പിത്തവ്രണഹരം സർവ്വം നന്നേററം ഗുദ കുട്ടകെ.

ഗണ്ഡാശ്മ ഭൂപൻ രമണീ ജനത്തിൻ
കണ്ണിന്നു പീയൂഷമതെന്നു തോന്നും
തസ്യാജ്ഞയാ ഞാൻ വിരവോടു ചൊന്നേൻ
തൃതീയമദ്ധ്യായമതും ചുരുക്കി.

ഇതി തൃതീയോദ്ധ്യായ:

---

## [നാലാമദ്ധ്യായം]

ബാലനുള്ളൊരു രോഗാണാം ലിംഗവും ഭേഷജങ്ങളും
ചൊന്നേൻ ചുരുക്കിയദ്ധ്യായ (മൊന്നു രണ്ടിഹ)[രണ്ടു മൂന്നിഹ]
[സാദരം
അന്യശാസ്ത്രങ്ങളിൽ പിന്നെ പലതായുള്ള വ്യാധികൾ
തൽഭേഷജങ്ങളും ചൊല്ലാമദ്ധ്യായം (മൂന്നു) [നാല്] കൊണ്ടിനി
പെററുവീണീടുമപ്പോഴെ തെറെറന്നുണ്ടാമൊരോഗമം
പററിയാലതൊഴിച്ചീടാൻ ഭേഷജാദികൾ ചൊല്ലിടാം
കൺമിഴിച്ചു കരഞ്ഞിടാ മുലയുണ്ണായ്കയും സദാ
മലമൂത്രങ്ങൾ പോയീടാ പുലയോനായ് വരുന്നനാൾ.
ഇവയോരോന്നുകണ്ടീടിൽ പലമന്ത്രൌഷധങ്ങളാൽ
ചില ഭേദങ്ങൾ വന്നീടും ഗുരുകാരുണ്യമേറുകിൽ

---

[1] ഇതു രസായന മണ്ഡനവർഗ്ഗത്തിൽ ചേർന്ന ധാതുകാസിസമെന്ന ഉപരസ ഭേദമാകുന്നു. വ്രണരോപണാദികൾക്കു വളരെ നല്ലതാകുന്നു.

[2] രോചന = ഗോരോചന.

വീർപ്പില്ലാതെ കരഞ്ഞീടുമെച്ചിൽ പുണ്ണ് പെരുക്കിലാം
ഒച്ചപാരമടച്ചീടും ദുശ്ശീലത്തിനുമാമിതു്
തച്ചപോലെ കരഞ്ഞീടും ഞെട്ടീടും പനിപാരമാം.
കൈകാലുകളും കറുത്തീടും ചുവപ്പാം മേലുള്ളാകിലാം [1].
പുലപോകാതെ ചെയ്യീടിൽ പലകർമ്മങ്ങളൊന്നിനും
ഫലമാശുകുറഞ്ഞീടും ബലവാനെങ്കിലും ദൃഢം.
പിന്നെ മേപ്പട്ട് കണ്ടീടാം ദിനന്തോറുമൊരോവിധം.
കണ്ണും ചെവികളും പാരം പഴുക്കും പൊക്കിളും തഥാ-
വായ്പുണ്ണുണ്ടാം വമിച്ചീടും പോക്കുമേററമുള്ളാകിലാം.
ഗാത്രംതോറും ചുവപ്പുണ്ടാം മണലെന്നൊരസാരനും
എച്ചിൽപുണ്ണ് പെരുത്തിട്ട് പുളകങ്ങളതാകിലും
കൺമൂലത്തിലും കക്ഷം രണ്ടിലും കഴലേക്കവും
മുഴച്ചവീങ്ങിപൊട്ടീടും രക്ഷചെയ്യാൽ (പുറ) [പൊറു]ത്തുപോം.
പക്ഷിപീഡകൾ നാലുണ്ടാം അമ്പത്തൊന്നു കരപ്പനും
വാപ്പുമുണ്ടൊരു . . . റായി ചെങ്കരപ്പനുമുണ്ടതിൽ
ഇവയെല്ലാററിലും നിന്നു പലദണ്ഡങ്ങൾ കാണിലാം
വകഭേദമറിഞ്ഞീടാൻ പണിയുണ്ടേവനും ദൃഢം
ജനിച്ചന്നു തുടങ്ങീട്ട് പതിനാറാം വയസ്സോളം
ബാലപീഡകൾ ചൊല്ലുന്നു വിബുധാദികൾ മുന്നമെ
ബാലഗ്രഹണിയെന്നുണ്ട് പിടിപ്പാനൊരുദേവത
ഓരോതിങ്ങളിലോരോരൊ പേരുമാറിയതായ്‌വരും
ബലികർമ്മങ്ങളുംവേറെ ചികിത്സയുമതിങ്ങിനെ
വത്സരം തികയുന്നേരം ഒന്നാംതിങ്ങളിലുള്ളതു്
ഒരാണ്ടിലുമുപദ്രിക്കും ക്രമമീവണ്ണമൊക്കവെ
ബലാൽകണ്ട വിരോധിപ്പാൻ പലജാതികളുണ്ടഹൊ
ഭൂതപ്രേതപിശാചുക്കൾ കുക്ഷിഭൈരവകാദികൾ
ദണ്ഡപ്രകാരം കണ്ടിട്ട തൽകാലൌചിത്യമായതു്.
ചെയ്തുകൊണ്ടാൽ ശമിച്ചീടും ഗുരുപാദപ്രസാദത:
ഇച്ചൊന്നതൊന്നുമുതലായ് പലദണ്ഡമുണ്ടാ-
മെണ്ണീടുവാൻപണി തിരിച്ചറിവാനുമേററം.
എല്ലാററിനും ഗുരുപദം പ്രണമിച്ചുകൊണ്ടാൽ
നല്ലൊന്നുതോന്നു . . . . നന്മവരും നരാണാം.

[1] ദേഹത്തിൽ ചുവപ്പുണ്ടാകാമെന്നായിരിക്കുമാശയം.



ഇച്ചൊന്നവററിൻ പുറമെ കനപ്പെ-
ട്ടൊന്നുണ്ടിരിക്കുന്നിതു ഘോരമായി
ചൊല്ലാമതിൻെറ ജനനാദിനാമം
പറങ്കിയെന്നുള്ളൊരു ദുഷ്ടരോഗം.
ജനിക്കുമമ്മേടുദരത്തിൽ മുന്നം
ജനിച്ച പിള്ളക്കു മതീവകാണാം.
പാദാദികേശം വ്രണമായ്ഭവിക്കും
ശമിച്ചുകൊൾവാൻ പണിപാരമുണ്ടാം.
ദ്വാരങ്ങൾതോറും വ്രണമേററമുണ്ടാം
കേശം കൊഴിഞ്ഞീടുമതീവവേഗാൽ.
കാലും കരം തോലടരും ക്രമത്താ-
ലാധാരമായുള്ളവ രോഗചിഹ്നം.
പാവിട്ടുവെച്ചുള്ള കഷായവും ന-
ന്നായ്കൊട്ടക്കാമിഹകേരതൈലം.
പോയിടുമെന്നാലതുകൊണ്ടുമെല്ലെ
പോക്കായ്കിലമ്മയ്ക്കു ചികിത്സവേണം.
പരോപകാരം ചെയ്യേണം
വൃഥാതന്നെയതെങ്കിലും
ഫലസിദ്ധിഭവിച്ചീടും
മറെറാരേടത്തു സംപദാം.
സിദ്ധൌഷധങ്ങളോരോന്നെ
സിദ്ധമായിട്ടിരിക്കണം
പാനലേപനമായീടും
ബലികർമ്മവിധത്തിലും.
ഓരോന്നോരോന്നിനില്ലാഞ്ഞാൽ പോരായെന്നു [പ്രസിദ്ധമാം.
തുടങ്ങുന്നതിനൊക്കെക്കും കനംവേണമതേവനും.
ബാലന്മാർക്കു തുടങ്ങീടും രോഗത്തിൻെറ വിശേഷണം
ചുരുക്കീട്ടിഹ ചൊല്ലിടാം പെരുപ്പം പരമെത്രയും.
തലയിൽ കുരുവുണ്ടാകും കണ്ണില്ലാതെ ചുവന്നുടൻ
പഴുത്തുപൊട്ടുകെന്നുള്ളതില്ല വല്ലതു ചെയ്കിലും.
തലചുട്ടീടുമെപ്പോഴും ചിരങ്ങും പാരമായ്‌വരും.
തലരോമം കൊഴിഞ്ഞീടും ചുവപ്പും പൃ പുറപ്പെടും

ദശവന്നു നിറഞ്ഞീടും ഉ സിപ്പോംമിഴിയേററവും
മൂക്കിൽ ചലമൊലിച്ചീടും അടെക്കും മൂക്കുമൊച്ചയും
വായിൽ പുണ്ണു വളൎന്നീടും ഒഴുകും വെള്ളമെപ്പൊഴും
ചെവിരണ്ടിന്റെയും പിമ്പിൽ വീങ്ങിക്കുരുവതായ്‌വരും
വലുതായുള്ളവൎക്കാകിൽ അപചിക്കുരുവെന്നുപേർ.

ബാലകന്മാൎക്കതാകുമ്പോൾ തന്റെ കൂട്ടെന്നു ചൊല്ലുവോർ
രണ്ടുകക്ഷത്തിലുംവന്നു വീങ്ങികുരുകണക്കിനെ
പൊട്ടിയാൽ പിന്നെയും മൂടും വിദ്രധിക്കുസമങ്ങളായ്.
കൈമേലൊക്കെ മുഴച്ചീടും സന്ധുക്കളിലതേററവും
എലിതൻ ഗരളംപോലെ വാതശോണിത തുല്യമായ്
പുറത്തു കുരുവുണ്ടാകും കണ്ണില്ലാതരുണാഭയാ-
ഷോഡശാബ്ദം കഴിഞ്ഞാകിൽ പ്രമേഹക്കുരുവെന്നുപേർ.

മാറത്തെല്ലാടവും കാണാം മുഴച്ചു കുരുപോലയും
വയസ്സുചെന്നവൎക്കാകിൽ കണ്ഠമാലയതെന്നുപേർ.

മുഴച്ചു വട്ടമായ്‌വീങ്ങി വയററത്തു കുരുക്കളായ്
വളരും പനിവന്നീടും മെലിയും ദേഹമേററവും
പൊട്ടിച്ചലമൊലിച്ചീടും മൂടും പിന്നെയുമപ്പൊഴെ.
ദീപനംകുറയുംപിന്നെ ചികിത്സിച്ചാൽ പൊറുത്തിടാം.
പൊക്കിളേററം പഴുത്തിടും വയററിൽ കൃമിപാരമാം.
കൊലപ്പാമ്പുപെരുത്തീടും വിരേചനമതില്ലയാം.
നാഭിയിങ്കന്നു കീഴ്പോട്ടു വീങ്ങീടും വൃഷണത്തോളം
കൊടിയും പാരമായ് വീങ്ങും മൂത്രംവീഴാതെപോകിലാം
നീരുവന്നു ചമഞ്ഞീടും ഊരുമൂലദ്വയത്തിലും
ചോരപോലെ നിറം നീരും പാരമായിടുമെത്രയും.
ആസനം രണ്ടുമത്യന്തം വീങ്ങിപ്പാരമസഹ്യമാം.
ഒടുക്കം കുരുവായിട്ടു് പൊട്ടിമെല്ലെശ്ശമിച്ചിടും.
പനിച്ചു തുടവീങ്ങീടും ഊരുസ്തംഭം കണക്കിനെ
മന്ത്രൌഷധേന പൊട്ടാക്കിൽ ഗുണമേററവുമായ്‌വരും.
മൊട്ടുരണ്ടു കടംകെട്ടും പനിയും പാരമായ്‌വരും
പൊട്ടിയാലതുനേരല്ല കുട്ടികൾക്കു വിശേഷത:
മൊട്ടുരണ്ടിന്നു കീഴ്പോട്ടു് നരിയാണി വിരൽക്കൊളം
കെച്ചച്ചിലന്തിയെന്നുണ്ടു് കഷ്ടമായൊന്നുതേററവും.
ആണിയോടടി വീങ്ങീടും നഖവും വിരൽതന്നിട



പഴുത്തുനീരൊലിച്ചീടും ചേററുപുണ്ണെന്നപോലയാം.
മൂൎദ്ധാവിന്നു തുടങ്ങിയുണ്ടൊരുവിധം പാദാന്തികത്തോളവും
കാണാറായ്‌വരുമാശു ദുഷ്ടവ്രണമായ് വീങ്ങിച്ചൊറിഞ്ഞ
[ങ്ങിനെ
വെള്ളംചോരചലങ്ങളേററമൊഴുകും സന്ധുക്കളിന്നുംതഥാ
ചൊല്ലാംപേരു ചിലന്തിയെന്നറിവതും തീരും വസുഭൂസുരെ
ബാലന്മാൎക്കു ചികിത്സിച്ചേനിത്രനാളും ഗുരൂക്തമായ്
ഇനിവേണ്ടുന്നവൎക്കെല്ലാം ഇതുകൊണ്ടറിയായ്‌വരും
നിസ്സന്മാരേ ഭരിച്ചിട്ടലമിതി മതിയില്ലായ്കയാൽ സാദരംതാ-
നായു: ശാസ്ത്രം ഗ്രഹിച്ചിട്ടിഹ ഭുവിഗദമുള്ളോരെ ജായുക്കൾ
[കൊണ്ടോ
രക്ഷിച്ചീടുന്നുനിത്യം ഗുണഗണനിധിയായുള്ള ഗന്ധാശ്മഭ്രു
[പൻ
ചൊന്നേനദ്ധ്യായവും നാലിങ്ങിനെ വിരവൊടുടൻ തസ്യചാ
[നുജ്ഞയാ ഞാൻ.

ഇതി വൈദ്യസാരെ ചതുൎത്ഥോദ്ധ്യായ:

[അഞ്ചാമദ്ധ്യായം.]

ചൊല്ലീടാമിനിയും ബാലൎക്കോരോരൊ ഭേഷജാദികൾ
തലച്ചൂടൊഴിവാനായി കുഴമ്പിടുക മൂൎദ്ധ്നിച

നെല്ലിക്ക ചന്ദനം നീരിൽ വേവിച്ചിട്ടാലൊഴിഞ്ഞുപോം.
തലയിൽ കുരുവുണ്ടായാൽ തേപ്പാനുള്ള മരുന്നുകൾ

അത്തിക്ക, എള്ളു്, തുമ്പപ്പൂ പാലു തന്നിൽ പചിച്ചതു്
നീരററ വെണ്ണയുംകൂട്ടി തേച്ചാലാശു ശമിച്ചിടും
രക്തചന്ദനവും നല്ല കടുക്ക മധുയഷ്ടിയും
തോയേപേഷിച്ചു നെയ്യുന്നിൽ തേച്ചീടിലുമൊഴിഞ്ഞുപോം.
ചിരങ്ങുതലയിൽകണ്ടാൽ തേപ്പാനുള്ള കുഴമ്പിതു

ഉമ്മത്തിനിലയും നല്ല കണ്ണിവെററിലയും തഥാ
വരണ്ട തുളസിപത്രമിളളിലക്കരിയെന്നിവ
കേരാജ്യത്തിൽ വറുത്തിട്ടു് തേച്ചാലതു ശമിച്ചുപോം.
ചെവിക്കലുണ്ടാം കുരുവിന്നു തേപ്പാൻ

മരുന്നുചൊല്ലാമതി ശ്രദ്ധമായി.
വേട്ടാളിയൻ കൂട്ടമരത്തമൃക്കും
മോരിലരച്ചിട്ടതു തേക്ക നന്നു്,

നാല്പാമരത്തിൻ തളിരെള്ളു ദൂർവ്വാ
മുക്കാനിശാ നിമ്പദളം ചതക്രെ
വേവിച്ചരച്ചിട്ടഥ തേനുവീഴ്ത്തി-
ച്ചാലിച്ചുതേച്ചാലു മിളച്ചുപോകും.
പഴയ മുതിര വറുത്തച്ചൂടൊടേ തേനിലിട്ട
മധുചെവികളിൽ വീഴ്ത്തീട്ടൊട്ടുനേരം കഴിഞ്ഞാൽ
തിരി ചെവിയിനകത്തിട്ടൊട്ടു തോർത്തിക്കളഞ്ഞാൽ
ചലമൊലിയതുമാറും കുത്തുമന്നേ ശമിക്കും.

തുളസീപത്രതോയത്തിൽ വെളിച്ചെണ്ണ പകർന്നതിൽ
വയമ്പും കാഞ്ഞിരക്കൂമ്പും കുന്തിരുക്കിന്റു ചൂഡനും [1]
പൊടിച്ചിട്ടു പചിച്ചെണ്ണ തുളിച്ചീടിൽ പഴുപ്പുപോം
കണ്ണചോന്നു പഴുത്തിടിൽ തേനിൽ പൂവ്വാംകുറുന്തില
പിഴിഞ്ഞാലുടനെ തീരും ചോപ്പും വിക്കവുമട്ടിനെ.
മുരിങ്ങത്തളിർ തേൻ വീഴ്ത്തി തിരുമ്മിക്കണ്ണിൽ വീഴ്ത്തുകിൽ.
പഴുപ്പും ചൊറിയും മാറും ചോപ്പുപോമെട്ടുനാളകം

തെച്ചിപ്പൂ കാഞ്ഞിരപ്പൂവും കറുകത്തലയെന്നിവ
ചതച്ചു പശുവിൻ പാലിൽ ഒഴക്കിലരുണാഭപോം.
[2] വട്ടക്കുരുടൊടച്ചിട്ടു തേൻ വീഴ്ത്തിക്കിഴികെട്ടിയാൽ
കണ്ണിൽ ഞെക്കിപ്പിഴിഞ്ഞീടിൽ ചീച്ചിൽപോമതിബാലനു്.
പുളിതന്റെ ഞരമ്പൊട്ടു പാലിൽപുഴുകിനേരവെ
അരച്ചു ശീലയിൽതേച്ചു ശീലയിട്ടാൽ പഴുപ്പുപോം.
മക്ഷികൊണ്ടെഴുതിക്കേണം കണ്ണനിത്യമാദരാൽ
അതിനുണ്ടൊരു യോഗത്തെ പറയുന്നിതു ഗുഹ്യമായു്.
പൂവ്വാംകുറുന്തല പിഴിഞ്ഞു ജലത്തിൽമുക്കി
ശോഷിക്ക നല്ല നിഴലിൽ തുണി മൂന്നുനാളിൽ.
തെച്ചീടെപൂ പുളിഞെരമ്പുവരാസചൂർണ്ണം
കൂട്ടിത്തെരച്ചതിരി നെയ്യിൽ മക്ഷികകൊള്ളാം.
നന്ത്യാർവട്ടമതിൻമൊട്ടും ജാതിമുകുളവും തഥാ
മുലപ്പാലിൽ പിഴിഞ്ഞീടൽ കണ്ണിൻചൂടു മൊഴിഞ്ഞുപോം.

[1] ചൂടൻ കർപ്പൂരമായിരിക്കുമോ ?

[2] ഇതിന്റെ അർത്ഥമാരായേണ്ടിയിരിക്കുന്നു.



ഓരിലത്താമരാപത്രം സമൂലേനചതച്ചതു്
മുലപ്പാലിൽ പിഴിഞ്ഞീടിൽ കണ്ണിൽ ശുക്ലമൊഴിഞ്ഞുപോം.

തുമ്പപ്പൂമത്തിളിൻപത്രം തേനിൽകുത്തിപ്പിഴിഞ്ഞിടിൽ
കണ്ണിൽ വീഴ്ത്തിൽ ശമിച്ചീടും മൂന്നുനാളകമെദൃഢം.
കാഞ്ഞിരത്തിന്റെ കൂമ്പും തെച്ചിപ്പൂവും ച ദൂർവ്വയും.
വെള്ളില തന്റെ പൂവ്വും ദേവീപത്രവുമൊപ്പമായു്
തേനിൽ കുത്തിപ്പിഴിഞ്ഞീടിൽ കണ്ണിൽ ചോപ്പുനശിച്ചുപോം.
ഇവകൊണ്ടിളയാതാകിൽ ചന്ദനാദികളെന്നിവ
ഒഴുക്കീട്ടുക കണ്ണിന്നുള്ളവയൊക്കെത്തുടങ്ങുക.
മൂക്കപാരം പഴുത്തീടിൽ മുരുക്കില പിഴിഞ്ഞതിൽ

എണ്ണകൂട്ടി നിശാ കല്ക്കമിട്ടു കൊണ്ടു പചിച്ചതു്
തെച്ചിപ്പൂ ത്രിഫലാ തേനിൽ സേവിപ്പിപ്പു യഥാക്രമം.
ബാലന്മാർക്കു ശമിച്ചീടും മൂക്കിൽ രോഗമശേഷത:

വായിൽപുണ്ണു് പെരുത്തീടിൽ മാശിക്കാ കരിഞ്ജീരകം
മച്ചിങ്ങ മുഖവുംകൂട്ടി തൈരുതന്നിലരച്ചതു്
സേവിപ്പൂ മൂന്നുനാളെന്നാൽ വായിൽപുണ്ണു് നശിച്ചുപോം.
പിച്ചകത്തില വെള്ളത്തിൽ മധുകം കല്ക്കമിട്ടുടൻ
നെയ്യവെന്തു വായിൽ തേച്ചാലും പൊറുക്കും പത്തുനാളകം.
നായ്ക്കഞ്ഞത്തിലന്നുള്ളീട്ടു് തിരുമ്മീട്ടു് പിഴിഞ്ഞനീർ
വായിൽതൊട്ടുപുരട്ടീടിൽ അപ്പൊഴേ പുണ്ണു് പോയിടും.
വട്ടക്കിലുകിലുപ്പാതാനിടിച്ചിട്ടു പിഴിഞ്ഞതിൽ
വെളിച്ചെണ്ണ പകർന്നിട്ടു് മധുകം കല്ക്കമിട്ടുടൻ,
കാച്ചിവായിൽ പുരട്ടീടിൽ പുണ്ണു്പോംമൂന്നുനാളകം.
കഴുത്തിന്നിഹമേല്പട്ടു് ഉണ്ടാകുന്നതിനൊട്ടു ഞാൻ
ചികിത്സകളുപായങ്ങളും പറഞ്ഞേൻ ഭാഷയായ്ത്തുലോം.
മൊരുവിത്തി സമുദ്രക്കാ ചാണതന്മേലരച്ചതു്
തേച്ചീടിലുടനേ പോകും കഴുത്തിൽ കുരുവുള്ളതു്.

നീരട്ടിത്തൊലി അത്തിത്തോൽ ഉങ്ങിൻതോൽ ചന്ദനദ്വയം.
അരച്ചുചുട്ടു നെയ്യുന്നിൽ തേക്കിലെല്ലാകുരുക്കളുംപോം.
കാഞ്ഞിരക്കൂമ്പുകൊണ്ടന്നു് പുലാവില പഴുത്തതിൽ
പൊതിഞ്ഞു്ചുട്ടരച്ചിട്ടു് നെയു്കൂട്ടീട്ടതു തേക്കിലൊ,
കഴുത്തിൽ കുരുപോയീടും മൂന്നുനാളകമേ ദൃഢം.

പാടവള്ളിമൂലം നന്നായരച്ചിട്ടതുവെണ്ണയിൽ
തേച്ചീടിലുടനെപോകും കുരുവല്ലേടമുള്ളതും.
ചെറുതാം തുരടീ[1] വേമ്മേൽതൊലി നന്നാറിമൂലവും
നന്ത്യാർവട്ടം കൊടിപ്പാല ഇവവേരിന്മേലുള്ളതും
നാല്പാമരമതിൻതോലുമൊപ്പം നെയ്യിൽ വറുത്തതു്
പുന: പാലിൽ പുഴുങ്ങീട്ടു് അമ്മിതന്മേലരച്ചതു്
നീരറ്റവെണ്ണയിൽ തേച്ചാൽ മാറത്തുണ്ടാം കുരുക്കൾപോം.
ആമയോടു് കലക്കൊമ്പു് ആനക്കൊമ്പിവയൊപ്പമായ്
മോരുവീത്തിയരച്ചിട്ടു് തേച്ചാൽകക്ഷേ കുരുക്കൾപോം.

നാല്പാമരത്തളിർ പൂക്കുല എള്ളു ദൂർവ്വാ
വരാഗ്ഗുളൂചി മധുകംചതുല്യം.
പാലിൽ പചിച്ചിട്ടരച്ചനെയ്യിൽ
തേച്ചാലിളെക്കും കുരുവേതുചെയ്യും.
ഏരണ്ഡബീജം കറുകേടെ നാക്കും
കാരെള്ളുമൊപ്പം പയസാപുഴുങ്ങി,
പേഷിച്ച നീരറ്റൊരു വെണ്ണതന്നിൽ
ചാലിച്ചതേച്ചാലൊഴിയുന്നു വീക്കം.
വയറ്റിലുണ്ടാം കുരുവിന്നു തേപ്പാൻ
മങ്ങന്നുചൊല്ലാമതിസാരമായി
നീണ്ടിക്കിഴങ്ങേറ്റമരച്ചപാലിൽ
തേക്കാം കുടിക്കാമതുകൊണ്ടുതീരും.
തിനതന്നരിപാൽ വീഴ്ത്തിവെച്ചനെയ്ക്കൂട്ടിയുണ്കിലോ
മൂന്നുനാളകമേ പോകും വയറ്റിൽകുരുവേവനം.
പരിക്കുവേരിട്ടു ചമച്ചകഞ്ഞി
കുടിക്കനന്നു കുരുവിന്നു നിത്യം.
അകത്തുവീങ്ങിട്ടഹനം കുറഞ്ഞാൽ
പൊറുത്തുപോകും വലുതായവക്കും.
കുരുക്കൾ പൊട്ടീട്ടു പൊറാതെ പോകിൽ
കുഴമ്പുകാച്ചീട്ടു പുരട്ടവേണം.
ഞെരിഞ്ഞമാകും പുളിതൻകിഴങ്ങും
വറുത്തുതേക്കാം പഴതായ നെയ്യിൽ.
അരക്കുമേല്പട്ടുളവാം കുരുക്കൾ-
ക്കിവണ്ണമോരോന്നിവ തേച്ചകൊണ്ടാൽ

[1] തുടരീ എന്നായിരിക്കും ശരിയായ പാഠമെന്നു തോന്നുന്നു.



പൊറുത്തുകൊള്ളും ദിനമെട്ടുനാളെ
മുടങ്ങുമാറില്ലതുകൊണ്ടുബാലൻ.

തെച്ചിപ്പൂവമരീമുളഞ്ചുസുക്ഷവീ കാരസ്കരത്തിൻതളിർ
പാവിട്ടത്തളിർ പച്ചയായമുളതൻ തോലും കറുത്തെള്ളുമായ്.
മോരുംവീത്തിയരച്ചവെന്തു സുഖമെ പേഷിച്ചതേനിൽപുന:
ചാലിച്ചിട്ടതുതേക്ക നന്നു് കുരുവും വീക്കങ്ങളും തീർന്നുപോം.
ബാലാഞ്ചാപി ബലാഞ്ചൈവ ഏരണ്ഡം ചെറുചീരയും
നെയ്യിൽതേക്ക കുരുപ്പോകും പാലിൽതന്നെയരച്ചവേർ.
നന്ത്യാർവ്വട്ടം[1] തുരടിചകൊടിപ്പാല നന്നാറിയെന്നി-
ന്നാലിൻ വേമ്മേൽതൊലി ഘൃതയുതം നെയ്ക്കലേവവറുത്തു്,
പിഷ്ടാനന്നായ് വലിയകുരുവിന്നിങ്ങിനെ പൂശിവെച്ചാൽ
ചാമ്പിപ്പോമക്കുരുവു് ശനകൈ: തത്രമീഞ്ഞുട്ടതീവ.
ഏകനായക[2] വേർപിഷ്ടാ നീരറ്റുള്ളോരുവെണ്ണയിൽ
ചാലിച്ചതേക്കിലതിനാൽ പാരിച്ച കുരുവില്ലയാം.
അഘോരീ പാണനന്നാറീ പുളിന്തോലേകനായകം
തെച്ചിവേരുമതൊപ്പിച്ച മോരുതന്നിലരച്ചതു്
വെതുമ്പിത്തേക്ക നന്നേറ്റം വീക്കംപോം കുരുവും ക്ഷണാൽ.
കഴഞ്ചിവേരരച്ചിട്ടു് കാടിവീഴ്ത്തീട്ടുനേരവെ
തേക്കമന്ദോഷ്ണമായിട്ടു് വൃദ്ധിവീക്കം ശമിച്ചപോം.

നാല്പാമരത്തളിരുമെള്ളു് വരാസപത്രം
വേവിച്ച കേ . . . രി പയസാചപിഷ്ടാ
നീരറ്റവെണ്ണാം . . . പരിചോടു ചേർത്ത-
ങ്ങുരുത്തടിച്ചതൊഴിവാനിഹ നന്നുപാരം.

ചെറുനാരങ്ങവെള്ളത്തിൽ തേങ്ങാപ്പാലും പകന്നതു്
ചന്തമോടുരസിത്തേച്ചാൽ മൊട്ടവീക്കമൊഴിഞ്ഞുപോം.
ഞെരിഞ്ഞാമ്പുളി കരുത്തോടൊപ്പം കോല്പുളിവല്ക്കലം
ഉങ്ങുംകുരുന്ന നീരട്ടിക്കുരുന്നെന്നിവയൊപ്പമായ്
കേരാജ്യത്തിൽവറുത്തിട്ടു് കരിഞ്ഞാലതു നേരവെ
പൊടിച്ചതിൽ കലക്കിട്ടു തേച്ചാൽ കെച്ചച്ചിലന്തിപോം.
മറ്റോരോരോ ചിരങ്ങിന്നും കുറ്റമില്ലതുതേക്കിലോ
പറ്റുണ്ടതു പലറ്റിന്നും കുറ്റമാരും പറഞ്ഞിടാ.

[1] തുടരി. [2] ഏകനായകം = പൊൻകുരണ്ടി.

ഞങ്ങണാപ്പുല്ലിടിച്ചിട്ട് കഷായം വെച്ചുരിച്ചതിൽ
എണ്ണവെന്തതു തേച്ചീടാം പാഠകക്കടകൽക്കമായ്.
തലയിൽ തേക്കവേണ്ടീല കാൽമേലേററവുമുത്തമം
അടിവീക്കമൊഴിഞ്ഞീടും പെരിക്കാലാകിലും ദൃഢം
നിലംപുരണ്ടനീർതന്നിൽ കറളേകത്തില കൽക്കമായ്
വെളിച്ചെണ്ണ പചിച്ചിട്ട് തുളിച്ചാൽ വിരൽപുണ്ണപോം.

ഗുണഗണനിധിയാകും ഗണ്ഡപാഷാണഭൂപൻ
ധരണിയതിലൊരേടത്തങ്ങുവാഴുന്നകാലം
പരിഭവമതുലോകക്കൊട്ടുമേ വന്നുകൂടാ
ദൃഢമിതിയുരചെയ്യോൻ പഞ്ചമാദ്ധ്യായമത്ര.

ഇതി വൈദ്യസാരെ പഞ്ചമോദ്ധ്യായ:

## [ആറാമദ്ധ്യായം.]

പാദാദികേശം വീങ്ങീട്ട് ചുവപ്പും പാരമായതും
പനിയും ദാഹമേറീടി ലതിബാലന്നസാദ്ധ്യമാം
ഒന്നുകണ്ടാൽ ശമിച്ചീടും മദ്ധ്യമം രണ്ടു കാൺകിലോ
മൂന്നുകാൺകിൽ മരിപ്പാനായെളുപ്പം പാരമായതു്
നാലുകണ്ടാൽ മരിക്കാതെ ജീവിക്കില്ലെന്നു നിശ്ചയം.
പുളിതന്നിലയൂരിട്ട് ഗോമൂത്രത്തിൽ പിഴിഞ്ഞതിൽ
വരടിഭസ്മവും കൂട്ടിത്തേച്ചാൽ ബാലന്നു ചോപ്പുപോം.
ഹരീതകി പൊടിച്ചിട്ട് കുറുക്കിത്തേക്ക നീരുപോം.
ചെമ്പരത്തിയുടെ പുഷ്പം തക്രയുക്തം പിഴിഞ്ഞതിൽ
വരടിഭസ്മവും കൂട്ടിത്തേച്ചാൽ ബാലന്നു ചോപ്പുപോം.
മേച്ചോപ്പിന്നിഹ ചെമ്പരുത്തിയിലയും പുഷ്പോടരച്ചാദരാൽ
മോരിൽതന്നെ വെതുമ്പിവെച്ചു തുവരെപ്പൂശിടിലത്യുത്തമം.
എരട്ടിമധുരം മേഷമേലപ്പൊട്ടിലുമെന്നിവ
ചതച്ചിട്ടു ജലംവെന്താൽ കൊടുക്കാം ദാഹനാശനം.
ഒപ്പംവേന്നമിദാമൂന്നും വെള്ളം പാതികുറുക്കണം.
വാങ്ങിയേററം തണുക്കേണം സേവിപ്പിച്ചാലെരിച്ചിൽപോം.
വയമ്പര (ച്ചിട്ടു) [ച്ചു] തേക്കേണം കപ്പപത്രരസത്തിനാൽ
അല്പംമേൽ പരിമാറിടൽ പനിപോം മൂന്നുനാളകം
വാചാപാഠക്കിഴങ്ങൊപ്പം കരുക്കജലസംയുതം
അരച്ചു ഗാത്രേ തേച്ചാലും പനിപോയീടുമക്ഷണം
ഉപ്പിലിട്ട പുരാണാമ്രം അണ്ഡിയുള്ളിലതുദ്ധൃതേൽ
അരച്ചു തൈരിൽ പീതംച ബാലകാസരണാപഹം



പെരുകിൻ കടവേർമേൽ തോൽ ഉപ്പുവെള്ളത്തിൽവെച്ചതു്
നെയ്യിലാശു വറുത്തിട്ടുകൊടുക്കാം തൈരുതന്നിലു്.
കോൽക്കൊട്ടത്തോലിടിച്ചിട്ട് മോരിൽ വെന്തുകുറുക്കിയാൽ
കൊടുക്കാമതു ബാലന്മാക്കതിസാരവിനാശനം.
മുത്തങ്ങമൂലം പാൽതന്നിൽ ചതച്ചിട്ടു കുറുക്കിയാൽ
അതു ബാലന്നു സേവിച്ചാൽ ചോരയാം സരണം കെടും.
പെരുകിൻവേരു മേലേത്തോൽ തവിഴാമേടെ മൂലവും
ചതച്ചിട്ടു കുറുക്കിട്ടു് കൊടുക്കാം പാലിൽ നിത്യവും.
ആട്ടിൻപാൽ പശുവിൻപാലും സമം കൂട്ടിക്കുറുക്കണം
അതിസാരത്തിനും നന്ന് മൂലരോഗത്തിനേററവും
പാടക്കിഴങ്ങു നന്നാറി നെയ്യിലാശുവറുത്തുടൻ
പൊടിച്ചു തൈരിൽനന്നേററം കൊടുക്കാം സരണാപഹം.
വട്ടത്താറയുടെ വേർമേൽതൊലി തൈരിലരച്ചതു്
എലവാട്ടിപ്പൊതിഞ്ഞിട്ട് ചുട്ടുവെന്തു പിഴിഞ്ഞനീർ
കൊടുത്താലതുനിന്നീടും ബാലന്മാക്കതിസാരവും.
അമ്പാഴത്തോലുമീവണ്ണം ചെയ്യുണ്ടായ രസത്തിനെ
കൊടുത്താലൊഴിയും ബാലന്നതിസാരമതേററവും.
ജാതിക്കാ തയിരിൽ പിഷ്ട്വാ ചാലിച്ചുതയിർതിന്നിലു്
ബാലന്മാക്കു കൊടുത്തീടിൽ അതിസാരമൊഴിഞ്ഞു പോം.
അരച്ചുരുട്ടീമാലേയം തയിർതന്നിൽ കൊടുക്കിലോ
അതിസാരമൊഴിഞ്ഞീടുമതിബാലന്നസംശയം.
പാടതന്നിലനന്നായി തിരുമ്മീട്ടു പിഴിഞ്ഞതിൽ
തേനും കൂട്ടിക്കൊടുത്തിടിൽ അതിസാരമൊഴിഞ്ഞു പോം
ഉള്ളി ജീരകവും നല്ല ചെറുതാം കടലാടിയും
നെയ്യിലാശു വറുത്തിട്ടു് പൊടിച്ചു തയിർതന്നിലു്
കുടിപ്പു ശേഷമുള്ളോരു നെയ്ക്കൂട്ടിട്ടുൺകിലട്ടിനെ
അതിശ്രസ്സു ശമിച്ചീടുമതിനില്ലോരു സംശയം.
ഉപ്പരച്ചു പൊതിഞ്ഞിട്ടലശുനം ചുട്ടരച്ചതു്
ഉപ്പുകൂടാതെ നല്ലോരു തൈരിൽ പീതവുമുത്തമം.
അതിശ്രസ്സു പുറപ്പെട്ടാൽ പഴന്തോരു പുലാവില
എണ്ണതേച്ചതു വാട്ടിട്ട് അമുക്കീടിലകത്തുപോം.
പുളിതന്നിലകാട്ടപ്പ ഇല തുമ്പയുമെന്നിവ
പുളിയാരില മൂപ്പിച്ച ജലം വെന്തതിനാൽ പുന:
ശൌചാദികം ചെയ്യീടിൽ മൂലരോഗം ശമിച്ചിടും.

ഉള്ളി കൂട്ടിയതെല്ലാമെ കാടിതന്നിലരച്ചുടൻ
വെരുമ്പീട്ട പിരട്ടീടിൽ മൂലം പിന്നെപ്പുറപ്പെടാ
ത്രിദോഷം മൂന്നുമൊന്നിച്ചും വേർപെട്ടും ദുഃഖവുംഭയം.
അതിസാരത്തെയുണ്ടാക്കും അവ ന്യാറുപ്രകാരമായ്
രക്തംകൂടാതെയും പിന്നെ കൂടീട്ടും രണ്ടു ജാതിയാം
വായ്പാമത്തോടു കൂടീട്ടും കൂടാതെകണ്ടു മുണ്ടതു്.
മലത്തിൽ ചോര കൂടിലും വെള്ളത്തിൽ കാൺകിലും മലം
ഏറെ ദുർഗന്ധിയാവുകിലും വയർമൂളീട്ടിരിക്കിലും
വായിൽ വെള്ളം വരികിലു മാമാതിസാരമായ്വരും.
മാംസ ഖണ്ഡങ്ങൾ പോലെയും മാംസം പിന്നെക്കഴുകിയ
വെള്ളംപോലെയിരിക്കിലും ഷ്ണ്ണചാൽ നെയ്യുപോലെയും
മലം പോകുന്നതിൽപിന്നെ ബിന്ദുരേഖകൾ കാൺകിലും
സന്ധുക്കൾ നോകയെന്നൊരോന്നുണ്ടാകുന്നതസാദ്ധ്യമാം.
പിന്നെയാമാശയത്തിങ്കൽ ദോഷം വർദ്ധിക്കിൽ മേൽക്കുമേൽ
അതിസാരവുമുണ്ടാകുമഗ്നിമാന്ദ്യമതേററവും
അതിന്നുമുമ്പിൽ ചെയ്യേണമുപവാസം തതഃപരം
മലത്തെ നിർത്തുവാനുള്ള മരുന്നേററം കൊടുക്കണം.
സരണം സമമാവുകിലും നിരാമംതന്നെയാകിലും
ഏററമേററം മലംപോകിലേറെ വൈഷമ്യമായ്വരും.
ഭുജിച്ച അന്നം നന്നായി ദഹിക്കുംമുമ്പിലുള്ളതു
സമാതിസാരമാമന്നം ദഹിച്ചീടും നിരാമവും.
ഉണ്ടാലന്നം ദഹിയാതെ സാമമായിസ്സരിക്കിലും
ദഹിച്ചാലൊട്ടുമെതന്നെ പോകായ്കിലുമസാദ്ധ്യമാം.

[ഇതി] അതിസാര നിദാനം.

---

പുറത്തു് കൃമിയുണ്ടാവാൻ മൂലം മാച്ചു മെഴുക്കുകൾ
അതിന്നുപേർ മൂട്ടക്കുറപ്പേനെന്നൊരോന്നതായ്വരും.
കുഷ്ഠം രക്തത്തിലുമ്പുക്കാൽ ഉണ്ടാ(ൽ)[ം] രക്തത്തിലും കൃമി
പിന്നെയക്കൃമി ഭേദംക്കൊണ്ടിവയാറു പ്രകാരമാം,
അണുക്കളായ് ചുവന്നിട്ടും വെളുത്തിട്ടും കറുത്തതും
വട്ടത്തിൽക്കാലു കൂടാതെ തന്നെയും വലുതായ്വരും
അണുക്കളാകകൊണ്ടൊട്ടും കണ്ടുകൂടാതെയും വരും
പിന്നെക്കഴുത്തിലും കണ്ണം മേലെ കാലുകൾ കൈകളിൽ



സന്ധുക്കളിൽ പുറപ്പെട്ടു പരക്കും ദേഹമൊക്കെയും
പിന്നെ ക്രമേണ വർദ്ധിച്ചാൽ കാലംകൊണ്ടൊരു കുഷ്ഠമാം
തൈരു് ചോർ കറിയും തേനും പായസം വട ശർക്കര
എലക്കറികളും കള്ളും പുത്തരിച്ചോറുമെന്നിവ
ചെല്ലുമ്പോൾ കഫവും കൂടെ കൂടിയാമാശയത്തിലും
കൃമിയുണ്ടായ്വരും പാരിച്ച[വ](ങ്ങ)[യ]ഴപ്രകാരമാം.
വയ[ററിലി]വ വർദ്ധിച്ചാൽ മേൽവയററിൽ കഴുത്തിലും
ഹൃദയത്തിങ്കലും ചെന്നിട്ടുണ്ടാകും ഖണ്ഡമേററവും
കവിൾ പാരം തടിച്ചിട്ടു് വായിൽ വെള്ളം വരും തുലോം
വയർ നോകയുമിത്യാദി ഖണ്ഡങ്ങൾ പലതും വരും.
പിന്നെ പക്വാശയത്തിങ്കലുണ്ടാമഞ്ചുപ്രകാരമായ്
എന്നാലതിന്നുമുണ്ടാകും പല ഖണ്ഡങ്ങളിങ്ങിനെ
വിഴ്ഭേദ ശൂല വിഷ്ടംഭ കാർശ്യ പാരുഷ്യ പാണ്ഡുതാം
രോമ . . . . ഗ്നിസദന ഗുദകണ്ണ . . .
ഇതിന്നു മുമ്പിൽ വമനം പിന്നെ വേണം വിരേചനം
പഞ്ചകോലങ്ങളെക്കൊണ്ടു് പിന്നെച്ചെയ്യവു ചികിത്സകൾ,
തലയിൽ കൃമിയുണ്ടായാൽ ശിരോരോഗ ചികിത്സകൾ
കല്പിച്ചിട്ടുള്ളതൊട്ടേറെ പുളിച്ചിട്ടുള്ളതും സദാ.
കൂട്ടിഉണ്ടാൽ ക്രമംകൊണ്ടു് കൃമിഖണ്ഡം ശമിച്ചുപോം

[ഇതി] കൃമി നിദാനം.

---

പച്ചമഞ്ഞളുമാണ്ടാനാം മുളകുത്തിപ്പിഴിഞ്ഞതിൽ
ചൂടംകപ്പുരമിട്ടിട്ടു് സേവിച്ചാൽ കൃമി ചത്തുപോം.
പലാശിൻ തൊലി കഷായംവെച്ചതിൽ പേഷിക്ക നേരവെ
അക്ഷചൂർണ്ണമതൊട്ടൊട്ടു കാച്ചിയുള്ളൊരു മോരതിൽ
കുടിക്കിലന്നേ ചത്തീടും കുലപ്പാമ്പുകൾ നിർണ്ണയം.
ഇന്തുപ്പു് നിറച്ചിട്ടു് കള്ളിത്തല തുരന്നതിൽ
മണ്ണുകൊണ്ടു് പൊതിഞ്ഞിട്ടു് ചുട്ടു വാങ്ങീട്ടു സൈന്ധവം.
മന്ദോഷ്ണതോയേ സേവിച്ചാൽ വയർനോവു് ശമിച്ചുപോം.
ഉണങ്ങിട്ടു പുളിത്തോലു് ചുട്ടു വെണ്ണീറതായതു്
സേവിപ്പൂ കാച്ചുവെള്ളത്തിൽ വെറും കടി ശമിച്ചുപോം
പുളികൂട്ടിയരച്ചിട്ടു് മേൽ തട്ടീടാതെ ചേക്കുരു
കുറഞ്ഞൊന്നതു തിന്നീടിൽ കുലപ്പാമ്പുകൾ ചത്തുപോം.
എരുമച്ചാണകം തന്നിൽ പലാശിൻകുരു പൊതിഞ്ഞതു്
മൂന്നുനാൾ കഴിയുന്നേരം കഴുകിക്കൊണ്ടതാദരാൽ.

ഉള്ളിലുള്ളങ്കുരം പോക്കി പേഷിച്ചിട്ടങ്ങരുട്ടുക.
മുമ്പിൽ ശക്കര തിന്നിട്ടു് പിമ്പേയിതു വിഴുങ്ങുകിൽ
കുലപ്പാമ്പുകൾ ചത്തീടും കൂട്ടത്തോടെട്ടു നാളകം.
വിഷ്ണുക്രാന്തി സമൂലത്തെ കുത്തി കിഴികൾകെട്ടിയാൽ
പാലിലിട്ടു കുറുക്കീട്ടു് സേവിപ്പിക്കാമെരിച്ചിൽപോം.
തുമ്പപ്പൂമലർകൊട്ടത്തിൻ തൊലിയും ദേവതാരവും
വില്വമൂലവുമായ്ക്വാഥം നന്നേററം രുചി വദ്ധനം
പരത്തിവേരരച്ചിട്ടു് പച്ചപ്പാലിൽ കുടിക്കിലോ
മൂത്രം തടവു തീന്നീടും വലുതായോക്കമാമിതു്
അരി കഴുകിയുള്ളൊരു നീരിൽ മേഘമരച്ചുടൻ
നാഭിയിങ്കലതിട്ടീടിൽ മൂത്രം വീഴുമസംശയം.
ചെമ്പരുത്തിയുടെ വേരും ചെറുതാം പയറും സമം
കഷായംവെച്ചു സേവിച്ചാൽ മൂത്രസ്രാവതൊഴിഞ്ഞുപോം.
നിലപ്പന ശതാവേരി കരുവും നാഗപുഷ്പവും
പുരാണാമലകം നല്ല കരിങ്ങാലിക്കാതലും പുന:
ഞെരിഞ്ഞിലുമതെല്ലാമെ കഷായം മധുസംയുതം
സേവിച്ചാലതു് തീർന്നീടും രക്തസ്രാവമസംശയം.
മാസമൊന്നായ ബാലന്നു് മൂത്രം വീഴായ്കിലാദരാൽ
ഏലത്തരിയിളന്നീരിൽ സേവിപ്പിച്ചീടിൽ നന്നതും
വിഷ്ണുക്രാന്തിയതിൻ പത്രം പാലിലങ്ങരച്ചുടൻ
സേവിപ്പിച്ചാലൊഴിഞ്ഞീടും മൂത്രച്ചുട്ടുമസംശയം
പിന്നെ ഹേതുക്കൾ കൂടാതെ മല (മേറ) [മേറെയറ] ച്ചുപോം (തഥാ)

[തഥാ] ഹേതുക്കൾ കൂടാതെ മലമേറെ അയഞ്ഞുപോം
അപ്പോൾ ഗ്രഹണിയെന്നുള്ള പേരതിന്നുളവായ്വരും

നാഭിക്കു താഴെ ഭാഗത്തു ഗുദദ്വാരത്തിനൊട്ടുമേൽ
ഗ്രഹണീ പാത്രമാകുന്ന മലത്തിന്റെ യിരിപ്പതിൽ.
വാതാദികളതിൽ പുക്കാൽ വ്യാധിയും വലുതായ്വരും
ത്രിദോഷയോഗം കൊണ്ടതു നാലുപ്രകാരമാം.
ഗ്രഹണീവണ്ണമുണ്ടായാൽ ദോഷാഗ്നി ബലമുള്ളവൻ
ജീവിച്ചുവെന്നുവന്നീടും അസാദ്ധ്യം ദുർബ്ബലന്നതു്.
ഏറെ ഗ്രഹണി വദ്ധിച്ചാൽ ചികിത്സിക്കേണമിങ്ങിനെ
ദഹിപ്പിപ്പാൻ . . . മരുന്നൂണിന്നു മുമ്പിലും



ഉണ്ടാലുമഗ്നി വദ്ധിപ്പാൻ കൊടുക്കേണം മരുന്നുടൻ
ഇങ്ങിനെ ചെയ്തുകൊള്ളേണം ഗ്രഹണിക്കു ചികിത്സകൾ

### [ഇതി]ഗ്രഹണി നിദാനം

പെററാലദ്ദിക്കനന്നു തൊട്ടന്നദിനം മാതാവു തന്റെ മുല-
പ്പാൽ ചെന്നീടുകവേണമൊന്നര വയസ്സമ്പോടിരട്ടിച്ചനാൾ
നന്നാവാനിതിലേറെ വേണ്ട ഗുണമായുള്ളൊന്നതൊന്നും ദൃഢം
നന്നാകാ പലരക്ഷ ചെയ്കിലുമഹോ വന്നീടുമോരോഗദം.
ആണ്ടിൽ പിള്ളകളായ് ജനിച്ചു ജനനീ പാലില്ല, (തെയാ) [യെന്നായ്]ചമ-
ഞ്ഞോരോരോഗദമാകിലും പുനരവൾക്കുണ്ടായുടൻ ഗർഭവും.
വന്നാലെന്തു വരേണ്ടതെന്നു പറവാനൊല്ലാ നമുക്കെത്രമേ
ധാതാവിൻ കൃപയുണ്ടതെന്നു വരികിൽ ജീവിക്കുമബ്ബാലകൻ
പാലുചെല്ലാതെയാകുമ്പോൾ ദാഹമേറി വരും ദൃഢം
തോയമേററം കുടിച്ചീടിൽ കായമേററം വിളർത്തുപോം.
പച്ചവെള്ളമകത്തായാൽ കുക്ഷിവന്നഥ വീർത്തുപോം
ഭക്ഷണം പുനരില്ലാതാം തൽക്ഷണേ സരണം വരും.
വരുക്ഷമത്തു കഴിഞ്ഞിട്ടാശു പരീതം തുടങ്ങി-
ട്ടതുകഴിയു (മ) [കില] പ്പോളുഗ്രമാം വേനലുണ്ടാം
അതുപൊഴുതിലതാകും രോഗമാബാലവൃദ്ധം
വരുമൊരു കഴിവില്ലാ തെന്നിവണ്ണം വിശേഷാൽ.
വില്വാദിയിട്ടുടൻ പാലു് നന്നായ് കാച്ചിക്കുറുക്കിയാൽ
അത്താഴണു് കഴിഞ്ഞിട്ടു് സേവിപ്പിച്ചീടിലുത്തമം.
ദാഹമേററവുമുണ്ടാകിൽ മുത്തെങ്ങാമൂലമിട്ടുടൻ
പാലു് നന്നായ് കുറുക്കിട്ടു് സേവിപ്പിച്ചാലിളച്ചുപോം.
അകവാപ്പിന്നകത്തെങ്ങും തിണർത്തു പരിചോപമം
ചുവന്നു നിഴലിച്ചങ്ങു കാണാം കണ്ണിങ്കലും തഥാ
വീക്കമപ്പുറമെ കാണാം തിണർത്തുപുറവാപ്പിന്നു്
ചുവന്നു നയനം രണ്ടും വലഞ്ഞിട്ടും യഥാപുന:
രക്തബിന്ദുക്കളെപ്പോലെ കാണാം കുതിരവാപ്പിന്നു്
സർവ്വാംഗവും നയനവും മഞ്ഞൾതൻ നിറമായിടും
പച്ചളിച്ചു ഞരമ്പെല്ലാം പൊങ്ങും കൺ പച്ചളിച്ചുപോം
ചെമ്മെ കുതിരവാപ്പിന്നു് വിങ്ങീപ്പോമാനവാപ്പിന്നു്
വീങ്ങും ചുരുങ്ങുമുടനെ നിർവാപ്പെങ്കിലമുക്കിയാൽ
അമുങ്ങും വിരൽകൊണ്ടങ്ങു കണ്ണനീരൊഴുകും സദാ
ഉറച്ചു വീക്കമുണ്ടാകുമംഗ [ത്തിൽ] ചോരവാപ്പിന്നു്

പനിക്കും തലയും നോവും ചുവക്കും കൺ തുടക്കനെ
ഞെട്ടും കരപ്പനെന്നുണ്ടാം കുട്ടികൾക്കൊന്നസഹ്യമായ്
ഞെട്ടീട്ടു കരയും കണ്ണോ വീക്കവും നീരിറക്കവും
വായിൽപ്പുണ്ണ് നിറഞ്ഞീടും വായുമുട്ടുകയും സദാ
പാണിപാദങ്ങൾ നീട്ടീടുമപസ്മാരംപോലെ ലക്ഷണം
കണ്ടാലിതിന്നുചെയ്യേണ്ടും പ്രകാരം പറയുന്നിതു്.
ദീപതൈലം കൊടുക്കേണമതിന്നുള്ള മരുന്നുകൾ
കരുക്ക കുക്കിലാ കൃഷ്ണതുളസികരു മുരുക്കില,
പുല്ലാണി കൃഷ്ണനിർഗ്ഗുണ്ഡി[1] വാവിട്ട ഞാറപപ്പടം
തെച്ചിപൃകൊട്ടുഞൊലീച[2] ജടയായ[3] മരുന്നതും
ഇടിച്ച സദ്രസൈകല്കം യഷ്ടിമാലേയ ജീരകേ
തിപ്പലീ ചീനമരിചം വചാ[4] ദാർവ്വ്യബ്ദ[5] കുഷ്ഠവും
അരിയാറജമോജഞ്ച മുക്കായെന്നിവയൊക്കെയും
തുല്യമായ്ക്കൂട്ടി നല്ലോരു പാകമാക്കിച്ചമച്ചുടൻ.
അരിച്ചേഴെട്ടുനാൾ ബാലൻ കുടിക്കിൽ പിണിതീർന്നുപോം.

ലക്ഷ്മീപണ്ടു വിധീശപുരാദികളേയും കണ്ടിട്ടുപേക്ഷിച്ചുടൻ
സാക്ഷാൽ സർവ്വഗുണങ്ങളുള്ള ഭഗവാൻതന്നെ വരിച്ചീടിനാൾ.
ഗണ്ഡീശ്മാധിപതീങ്കലാഗ്രഹമവൾക്കുണ്ടെന്ന ശങ്കേപരം
തസ്യാജ്ഞാവശനായ് പറഞ്ഞു ഖലു ഞാനദ്ധ്യായമാറിങ്ങിനെ.

ഇതി വൈദ്യസാരെ ഷഷ്ഠോദ്ധ്യായ:

## [ഏഴാമദ്ധ്യായം.]

പെററിട്ടു പുലപോയന്നേ ചെയ്യേണം പലരക്ഷകൾ
നാല്പാമര കഷായത്തിൽ പഞ്ചഗോശാലയിൻപൊടി
ഇട്ടുനന്നു കുളിപ്പിപ്പാൻ ബാലാനാം ജീവരക്ഷണെ.
സന്ധ്യക്കുഴികയും നിത്യം ജപിക്ക പല മന്ത്രവും

[1] കരിനൊച്ചി. [2] വെററിലക്കൊടിയിൽനിന്നു തൂങ്ങിവരുന്ന വള്ളി. [3] ജടയ്ക്കു് ത്രച്ചട, മാഞ്ചി, ശതാവരി, നായിക്കൊരണ എന്നീ അർത്ഥങ്ങളുള്ളതിൽ ത്രച്ചടയായിരിക്കും ഇവിടെ വിവക്ഷിതമായിട്ടുള്ളതു്. വീരുദ്വർഗ്ഗത്തിൽപ്പെട്ട ഇതിന്നു് ഭൂതപീഡാദികളെ ശമിപ്പിക്കാനുള്ള ശക്തിയുണ്ടെന്നു പ്രസിദ്ധമാണു്. [4] ദാർവ്വിക്കു് ദേവതാരം, കൊഴപ്പ, മഞ്ഞൾ, മരമഞ്ഞൾ ഇത്യാദ്യർത്ഥങ്ങളുള്ളതിൽ ദേവതാരമായിരിക്കും പ്രകൃതത്തിൽ സ്വീകാര്യമായ അർത്ഥം. [5] അബ്ദം = മുത്തങ്ങ.



ധൂപാദികളുമുണ്ടോരോ പാപനാശങ്ങളായവ.
നാഴിക്കുരുതികൂട്ടേണം ചെമ്പുപാത്രത്തിലാദരാൽ
ഇരഞ്ഞിതന്നുടെ പത്രെ ചുവപ്പിച്ചരിയിട്ടുടൻ
തിരികത്തിച്ചുവെക്കേണം പൊലിയാതെകണ്ടുഴിഞ്ഞുടൻ.
ഓരോന്നും ബാലനെക്കാട്ടി ഉഴിഞ്ഞു കുരുതിലിടു
ഏഴുമായാലുഴിഞ്ഞിട്ടു പാത്രത്തോടെയെടുത്തുടൻ
ഉഴിഞ്ഞു കൊണ്ടുപോം നേരം മുലപ്പാലും കറന്നതിൽ
വെച്ചുവേത്തു കുഴിക്കേററം തൂക്കീടുക ദിനേദിനേ.
അതിന്നുമന്ത്രവും ചൊല്ലാം ശ്രീപഞ്ചാക്ഷരമായതു്
ഇത്ഥംമുട്ടാതെ മുവ്വാണ്ടു് ചെയ്തീടുന്നാകിലുത്തമം,
സംവത്സരമതെന്നാലും മദ്ധ്യമം മടിയേറുകിൽ
അധമം ചെയ്തുകൊള്ളായ്കിൽ ബാധിഷ്യതിചദേവത.
പിന്നെ പലതുവേണ്ടീട്ടും ബലികർമ്മങ്ങൾ നീങ്ങുവാൻ.
ഇനിയൊന്നുണ്ടുഴിഞ്ഞീടാൻ തിങ്ങളിൽ കൊടിയാഴ്ചനാൾ
ഈഴോച്ചേമ്പില ശൂർപ്പത്തിൽവെച്ചിരഞ്ഞി(ല)തന്നില
ഓരോരുരുളവെക്കേണം വെളുത്തും ചോന്നുകൃഷ്ണമായ്.
ഓരോ തിരികളും വെച്ചങ്ങോരോ ഭാഗത്തിനിങ്ങിനെ
കുരുതി ചുരടയിൽ കൂട്ടീട്ടൊരുഭാഗത്തു വെച്ചുടൻ
ഉഴിഞ്ഞു മുമ്പിലെപ്പോലെ മുലപ്പാലും കറന്നതിൽ
വീത്തിവേത്തുകുഴിക്കൽകൊണ്ടാശു വെച്ചേച്ചുപോന്നിടു.
ഈവണ്ണം രണ്ടുമെത്തീടിൽ പററാ വളരെ ദേവത.
പിന്നെയും പററിയെന്നാകിൽ നീക്കേണം ബലികർമ്മണാ.
ഹംമലർന്നാദിമന്ത്രേണ ജപിച്ചൂതിയ വാരിണാ
ബാലകന്മാരെ നന്നായി കുളിപ്പിക്കുക നിത്യവും
ബാലനു മാസബലിയും വിശേഷബലിയും തഥാ
ചുരുക്കീട്ടത്ര ചൊല്ലീടാം സാരമന്ത്രപുരസ്സരം.
ബാലകന്മാർ ജനിക്കുമ്പോൾ ഈററില്ലത്തിൽ കടന്നുടൻ
ബാധിക്കും ദേവതക്കുള്ള നാമം രുധിരഗർഭിണി.

കണ്ണുരണ്ടും മിഴിച്ചീടാ മുലയുണ്ണാമെലിഞ്ഞിടും
കരയും വാകറുത്തീടും തൽപീഡാചിഹ്നമിങ്ങിനെ
അതിന്നു ബലിചൊല്ലീടാം പരത്തിക്കുരുതണ്ഡുലം
ഉരീരിശ്ശ വറുത്തിട്ടു് പൊടിച്ചിട്ടിളനീർജലെ
കുഴച്ചു വാഴതൻ കൂമ്പിൽവെച്ചിട്ടുഴിക ബാലനെ.

പിന്നെ നൽതിരിയുണ്ടാക്കി മുന്നെ നെയ്യിൽ നനച്ചുടൻ
കൊളുത്തീട്ടുഴിവാൻ നല്ല സാരമന്ത്രം വദാമ്യഹം.

അഹം സ്വാഹ ഓം ശിവായ സ്വാഹ ഈ മന്ത്രം ജപിച്ചുഴിയുക.

പുരതൻ മുകളിൽതന്നെ വെച്ചീടുക യഥാവിധി.
ആറാംദിവസരാത്രൌ തു ഷോഡശഗ്രഹപീഡയാം.
അതിന്നു സന്ധ്യാബലിയായ് കൂട്ടണം രാശിചക്രവൽ.
വെളുത്ത കുസുമംകൊണ്ട് പൂജചെയ്തു യഥാക്രമം.
നറുക്കുവെച്ചക്ഷതത്തെച്ചേർത്തീട്ടു പിന്നെയും ക്രമാൽ
മലരും തവിടും ചേർത്ത തിരിയും വെച്ചുകൊണ്ടഥ
മേഷാദിഷോഡശഖണ്ഡേ കല്പിച്ചിട്ടു ഗ്രഹങ്ങളെ
സ്കന്ദോവിശാഖോ മേഷാഖ്യോ ശ്വഗ്രഹ: പിതൃസംജ്ഞക:
ശകുനീപൂതനാ ദുഷ്ടപൂതനാ ശീതപൂതനാ
മുഖമണ്ഡലികാതദ്വൽ രേവതീ ശുഷ്കരേവതീ
പൂജയിത്വാഗ്രഹാൻ സർവ്വാൻ മദ്ധ്യേസംഭാവ്യശങ്കരം
നൂററൊന്നുവട്ടമുഴിവൂ മന്ത്രമത്ര പറഞ്ഞിടാം.

ഓം നമശ്ശിവായ.

ആലിൻചുമട്ടിൽ വെക്കേണം പിന്നെയസ്സൂതികാഗൃഹെ
ആയുധത്തെ ധരിച്ചിട്ടു് രാത്രിയിൽ കാവൽ നിർത്തണം.
ഗ്രഹപീഡ ശമിച്ചീടുമെന്നാൽ സംശയമില്ലഹോ
ഗ്രഹപ്രസാദാൽ ബാലന്നു രോഗജാതം ഭവിച്ചിടാ.
ഒന്നാം തിങ്ങളിൽ ബാല[ന്നു്] കുമാരേതി പ്രസിദ്ധയാം
ദേവതാവന്നു ബാധിക്കും ലക്ഷണങ്ങൾ പറഞ്ഞിടാം.
ഛർദ്ദിക്കും ചെങ്കരപ്പുണ്ടാം അതിന്നു ബലിവെക്കണം.
തിലവും കടുകും നല്ലും മുഴക്കിശ്ശ വറുത്തുടൻ
പൊടിച്ചതിളനീർവെള്ളെ കുഴച്ചു കുഴവീവപി
ചമെക്ക രണ്ടരസ്സംഖ്യാ വാഴക്കുമ്പതിൽവെച്ചുടൻ
രണ്ടുനാഴിക രാച്ചെന്നാൽ കൂപത്തിൻകരെ വെച്ചുടൻ
ഉഴിവൂ പന്തവും രണ്ടു തിരിയെട്ടങ്ങു വെച്ചതിൽ.
അതിന്നു മന്ത്രം ചൊല്ലുന്നേൻ ബാലപീഡാഹരപ്രദം.

ഓം ഫണിഫണി സ്വാഹാ, സ്വം സം സ്വാംഹാ, ശ്രീം ശ്രീം ബാലകുമാരീ ബലികൊൾക കൃഷ്ണകൃഷ്ണ മുഞ്ചമുഞ്ച ബാലകം സ്വാഹാ.



രണ്ടാം തിങ്ങളിൽ ബാധിക്കും ദേവതാകാരിയക്ഷിയാം:
അതിന്റെ ലക്ഷണം ചൊല്ലാം കരയും വയർ വീക്കയും
കുറുക്കും മെലിയുമൊച്ചയടയ്ക്കും വാച്ചുമന്നിടും
അതിന്നു ബലിവെക്കേണമുഴുന്നുമരിയും തഥാ.
കൂട്ടിഹവിസ്സുംവെച്ചിട്ടു എരിക്കിലയിലൂട്ടുക.
തെനതന്നരി മുഴക്കുവെച്ചുണ്ടായ ഹവിസ്സിനെ
കുലയാ വാഴയിലയിൽ നറുക്കിലയിലൂട്ടുക.
തുമ്പപ്പൂകൂട്ടി ബലിയെ കൊടുക്കതിന്നു മന്ത്രവും

ഓം തദിനി സ്വാഹാ ഓം കം സ്വാഹാ എഡൈൗകാരിയക്ഷി ബലികൊൾക കൃഷ്ണകൃഷ്ണ മുഞ്ചമുഞ്ച ബാലകം സ്വാഹാ.

മൂന്നാം തിങ്ങളിൽ ബാധിക്കും ദേവതാ രുദ്രപാണിയാം
ലക്ഷണങ്ങൾ പറഞ്ഞീടാം നടുങ്ങും വയർവീർത്തിടും
കണ്ണടയ്ക്കും പനിച്ചിടും പുണ്ണുണ്ടാം ബലിവെക്കണം.
മുഴക്കു പയറും പിന്നെ പുഴുങ്ങല്ലരിയും തഥാ
വറുത്തിടിച്ചു പശുവിൻ പാലിലങ്ങു കുഴച്ചുടൻ
കുഴവീ പത്മപത്രത്തിൽ വെച്ചീടുകതിലാദരാൽ
പന്ത്രണ്ടു തിരിയക്കോല പന്തമൊന്നൊ യ്വതായ്ത്തിരി.
കൊളുത്തിവെച്ചുടൻ പിന്നെ രണ്ടാംനാഴിക രാത്രിയിൽ
നട്ടമുററത്തുവെച്ചിട്ടങ്ങുഴിഞ്ഞാൽ പിണിതീർന്നിടും.

ഓംകാരവാണി സ്വാഹാ ഓംദാമിനി സ്വാഹാ ഓം ഹ്രീം ഹ്രീം കൗമാരി രുദ്രാണി ബലികൊൾക കൃഷ്ണകൃഷ്ണ മുഞ്ചമുഞ്ച ബാലകം സ്വാഹാ.

നാലാം മാസത്തിൽ ബാധിക്കും ദേവതാ ഇന്ദ്രയക്ഷിയാം
മുലയുണ്ണാ കണ്ണടയ്ക്കും മെച്ചുവക്കും കരഞ്ഞിടും
അതിന്നു ബലിചൊല്ലുന്നേൻ അരിമുഴക്കുവെച്ചഥ
ഹവിസ്സുണ്ടാക്കി മാതാവിൻ പാലിലങ്ങു കുഴച്ചതു്
തിരി പന്ത്രണ്ടുവെച്ചിട്ടു് പുലാവിൻ കീഴിരുന്നഥ
ശ്മശാനദേശം സങ്കല്പ്യകൊടുക്ക ബലി സാദരം.
മുറാത്തെന്നാകിലും കൊള്ളാം ചൊല്ലാമതിന്നു മന്ത്രവും

ഓം സന്ത്രസന്ത്രഹി ശിവായസ്വാഹാ ഓം ഭ്രക്ഷിണ്യൈ സ്വാഹാ സർവ്വഹൃദയാത്മനി ഇന്ദ്രയക്ഷി ബലികൊൾക കൃഷ്ണകൃഷ്ണ മുഞ്ചമുഞ്ച ബാലകം സ്വാഹാ.

ബാധിക്കും പഞ്ചമെമാസി ദേവതാ സൂൎയ്യയക്ഷിയാം

മേൽനോക്കിക്കരയും പിന്നെ മെലിയും പനിവന്നിടും
ഹവിസ്സിനരി രണ്ടേകാൽനാഴികൊണ്ടു ചമച്ചതിൽ
ശൎക്കരാ രക്തപുഷ്പഞ്ച സംയുജ്യാവാഹയേൽ ബലിം
പേരാലിലയിലും വാഴക്കുമ്പിലും വെച്ചുകൊണ്ടുടൻ
മുക്കൂട്ടുവഴിയിങ്കന്നു നൽക കെട്ടുക യക്ഷിയാൽ.

യക്ഷിമന്ത്രം: ഓം യക്ഷിയെ സ്വാഹാ.

പതിനാറുതിരിയക്കൊലഞ്ചുനാഴിക രാത്രിയിൽ
ഉഴിഞ്ഞീടുക മന്ത്രത്തെ ചൊല്ലുന്നേനതിനുള്ളതു്.

ഈ ഈ സ്വാഹാ ഹ്രീം ഹ്രീം കുമാരി സൂൎയ്യയക്ഷി
ബലികൊൾക കൃഷ്ണകൃഷ്ണ മുഞ്ചുമുഞ്ച ബാലകം സ്വാഹാ.

ആറാംതിങ്ങളിൽ ബാധിക്കും കുമാരിയക്ഷിയെന്നവൾ

അതിന്റെ ലക്ഷണം ചൊല്ലാം കരെക്കും തലപുൺപെടും.
വയർവീക്കും പനിച്ചീടും ഉളവാമതിസാരവും
അതിന്നു ബലിചൊല്ലുന്നേൻ മൂന്നുഴക്കു തണ്ഡുലം
പചിച്ചുടൻ ഹവിസ്സാക്കി മൂന്നുകൂറായിവെച്ചഥ
ഒരുകൂറുശിവം പിന്നെ കുഴവീയൊരുകൂറതാം.
വിംശത്യാലിലയിൽ ചെമ്മെ തണ്ഡുലപ്പൊടിയാൽപുന:
വട്ടംകുറച്ചു വെവ്വേറെ ഹവിസ്സും ചേൎത്തുകൂട്ടുക.
തിരിയങ്ങിരുപത്തൊന്നും തിരിയക്കോലുമത്രയും
പന്തമൊന്നുകുളത്തീട്ടു് വെച്ചീടുക യഥാക്രമം.
കാഞ്ഞിരത്തിൻ ചുമട്ടിന്നങ്ങൂട്ടീടുക യഥാവലെ
ഓം പക്ഷി; സ്വാഹാ എന്നു ജപിച്ചിട്ടു് കലശംചൊരികാദരാൽ
ബലിക്കുമന്ത്രവും വേറെച്ചൊല്ലീടുന്നുയഥാവിധി.
കരുതിയെ സ്വാഹാ, ഓം ശിംശതി കുമാരിയക്ഷി ബലികൊൾക
മുഞ്ചുമുഞ്ചബാലകം സ്വാഹാ.

പീഡിക്കും ദേവതയേഴിൽ പ്രജാഡാധാരിയക്ഷിയാം

പനിക്കും ചെവിയിൽ കുത്തും നൊന്തിടും സന്ധിയൊക്കെയും.
ഉണ്ടാവും തലനോവേററം അതിന്നു ബലിചൊല്ലുവൻ
രണ്ടേകാൽ നാഴിയരിയാൽ ഹവിസ്സങ്ങു ചമച്ചുടൻ
നാലുകൂറായി വെച്ചിട്ടു് കുഴവീയൊരുകൂറതിൽ
ഒരു കൂറുശിവന്നാക്കി കുഴവീ മദ്ധ്യത (൧) [:] ശിവം.



നിൎത്തിപ്പന്തം കൊളുത്താതെ മന്ത്രിക്ക പതിനാറുരു
പിന്നെപ്പന്തം കുളത്തീട്ടങ്ങുഴിഞ്ഞീടുക പിന്നെയും.
സേചനംചെയ്ക രക്തത്ത (ി) [ാൽ] ബാല (൧) മന്ത്രപുരസ്സരം.
ഹ്രീം ഹ്രീം സ്വാഹാ, ശിവായെ സ്വാഹാ ഓംശ്രീ
മുഖിയെ സ്വാഹാ പ്രജാഡാധാ[രി]യക്ഷി ബലികൊൾക കൃഷ്ണ
കൃഷ്ണ മുഞ്ച [മുഞ്ച] ബാലകം സ്വാഹ.
ശൈവയന്ത്രം ധരിപ്പിക്ക ബാലരോഗം ശമിച്ചുപോം.
അഞ്ചു കൈത്തിരിയും പന്തമൊന്നും കത്തിച്ചുകൊള്ളുക.
അതിന്നു മന്ത്രം വിരവിൽ ചൊല്ലീടാം ഞാൻ യഥാവിധി.
ഏഴുനാഴിക രാച്ചെന്നാൽ ഉഴിഞ്ഞഷ്ടമരാശിയിൽ
വെച്ചീടിലതിനാൽ പീഡ ശമിച്ചീടുമസംശയം.

പിശാചരീയക്ഷിവന്നു ബാധിക്കും മാസമഷ്ടമെ

അപ്പോൾ പീഡകളുണ്ടാകും ഛൎദ്ദിക്കും മെലിയും പുന:
വീങ്ങീടും വൃഷണം പിന്നെ സ്ത്രീയാകിൽ യോനിയിങ്കലും.
പുമ്പെടും വയറും കാലും അതിന്നു ബലിവെക്കുക.
തണ്ഡുലമഞ്ചുഴക്കാൽ ഹവിസ്സുണ്ടാക്കിയായതിൽ
സൎപ്പിസ്സും തയിരും കൂട്ടി മൂന്നുകൂറായിവെച്ചുടൻ
ശിവംചമച്ചു് പത്തൊമ്പതരയാലിലയിൽപുന:
ഊട്ടീടുകതു മറേറക്കൂറേവം പാലിൽ കുഴച്ചഥ
ചമച്ചുകുഴവീതന്റെ നാലുഭാഗത്തുമമ്പിനാൽ
നറുക്കിലയിൽവെച്ചിട്ടു് അരിയിട്ടങ്ങരുട്ടുക.
തിരിമുപ്പത്തുരണ്ടല്ലോ തിരിയക്കോലുമേവമാം
പന്തമൊന്നും കുളത്തീട്ടു് മഹിഷത്തിന്റെ നെയ്യതും
തയിരുംകൂട്ടി വീഴ്ത്തീട്ടു് ശിവത്തെ പൂജയേൽ പുന:
മുന്നിറം പൂവതിന്മീതെ വെപ്പൂ വെററിലയും ക്രമാൽ
ഒരുപന്തം കുളത്തീട്ടു് വെച്ചങ്ങതു നിവേദയേൽ.
അതിന്നുമന്ത്രവും പിന്നെ ചൊല്ലീടാം ഗുരുസംജ്ഞയാ.

ഓം ശിവ നരസിംഹായ സ്വാഹാ ദം ഢാ ഢാ
രാള്വീശഞ്ചരയക്ഷി ബലികൊൾക കൃഷ്ണകൃഷ്ണ മുഞ്ചമുഞ്ച
ബാലകം സ്വാഹ.

ഈശാനയക്ഷി ബാധിക്കു മൊമ്പതാം തിങ്ങളപ്പോഴേ

മൂത്രം ചുവക്കും പനിയും വയർവീക്കും മെലിഞ്ഞിടും

അതിന്ന ബലിതണ്ഡുലമാറേമുക്കാലു നാഴിയിൽ
പാതികൊണ്ടു് ഹവിസ്സാക്കി പാലുനെയ്യഥ പക്വാവും
കൂട്ടീട്ടു മൂന്നുകൂറാക്കി ഒരുകൂറുശിവം പുന:
ഒരു കൂറിൽ കുഴവിയായ് വെച്ച തന്മദ്ധ്യത: ശിവം
നിൎത്തിക്കൈത്തിരിയുംവെച്ചു് പന്തവും ചേൎത്തുകൊള്ളുക.
മദ്ധ്യഭാഗമൊഴിച്ചിട്ടു് പുനന്നാല്പത്തുമെട്ടുമാം.
ഖണ്ഡത്തിൽ ബലിയും കൂട്ടിതണ്ഡുലം പാതിയുള്ളതു്
നാലുഭാഗത്തു മവ്വണ്ണം നടുവിങ്കലുമാദരാൽ
വെച്ചപിന്നെ യിളന്നീരും തേങ്ങ താംബൂലമെന്നിവ
ചേൎത്തുപിന്നെ കുരുതിയിൽ കുളിപ്പിക്ക സമന്ത്രകം.

ഓം നരസിംഹായ സ്വാഹ. ഓം മായെ ഈശാന യക്ഷി ബലികൊാംക, കൃഷ്ണകൃഷ്ണ മുഞ്ചമുഞ്ച ബാലകം സ്വാഹ.

ഈശാനീശ്വരി ബാധിക്കും തിങ്ങം പത്തായ്വരുംവിധൌ.

മൂത്രം ചുവന്നുകണ്ടീടാം മുലയുണ്ണാ പനിച്ചീടും
ഉറക്കങ്ങളിലഞ്ഞേററു ഞെട്ടീടും വായ്വരണ്ടീടും
അവംക്ക ബലി തണ്ഡുലമേഴേമുക്കാലളന്നതിൽ
രണ്ടുകൂറുഹവിസ്സാക്കി മൂഴക്കതിനെയ്യും തഥാ
വെച്ചങ്ങു മൂന്നുകൂറാക്കി നൈപാൽ പഴവുമാദരാൽ
കൂട്ടീട്ടുശിവമുണ്ടാക്കി കുഴവായൊരു കൂറിനാൽ
ശിവം കുഴവിമേൽ നിൎത്തി മദ്ധ്യഭാഗമൊഴിച്ചുടൻ
മുപ്പത്താറായ ഖണ്ഡത്തിൽ ബലികൂട്ടിയതിൽ പുന:
എരിക്കിലയിലൂട്ടേണ മിരിപത്തൊന്നു കോൽത്തിരി
തിരിയങ്ങിരുപത്തൊന്നും പന്തം മൂന്നും തറച്ചുടൻ
ഉഴിയേണം പുനശ്ശേഷമുള്ളോരരിയെടുത്തുടൻ
നാലുഭാഗെ നടുവിലും ചേക്കാ വെള്ളരിയാൽ പുന:
താംബൂലമിളനീർ തേങ്ങ വെച്ചീടുക യഥാക്രമം
ആലിൻകീഴിലിരുന്നിട്ടു് ബലിനൽക സമന്ത്രകം.

പക്ഷിജഗ്വിനാമ (മ) [യ] ക്ഷിസ്വാഹാ. ഓംകാര ഓം സ്വാഹാ. ഓം വൈഷ്ണവെസ്വാഹാ. ഓം സൎവ്വ സഞ്ചലിയെ സ്വാഹാ, ഈശാനേശ്വരിയക്ഷി ബലികൊാംക, കൃഷ്ണകൃഷ്ണ മുഞ്ച മുഞ്ച ബാലകം സ്വാഹാ,



പതിനൊന്നിലുമീവണ്ണം പന്ത്രണ്ടിലുമനന്തരം
ഈശാനേശ്വരി ബാധിക്കും ബലിമന്ത്രാദി പൂൎവ്വവൽ
രണ്ടാമബ്ദെ കാളമുഖിയക്ഷിയാകുന്ന ദേവത
ബാധിക്കും ബാലകന്മാൎക്കു കാണാം ലക്ഷണമിങ്ങിനെ.
ദിനമെട്ടു പനിച്ചീടും വീങ്ങീടും ഛൎദ്ദിപാരമാം.
അതിസാരവുമുണ്ടാകുമതിന്നു ബലിചൊല്ലിടാം.
തണ്ഡുലമൊമ്പതെമുക്കാൽ നാഴിയങ്ങതു കൊണ്ടുടൻ
മൂന്നുകൂറിട്ടതിങ്കന്നു് രണ്ടുകൂറു ഹവിസ്സതായ്
വെച്ചുപാലും പഴം നെയ്യും കൂട്ടി മൂന്നാക്കിവെച്ചഥ,
കുഴവീ ശിവനും പിന്നെ ഒരു കൂട്ടുനിവേദ്യമായ്
ശിവം കുഴവിമേൽ നിൎത്തി പന്തംചേൎത്തങ്ങുഴിഞ്ഞിട്ടു.
മദ്ധ്യഭാഗമൊഴിച്ചിട്ടു് ചതുഷ്ഷഷ്ടിക ഖണ്ഡമായ്
ബലികൂട്ടിയതിൽ പിന്നെ ശുക്ലരക്താസിതങ്ങളാം
പൊടിയിട്ടു നറുക്കാശു ചേൎത്തുകൂട്ടു പദാന്തികെ.
ദ്വാത്രിംശൽ തിരിയക്കോലും തഥൈവ തിരിയും പുന:
പന്തമൊന്നു തറച്ചിട്ടു് മൂന്നിറപ്പവുമായുടൻ
കൊടുക്ക ബലി മന്ത്രത്തെ ചൊല്ലീടുന്നേൻ യഥാവിധി.

കാളരാത്രി സ്വാഹാ, ഓം വികടി നിദ്രാഭയം കരിസ്വാഹാ, ഓം മോഹിനി കാളമുഖിയക്ഷി ബലികൊാംക, കൃഷ്ണകൃഷ്ണ, മുഞ്ചമുഞ്ച ബാലകം സ്വാഹാ.

ബ്രഹ്മവാഹിനിയാം യക്ഷി മൂവാണ്ടിൽ ബാധചെയ്യീടും
അതിന്റെ ലക്ഷണം ചൊല്ലാം കൈകാലുകൾ തളൎന്നിടും.
വയററിൽ കൃമിയുണ്ടാകും വീൎത്തീടും ചോരപോയിടും.
അതിന്നു ബലിചൊല്ലുന്നേനരി നാഴി ദശോത്തരം
ഹവിസ്സുവെച്ചു മൂന്നാക്കി കുഴപ്പ കുഴവിശിവം
ശിവം കുഴവിമേൽ നിൎത്തി അമ്പത്തൊന്നു നറുക്കതിൽ
ഊട്ടീടുക യഥാപ്രോക്തം തിരിയക്കോലതമ്പതാം
തിരിയഞ്ചമ്പതങ്ങൊന്നും മുളകിന്നില വെച്ചുടൻ
നറുക്കിലയിലൂട്ടീട്ടു പന്തം ചേൎത്തുഴികാദരാൽ.
തത്രഖണ്ഡം ചതുഷ്ഷഷ്ടി മദ്ധ്യദേശമൊഴിച്ചുടൻ
യന്ത്രമങ്ങെഴുതിപ്പിന്നെ കെട്ടീടുക കുമാരകം,

ഗരുഡാ കാളരാത്രീ സർവ്വയോഗിനി സ്വാഹാ, ശൈധിക കാളരാത്രി ഓം ശിവായെ ഓം പാളിസ്വാഹാ. ബ്രഹ്മവാഹിനിയക്ഷി ബലികൊൾക, കൃഷ്ണകൃഷ്ണ മുഞ്ച [മുഞ്ച] ബാലകം സ്വാഹാ.

നാലാം വയസ്സിൽ ബാധിക്കും യക്ഷിപൈശാചരീ തഥാ

ദാഹമുണ്ടായ്വരും പിന്നെ വീങ്ങിടും ദേഹമേററവും.
ചെറുനീർ ചോരയായ്പോകും പുൺപെടും പൊക്കിളേററവും
അകം കാഞ്ഞു ചൊറിഞ്ഞീടും അന്നംചെന്നാൽ ഫലംവരാ.
അതിന്നു ബലിചൊല്ലീടാം അരിയേകാദശാധികം
പാതികൊണ്ടു് ഹവിസ്സാക്കി എളുംവറുത്തു പൊടിച്ചതും
തേനും ശർക്കരയുംകൂട്ടി ശിവം നിർമ്മിക്ക മുമ്പിനാൽ
കുഴവീയൊന്നതും തീർത്തു് മദ്ധ്യേ ശിവനെ നിർത്തുക
ഹവിസ്സും മലരും പകം ഗുളവും കൂട്ടിയങ്ങുടൻ
ശിവസ്യ ചുററും കുഴവി വായിലും ചേർത്തുകൊണ്ടുടൻ
നറുക്കിലയിൽ വെച്ചിട്ടു് തിരിയും വെച്ചുകൊണ്ടുടൻ
കുഴവീ യോനിയിൽതൊട്ടു് മൂലമന്ത്രം ജപിച്ചുടൻ
പഞ്ചാക്ഷരമതും പിന്നെ തിരുവട്ടാക്ഷരത്തെയും
മുമ്മൂന്നുരു ജപിച്ചിട്ടു് പിന്നെ മദ്ധ്യമൊഴിച്ചുടൻ
നാല്പത്തെട്ടായ ഖണ്ഡത്തിൽ ബലികൂട്ടിയതിൽ പുന:
നറുക്കും ചേർത്തതിന്മീതെ മോടകത്തിലവെച്ചഥ
പുലാവിൻ കീഴിരുന്നങ്ങു ബലിനൽകീട്ടു മുമ്പിനാൽ.
തിരിമുപ്പത്തിരണ്ടല്ലോ പതിനാറങ്ങു കോൽത്തിരി
കൂട്ടിയങ്ങുഴിവാൻ മന്ത്രം ചൊല്ലീടുന്നേൻ യഥാവിധി.

ശ്രീം ശ്രീം ഹ്രീം പൈശാചരിയക്ഷി ബലി കൊൾക കൃഷ്ണ കൃഷ്ണ മുഞ്ച മുഞ്ച ബാലകം സ്വാഹ.

അഞ്ചാം വയസ്സിൽ ബാധിക്കും ദേവത നാഗയക്ഷിയാം

ലക്ഷണങ്ങളും പറഞ്ഞീടാം ദഷ്ടനാം പാമ്പിനാൽ പുന:
ചോറുണ്ടാൽ ഫലിയാ മൂത്രം വീഴും ശയ്യയിലേററവും
വൈരാഗ്യപ്പെട്ടിരുന്നീടും ബലി ചൊല്ലാമതിന്നിഹ
തണ്ഡുലം പതിനഞ്ചാഴിവേണം മുഴക്കു പിന്നെയും
അർദ്ധത്താലെ ഹവിസ്സാക്കി നെയ്യും തൈരു മൊഴിച്ചഥ
മുക്കൂറിട്ടൊരു കൂറാലെ ശിവം കുഴവിയൊന്നിനാൽ



മൂട്ടി (ട്ടൊ) [ട്ടുകൊ] രുകൂറാലെ മദ്ധ്യഭാഗമൊഴിച്ചുടൻ.
ഖണ്ഡമമ്പത്തു രണ്ടാകും ബലികൂട്ടിയതിൽ ക്രമാൽ
എഴുപത്തൊന്നു തിരിയങ്ങമ്പത്തൊന്നു കോൽതിരി
നടക്കാവിലിരുന്നങ്ങു കൊടുക്കാ ബലിമന്ത്രവിൽ

ബാലയന്ത്രം മഹാ അംഭസ്വാഹാ നാശയക്ഷിയെ ബലി കൊൾക, കൃഷ്ണ കൃഷ്ണ മുഞ്ച [മുഞ്ച] ബാലകം സ്വാഹാ.

ആറാണ്ടിൽ ബാലകന്മാർക്കു ശങ്കരീയക്ഷി ദേവതാ

ബാധിച്ചിട്ടുമതിന്നുള്ള ലക്ഷണങ്ങളും പറഞ്ഞിടാം
പനിയുണ്ടായ്വരുംപിന്നെ കൈകാൽ തളരുമേററവും
നിദ്രയിൽ ഭയമുണ്ടാകും പുൺപെടും തലയേററവും
അതിന്നു ബലിചൊല്ലീടാം തണ്ഡുലം നാഴിപത്തഥ
പ (ഴ) [കു] ത്തങ്ങൊരു കൂറാലെ (മദ്ധ്യഭാഗമൊഴിച്ചുടൻ) മൂന്നു [കൂറിട്ടുവെച്ചതിൽ.
ഹവിസ്സൊന്നതു് ചോറും രണ്ടു കൂറാൽ പചിച്ചുടൻ
ഹവിസ്സിനാൽ ശിവം കൃത്വാ പായസം രണ്ടുകൂറതും
നിവേദ്യം പിന്നെയിട്ടൂട്ടു ശേഷമുള്ളരികൊണ്ടഥ
നാലുഭാഗെ നടുവിലും ചേർപ്പു വെള്ളരിയെപ്പുന:
താംബൂലമിളനീർ തേങ്ങ തന്മദ്ധ്യേ വെച്ചുകൊള്ളുക.
കരിമ്പും ശർക്കരപിന്നെ മുല്ലപ്പൂവിവവെച്ചുടൻ
രണ്ടാമതും പായസത്തെ നിവേദിക്ക യഥാവിധി.
എൺപത്തുനാലതാം ഖണ്ഡം മദ്ധ്യഭാഗമൊഴിച്ചഥ
ബലികൂട്ടിയതിൽപിന്നെ തറച്ചീടുക കോൽത്തിരി.
ഭൂയോഹ്യരുപത്തും നാലും തിരിയങ്ങൊരു പന്തവും
കുഴവീ മുണ്ടിനാൽ തീർത്തങ്ങുഴിഞ്ഞീടുക സാദരം.

ഖിറും ഖിറും നിസ്വാഹാ, ഓം കാസ്വ സ്ത്രീ സ്വാഹാ, ശങ്കരീയക്ഷി ബലികൊൾക, കൃഷ്ണ കൃഷ്ണ മുഞ്ച മുഞ്ച ബാലകം സ്വാഹാ.

പീഡചെയ്യിട്ടു മേഴാണ്ടിൽ ദേവത ഭുവനേശ്വരി.

ചോരതുപ്പും സദാകാലം പനിക്കും മെയ്യ്നൊന്തിടും
ചെകിടങ്ങു പഴുത്തീടും വയർ നോം കുടൽവീർത്തിടും
ബലിവെക്കേണമപ്പോഴെ പത്തേമുക്കാലു് വെള്ളരി
പാതികൊണ്ടു ഹവിസ്സാക്കി അഷ്ടാവിംശച്ചതോത്തരം
ഖണ്ഡമാം ബലികൂട്ടേണം പൃഥ്വിയിൽ പാദമതൊമ്പതിൽ

എരിക്കിലയിൽ വെച്ചുട്ടു ശേഷമുള്ള ഉരികൊണ്ടഥ.
നാലുഭാഗെ നടുവിലും ചേക്കവെള്ളരിസാദരം
നിറം പകർന്ന തേങ്ങായും വെച്ചിട്ടകതിലാദരാൽ.
വെള്ളരിക്കയതും താമരപ്പൂവും വെച്ചുകൊള്ളുക
ശേഷമുള്ള ഹവിസ്സാലെ കുഴവീ പഞ്ചവർണ്ണമായ്
ചമച്ചതിൽ തണ്ഡുലത്തെ വറുത്തങ്ങഥ വെച്ചിട്ടു
(ഡ) [സ] ദ [ന] ത്തിലിട്ടുട്ടിടേണം പതിനാറങ്ങു കോൽ [ത്തിരി
ചതുഷ്ക്ഷിതിരി പിന്നെ പന്തമഞ്ചു കുത്തുക
ഉഴിഞ്ഞിടുക മന്ത്രത്തെ ചൊല്ലീടുന്ന യഥാവിധി.

ഈ ഈ ഈക്ഷണി സ്വാഹാ തം കാളരാത്രി സ്വാഹാ, ഓം ഭുവനേശ്വരി ബലികൊൾക കൃഷ്ണ കൃഷ്ണ മുഞ്ച മുഞ്ച ബാലകം സ്വാഹാ.

എട്ടാം വയസ്സിൽ ബാധിക്കും വാഹനായക്ഷി ദേവത.

ദുശ്ശീലമേറെയുണ്ടാകും തലനോവും മെലിഞ്ഞിടും
മൂത്രം ചുവക്കും കൈകാൽ തളരും ദീപനം വരാ.
അതിന്നു ബലി ചൊല്ലുന്നേൻ അരി ഏകോനവിംശതി
പാതികൊണ്ടു പകുത്തങ്ങു മൂന്നായ്‌വെപ്പൂ ഹവിസ്സിനെ
കട്ടിലും പായസയും നല്ല പുടവ ബൃഹതീഫലം
ഒഴവന്നുഴതിട്ടുള്ള കരിപൂവും തരിപ്പണം
മലരുംകൂട്ടി വിരവിലഷ്ടാവിംശച്ചതോത്തരം
ഖണ്ഡമാം ബലിയും കൂട്ടി ദ്വാത്രിംശൽ കോൽത്തിരീതഥാ.
അത്രകൈത്തിരിയും വേണം പന്തമഞ്ചും യഥാക്രമം
ചേർത്തു മദ്ധ്യാഹ്നകാലത്തു ബലിനൽക സമന്ത്രകം.

ഇതിന്നു മന്ത്രം.—ഹരഹര സ്മരിസ്മരി സ്വാഹാ.
രം രാം സ്വാഹാ, വ്രതവാഹിനി (വാഹിനി) യക്ഷി ബലി കൊൾക, കൃഷ്ണ കൃഷ്ണ മുഞ്ച മുഞ്ച ബാലകം സ്വാഹാ.

ഗണേശാപലാധിപതിതന്റെ യനുജ്ഞയാലെ
വർണ്ണിപ്പതിന്നു പണിയുള്ളൊരു വൈദ്യസാരെ.
പ്രജ്ഞാവിഹീന നഹമാകിലുമപ്രകാര-
മദ്ധ്യായ സപ്തമമിദം പരിചോടു ചൊന്നേൻ.

ഇതി വൈദ്യസാരെ സപ്തമോദ്ധ്യായഃ



## [എട്ടാമദ്ധ്യായം].

ശക്തിപ്രണവ ദുർഗ്ഗാശ്വരതാം മാരണബീജകം
പഞ്ചഖണ്ഡേഷുവിലിഖേൽ രേഖാഗ്രേ ചാഗ്നിബീജകം
ചതുഷ്കോണേഷു [വി] ലിഖേൽ പുള്ളുരൂപ ചതുഷ്ടയം.
ഊർദ്ധ്വദേശേ [വ്യധോദേശ] ശംഖദ്വയ മഥാലിഖേൽ
അംമശ്വേത്യാദ്യാദിച മന്ത്രേണ വേഷ്ടനം മാതൃകാക്ഷരൈഃ
യന്ത്രധാരണ ബാലാനം പക്ഷിപീഡാചനാശയേൽ



പഞ്ചഖണ്ഡം യന്ത്രം വിലിഖ്യ ശക്തിബീജം, ശക്തിബീജ മദ്ധ്യേപ്രണവബീജം, മദ്ധ്യേ ദുർഗ്ഗാബീജം, ദുർഗ്ഗാബീജമദ്ധ്യേ രത്നബീജം, രത്നബീജ മദ്ധ്യേ മാരണബീജം ; ക്രമേണ ഏതത് ഖണ്ഡാനിലേഖയേൽ.

രേഖാഗ്രേ അഗ്നിബീജം വിലിഖ്യ ശക്തിബീജം ഹ്രീം എന്നു പ്രണവം, ഓം എന്ന ദുർഗ്ഗാബീജം ദും എന്ന രത്നബീജം ക്ഷ്മ്രൂം എന്ന മാരണബീജം, ഖേം എന്നു അഗ്നിബീജം, ഈം എന്ന നാലുകോലും പുള്ളിന്റെ രൂപം മുകളിലും ചുമട്ടിലും രണ്ടു ശംഖം എഴുതി (അതിന്റെ) പുറമെ അംമശ്വേത്യാ ഇത്യാദി ശ്ലോകംകൊണ്ടു വേഷ്ടിപ്പൂ, അതിൽ പുറമെ മാതൃകാവേഷ്ടനം ചതുരശ്രത്തിൽ യന്ത്രാചാരമെഴുതുക.

പക്ഷിപീഡ ശമനം.

## പക്ഷിപീഡാ യന്ത്രസാരം.

അശ്മശേഭ്യാ നംഗം ജൗഥ്യ ശ്ശൗന്നം ശൈത്ര്യ ക്ഷ്ട്രീന്ധ്രം സ്ഫണ ഞശകുണ്ഡന്നം ക്ഷ്ണാധബദ്ധന്നം ത്ഥപക്ഷ്ന വ്യരന്നംഹ്ലധാപ്നഃ ഇത്തു ശ്മശേഭ്യാ ഇത്യാദി ശ്ലോക് ഇതു ബാലന്മാക്കു എഴുതിക്കെട്ടുക.

ത്രിദോഷം മൂന്നുമൊന്നിച്ചും വേർപെട്ടും ദുഃഖവും ഭയം
അതിസാരത്തെയുണ്ടാക്കു മവ ആറുപ്രകാരമായ്
രക്തം കൂടാതെയും പിന്നെ കൂടീട്ടും രണ്ടുജാതിയാം.
വായ്വാമത്തോടുകൂടീട്ടും കൂടാതെ കണ്ടുമുണ്ടതു്.
മലത്തിൽ ചോരകൂടുകിലും വെള്ളത്തിൽ ചോരകാൺകിലും
ഏറെ ദുർഗ്ഗന്ധിയാകിലും വയർ മൂളിട്ടിരിക്കിലും
വായിൽ വെള്ളം വരികിലുമാ മാതിസാരമായ്വരും.
മാംസഖണ്ഡങ്ങൾ പോലേയും മാംസം പിന്നെക്കഴുകിയ
വെള്ളം പോലെയിരിപ്പതു മെണ്ണപാൽ നെയ്യ്പോലെയും
മലം പോകുന്നതിൽ പിന്നെ ബിന്ദുരേഖകൾ (പോലെയും)
[കാൺകിലും

സന്ധികൾ നോകയെന്നോരോന്നുണ്ടാകുന്ന തസാദ്ധ്യമാം
പിന്നെയാമാശയത്തിങ്കൽ ദോഷം വർദ്ധിക്കു മേൽക്കുമേൽ.
അതിസാരവുമുണ്ടാകു മഗ്നിമാന്ദ്യമതേററവും
അതിന്നു മുമ്പിൽ ചെയ്യേണ മുപവാസം തതഃ പരം.
മലത്തെ നിർത്തുവാനുള്ള മരുന്നേററം കൊടുക്കണം.
സരണം സമമാകിലും നിരാമംതന്നെയാകിലും
ഏററമേററം മലംപോകിലേറെ വൈഷമ്യമായ്വരും
ഭുജിച്ച അന്നംനന്നായി ദഹിക്കുംമുമ്പിലുള്ളതു്
സമാതീസാരമാമന്നം ദഹിച്ചിട്ടും നിരാമവും
ഉണ്ട അന്നം ദഹിക്കാതെ സമമായി സരിക്കിലും
ദഹിച്ചാലൊട്ടുമെതന്നെ പോകായ്കിലുമസാദ്ധ്യമാം

[ഇതി] അതിസാരനിദാനം.

പിന്നെ വാദാദി ദോഷങ്ങൾ ത്വങ്മാംസങ്ങളെയും തഥാ
മേദസ്സിനേയുമൊന്നിച്ചു (ദു) [ദു]ഷ്ടമാക്കിച്ചമച്ചുടൻ
ഗുദചക്രത്തിലുംമററും ചിലേടത്തും ക്രമത്തിലും
മാംസങ്ങളെ മുളപ്പിക്കും അതിന്നങ്കുരമെന്നു പേർ.

---



കാണാംമശപുറപ്പെട്ടപോലെ യർശസ്സതായതു്.
ജനനത്തോടുകൂടേയും ജനിച്ചിട്ടും ഭവിക്കകൊ-
ണ്ടുണ്ടുരണ്ടുപ്രകാരത്തിൽ കൃഷ്ണാർശസ്സിന്നുമുണ്ടതു്.
ഇവദോഷങ്ങൾ കൂടുമ്പോൾ രണ്ടുമാറുപ്രകാരമാം
ഗുദത്തിന്റെ പുറത്തുള്ള രോഗസ്ഥാനത്തിനുള്ളിൽമേൽ
തൻവിരല്ക്കുഞ്ഞുരവിരൽ ചെല്ലുന്നേരം ഗുദാവധി.
ഇദ്ദോഷമെന്നു ചൊല്ലുന്നിതസ്ഥാനത്തെ ഭിഷക്കുകൾ.
അതിന്നിടയിലെ മൂന്നു വലയങ്ങളിലങ്കുരം
പുറപ്പെട്ടാലവററിന്റെ ദണ്ഡമീവണ്ണമായ്വരും
പുറത്തേതിൽ ശമിച്ചിട്ടും യാപ്യം നടുവിലേതിന്നു
ഉള്ളിലേതിൽ പുറപ്പെട്ടാൽ അസാദ്ധ്യംതന്നേയായ്വരും,

ഈററുകുക്കാനിദാനം.

നാരിമാർക്കൊന്നുവേറിട്ടു വിശേഷാൽ പറയുന്നിതു.
സൂതികാലത്തു ബാധിക്കു മീററുകുക്കയെന്നു പേർ
രോഗചിഹ്നങ്ങളെല്ലാമെ മുമ്പിൽചൊന്നതുപോലയാം.
എട്ടുയാമത്തിനകമെ നഷ്ടമാം മൃത്യുവാകിലൊ
എട്ടുനാളകമെന്നുണ്ടു് ചൊല്ലുന്നു ചിലരാകയാൽ
മൃത്യുവന്നീടുമെന്നാകിലെട്ടുയാമമകം ദൃഢം.
അല്ലായ്കിൽ പ്രയത്നസാദ്ധ്യമെന്നു ഗുരുഭാഷിതം
ഞെട്ടാഞെണുങ്ങ താംബൂലം വെള്ളുവിൽ പൊരിമൂലവും
വചാമൂലവുമൊപ്പിച്ചു അരിനീരിൽ പ്രലേപയേത.
മൂത്രം വീഴാതെ പോയീടിൽ കാർപ്പാസം നല്ലമൂലമായ്
പറിച്ചു ചാണമേൽ പേഷിച്ചതു കേരാംബുനാപിബേൽ
മേഘം നന്നായരച്ചിട്ടരിനീരോടു വെള്ളമായ്
നാഭിതന്നിൽ മുഴുത്തിട്ടാൽ മൂത്രംവീഴുമസംശയം
നാഗ [ദ] ന്തിവേർ പറിച്ചിട്ടു് കേരിക്ഷീരെ പചിച്ചുടൻ
അതൈതലംബലമോർത്തിട്ടു സേവിപ്പിച്ചാൽ മലംസൃതിഃ
ഇച്ചൊന്നെ (ാരെ) ഔഷധമെല്ലാമെ തങ്ങൾതന്നെ പറിച്ചുടൻ.
ഗുരുപാഠം മനക്കാമ്പിൽ നിരൂപിച്ചു കൊടുക്കണം.

ശിരീഷപഞ്ചാംഗമരച്ച നെയ്യിൽ
മൂർദ്ധിപ്രലേപം ബഹുരോഗശാന്ത്യൈ.
മുരിങ്ങവേമ്മേൽതൊലി കുത്തിമുക്കിൽ
പിഴിഞ്ഞു കൊണ്ടാലുണരുന്നു മോഹം
അപസ്മാരനിദാനംപോലെ.

മണ്ണുതിന്നുന്നതിന്നു.

(പൂർവ്വം)

(2)  (ദ)

(പശ്ചിമം)

ഖണ്ഡനാംദ്വാദശം ശക്തിതാരദുർഗ്ഗേചലേഖയേൽ
ലിപിനാവേഷ്ടയേൽ ബാഹ്യേ ബാലാനാം ഭുക്തിവർദ്ധനം
ങ്ങ ശ ത്ര ന്ധ പൂർവ്വപശ്ചിമത: രേഖാപഞ്ചകം
ദക്ഷിണോത്തരത: രേഖാചതുഷ്കം ഏവം ദ്വാദശ
കോഷ്ഠം ഭവതി ശക്തിബീജമദ്ധ്യേ താരബീജം
താരമദ്ധ്യേ ദുർഗ്ഗാബീജം ഏതൽഖണ്ഡാനിലേഖയേൽ
ബഹി: ലിപിഭി: വേഷ്ടനം കൃതം ഏതദ്യന്ത്രം ഭവതി
ശക്തിബീജം ഹ്രീം എന്ന താരം ഓം എന്ന ദുർഗ്ഗാ
ബീജം ദു എന്ന ലിപിയും എഴുതു; സാദ്ധ്യനാമവും
ഏതദ്യന്ത്രം ബാലകന്മാരു് മണ്ണുതിന്നുന്നതിന്നു എ-
ഴുതിക്കൊടുക്കുക. മണ്ണു തിന്നുന്നതു മാറിഭുക്തി വർദ്ധിക്കും.
ഗുരുതൻ കൃപയും മേൽമേൽ മരുവീടേണമെന്നിലും



സൂര്യസ്തദീപ്തി: പദ്മേഷ്വയഥാഭവതിസാതഥാ.
ഗണ്ഡാഞ്ചഭ്രൂപൻ രമണീജനത്തിൻ
കണ്ണിന്നു പീയൂഷമെന്നുതോന്നും
തസ്യാജ്ഞയാ ഞാൻ വിരവൊടേ ചൊല്ലാം
അപസ്മാരനിദാനമത്തും ചുരുക്കി.
കലികാലെ മനുഷ്യാണാമധികം പാപഹേതുനാ
ബാധിക്കുമതു പോക്കീടാൻ പണിയും പാരമായവരും
മുപ്പത്തിനാലതായുണ്ടാമതിൻ ഭേദങ്ങളുള്ളതും
സാദ്ധ്യാസാദ്ധ്യങ്ങളും രോഗചിഹ്ന (ങ്ങളും) [വും] പറവാൻ
[പണി.
എന്നാലും ഗുരുകാരുണ്യവൈഭവാൽ ചൊല്ലിടുന്നേൻ
ചുരുക്കിട്ടു് അപസ്മാരനിദാനമാറിതു്.
എട്ടുയാമമതുംതന്നെ ചെയ്യേണം തൽപ്രതിക്രിയ
കൈകാലുള്ള കറുത്തീടും കണ്ണുമേററമൊളിച്ചുപോം.
പുരീകങ്ങൾ വളഞ്ഞീടും കയ്യിൽ മുഷ്ടിപിടിക്കയും
ദേഹമേററം വളച്ചീടും കാലുംകൈകൾ വിറക്കയും
ഈവണ്ണം ലക്ഷണം കാൺകിൽ പ്രയത്ന [ാൽ] സാദ്ധ്യമായതു
സന്ധ്യാകാലങ്ങളിൽവേണം ബലികർമ്മങ്ങളൊക്കയും
വെളുത്തുള്ളവയെ പുഷ്പം കൊള്ളാവു മുമ്പിലൊക്കെയും
രോഗമൊട്ടുശമിച്ചീടിൽ പിന്നെക്കൊള്ളാം ചുവന്നതു്
ശിവപഞ്ചാക്ഷരംകൊണ്ടു് കൊടുക്കാം ബലിമുമ്പിനാൽ
യന്ത്രങ്ങളും ധരിപ്പിക്ക (ശിവകവചവും) ശിവചക്രങ്ങളായവ.
ശരഭേണശമിച്ചീടും ഗുരുഭാഷണമാമിതു്.
വരാഹരൂപിണിതന്റെ മന്ത്രവും യന്ത്രവും ശുഭം
വരാതെകണ്ടിരിപ്പാനും ശുഭമെന്നു ഗുരോർമ്മതം.
ധൂപിപ്പാനൊരുസാരത്തെ ചൊല്ലുന്നുണ്ടു രഹസ്യമായ്
കംബളം പീലിതൻതണ്ടും കഴുകിൻ തൂകിലും സമം
കടുകും സമമായ്കൂട്ടി തിരിയാക്കി തിരിച്ചുടൻ
ആജ്യേമുക്കികൊളുത്തീട്ടു പൊലിച്ചിട്ടു പുകക്കണം.
ശ്രോത്രങ്ങൾ രണ്ടിലും നാസാതന്നിലും ബലമൊത്തുടൻ
പൊകനന്നായ് കൊടുത്തീടിൽ അപ്പെ (ഴെ ഇണീട്ടിരുന്നിടും)
[ഴുന്നേററിരുന്നിടും
ബലാബലങ്ങളോർത്തിട്ടു ചേയ്യേണം പുകനസ്യവും

[1] ശിഗ്രുചർമ്മം ചതച്ചിട്ടു നസ്യമേററവുമുത്തമം
നായ്ക്കൊഞ്ഞത്തിന്നുടെനീരും തുമ്പനീരുമതൊപ്പമായ്
കൂട്ടിയുള്ളൊരു നസ്യത്താൽ കാട്ടിലോടിയൊളിച്ചിടും
[2] വെള്ളുടമ്പും വെള്ളുത്തുള്ള [3] ശംഖിനീമൂലവും തഥാ
വെള്ളെരുക്കിന്നുടെമൂലം കൂട്ടിലേപനമുത്തമം.
ശംഖനീ ശംഖപുഷ്പം . . . . . . . . .
വിഷ്ണുക്രാന്തി സമൂലഞ്ച ചെറുനാരകപത്രവും
അരണ്യതുളസീമൂലം കൂട്ടികഷായവുമുത്തമം.
രഹസ്യൗഷധവും ചുക്കും വായിലിട്ടു ചതച്ചുടൻ
ചെവിരണ്ടിലുമൂക്കിടിൽ എല്ലാരോഗഹരം പരം.
കറളേകം വചാമൂലം കൂട്ടിനന്നായരച്ചഥ
നാഭിയിങ്കന്നു ഹൃത്തോളം ലേപനം പരമൗഷധം.
ഇച്ചൊന്ന മന്ത്രവും പിന്നെ യന്ത്രവുമൗഷധങ്ങളും
മപ്പത്തുനാലിനും യോഗ്യമെന്നു മൽഗുരുഭാഷിതം.
നില്ക്കുന്ന നിലയിൽതന്നെ വീണുകൈകാൽ വിറയ്ക്കയും
വായിൽനിന്നൊഴുകും നീരും നീപ്പോളകൾ സമങ്ങളാം.
കാണാം കണ്ണുകൾ രണ്ടിനും മൂക്കിനും ചെവിരണ്ടിലും
ചോരപൊട്ടിയൊലിക്കുന്നതപ്പോഴെ മൃതി നിർണ്ണയം.
ചോര കാണായ്കിലും ദേഹം വിയർത്തീടിലുമേററവും.
പാണിപാദങ്ങൾ നീർത്തീടിൽ പ്രയത്നസാദ്ധ്യമാ (താ) യ്‌വരും
പഞ്ചഗവ്യഘൃതം കാച്ചി പഞ്ചാക്ഷരസമന്വിതം
ശൂലിനീഘൃതവും നന്ന് രോഗശാന്തിക്കതേററവും
അത്യന്തം ബാലകന്മാർക്കീരോഗചിഹ്നങ്ങളായത്
കരഞ്ഞാൽ വീർപ്പുപോയീടാമധരോഷ്ഠങ്ങൾ കൃഷ്ണമാം.
ദേഹം ക്രമാൽ മെലിഞ്ഞീടും താനെക്കോണിലിരിക്കയും
മാതാവോടുവെറുത്തിട്ടു മാധാരങ്ങളിതൊക്കെയും
വേപ്പുതന്നിലയും നല്ല സർഷപം വേണുചർമ്മവും
ശിവനിർമ്മാല്യവും കൂട്ടി ധൂപിക്കേണം ദിനംപ്രതി.

[1] മുരിങ്ങത്തോൽ. [2] വെള്ളരിമ്പെന്നായിരിക്കും ശരിയായ പാഠം [3] കീരിവള്ളിയെന്നർത്ഥം. ശംഖിനീപദത്തോടു ഫലം, വാസം എന്നിവ ഉത്തരപദങ്ങളായി വന്നാൽ ക്രമേണ നെന്മേനി വാക, ശംകോട വൃക്ഷം എന്നീ രണ്ടർത്ഥങ്ങളാണ്. കേവലം ശംഖനീ പദത്തിന്നു കീരിവള്ളിയെന്നെ അർത്ഥം കണ്ടുവരുന്നുള്ളൂ.



ശിവദർശനവും നിത്യം ശിവനാമം ജപിക്കയും
പഞ്ചഗവ്യഘൃതം നന്നായ് സേവിപ്പിക്കിലിളച്ചുപോം
മൂക്കാമുക്കട്ടവും പിന്നെ വചാകൊടുഞ്ചസംയുതം
ചൂർണ്ണം ബ്രഹ്മീഘൃതം തന്നിൽ സേവനം പരമൗഷധം
അപസ്മാരവിനാശത്തിനായിട്ടുള്ള മഹാബലി
ക്രമേണ ഞാൻ ചുരുക്കിട്ടു ചൊല്ലുന്നിതു യഥാവിധി.
തൽക്കാലെ ഗംഗയിൽചെന്ന് സ്നാനമമ്പോടുചെയ്തുടൻ
ജലത്തിൽതന്നെ നിന്നിട്ട് പഞ്ചാക്ഷര[വു]മാദരാൽ
മുന്നൂറു മറുവത്തഞ്ചുരുനന്നായ്ജപിച്ചുടൻ
അവിടെനിന്നു പാത്രത്തിൽ ജലവുംകൊണ്ടു ചെന്നഥ
നനച്ചവസ്ത്രം മാറാതെ ക്ഷണമേവന്നു സാദരം
ഇരിപത്തഞ്ചു ഖണ്ഡത്തിൽ ബലികൂട്ടുകസാദരം.
വരിയിൽ മുമ്പിലത്തേതിൽ തണ്ഡുലപ്പൊടിയും തഥാ
ചോപ്പിക്കാത്ത നിശാചൂർണ്ണം രണ്ടാമത്തേതിലും പുന
മൂന്നാമത്തെവരിയിൽപിന്നെ കൃഷ്ണപ്പൊടിയതും പുന
നാലാമതായവരിയിൽ പച്ചപ്പൊടിയതും പുന:
അഞ്ചാമത്തെവരിയിൽപിന്നെ തഥാ ഗോമയഭസ്മവും
വസിഷ്ഠമാർഗ്ഗയന്ത്രത്തിൻഖണ്ഡങ്ങളിൽ യഥാലിഖേൽ
തഥാഖണ്ഡേഷുവിലിഖേൽ മന്ത്രസ്യാക്ഷരമാദരാൽ.
മലരും തവിടും പിന്നെ ഉണങ്ങല്ലരിയും തഥാ.
ഇരുനാഴിവേണംപോൽ തേങ്ങയൊന്നിളനീർ തഥാ
താംബൂലപൂഗഖണ്ഡഞ്ച നറുക്കിലകളും തഥാ
ചെറുതാംതിരികൾപിന്നെ ഇരുപത്തഞ്ചു വേണമേ
ഖണ്ഡത്തിലൊക്കെ വെവ്വേറെ നറുക്കിലകൾ വെച്ചുടൻ
പിന്നെയക്ഷതമിട്ടിട്ടു ജലപൂരണചെയ്തഥ
ജലാദികംജലാന്തം വാ പൂജചെയ്തിട്ടനന്തരം
ശിവനെത്തന്നെയാവാഹിച്ചർച്ചിക്ക വിധിവത്തദാ.
ശിവാംശൈഘ ദേവതാതന്നെയപ്പോഴെ ഉദ്വാഹിച്ചിട്ടു
സാദരംശിവപാദത്തിലാക്കീട്ട് പാലുംപൊടിയതുംപുന:
പൂജിച്ചു വിധിവൽപിന്നെ നറുക്കിലകളൊക്കയിൽ
വീഴ്ത്തിത്തിരികൊളുത്തീട്ടു വെച്ചുപൂജിക്കപിന്നെയും.

പാലും പൊടി നിവേദിച്ചു പൂജിച്ചീടുകസാദരം
ഗന്ധപുഷ്പംവീത്തിനന്നായി പൂജിക്കവിധിവൽപുന:
രോഗിദേഹസ്ഥയായീടും ദേവതാതന്നെയപ്പൊഴെ.
ബലിയിൽത്തന്നെയാക്കീട്ടു് എടുത്തങ്ങുഴികബലി.
ശ്രീപഞ്ചാക്ഷരമന്ത്രേണ നൂററൊന്നങ്ങുഴികപുന:
അവിടെനിന്നെടുത്തിട്ടു് ശിവപഞ്ചാക്ഷരംഹൃദി
ജപിച്ചിട്ടങ്ങുപാലേടെ ചുമട്ടിൽത്തന്നെവെച്ചുടൻ
കയററീട്ടഥ നന്നായി പോന്നീടുക യഥോചിതം
അപ്പോളങ്ങോട്ടുമിങ്ങോട്ടും പോകുമ്പോഴും വരുമ്പൊഴും
ശിവപഞ്ചാക്ഷരംചൊല്ലി പിന്നിൽനോക്കാതെപോരണം.
ഇച്ചൊന്നവണ്ണംചെയ്യുകിൽ അപസ്മാരമൊഴിഞ്ഞുപോം.
എന്നുമൽഗുരുവാക്യത്താൽ ചൊന്നേൻ ഞാനിതുമിങ്ങിനെ.

## പഞ്ചഗവ്യഘൃതം.

ഗോമൂത്രംനിജ വാഞ്ഛയാ പരിമതം മൂത്രാൎദ്ധകം ഗോമയം
ക്ഷീരം സപ്തഗുണം ദധി ത്രിഗുണിതം ഗോമൂത്രമാത്രംഘൃതം.
കുട്ടിക്കാച്ചിയരിച്ചുടൻ . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . . . . . .

## അപസ്മാര യന്ത്രം.



ലിഖേൽപൂൎവ്വം നാലുഖണ്ഡമോങ്കാരം ലന്തഹേതിച
ഖണ്ഡത്തിലെഴുതുപിന്നെ ബഹിർദ്വാദശശൂലവും.
പിന്നേയുമത്തകിട്ടിൽതാൻ വേറെയൊരു യന്ത്രമാലിഖേൽ
വക്രഖണ്ഡങ്ങളീരണ്ടു പാൎശ്വം രണ്ടിലുമാലിഖേൽ
പിന്നെ മദ്ധ്യേപരഹമമെന്നുനന്നായെഴുതുക.



ശക്തിബീജം ത്രികോണങ്ങളാറിലുംപുനരാലിഖേൽ
പാർശ്വഖണ്ഡങ്ങളിൽപിന്നെ താരബീജം സമാലിഖേൽ.
പിന്നെത്തലക്കയൽവിൽക്കോലുപോലവെ സപ്തരേഖകം
വിലിഖ്യശൂലരേഖാണാം മീതേയും താഴെയുംലിഖേൽ.
രേഖാന്തരമകാരഞ്ച പ്രാണപ്രതിഷ്ഠാദിമന്ത്രവും
ആവനിത്യാദിമന്ത്രവും ചാലിഖേൽ ഹൃന്തരത്തിലും
മാതൃകാവേഷ്ടനംചെയ്തു യന്ത്രാചാരം സമാലിഖേൽ.
ഏതദ്യന്ത്രം തലച്ചററ തകിടിലെഴുതീട്ടുടൻ
ധരിച്ചീ (ടുകി) [ടീ] ലപസ്മാരം നശിച്ചീടുമസംശയം.

മുമ്പിലത്തെ നാലു ഖണ്ഡത്തിൽ ഓംലന്തഹ [എന്നെഴുതുക] ബഹിർഭാഗത്തിങ്കൽ ദ്വാദശശൂലം എഴുതുക. അതിന്റെ വലത്തുഭാഗത്തു് പ്രാണാഷ്ടകം എഴുതുക. പ്രാണപ്രാണായ പ്രാണരൂപായ പ്രാണലിംഗായ പ്രാണപ്രതിഷ്ഠായ സ്വാഹ. ൧. ജീവജീവായ ജീവരൂപായ ജീവലിംഗായ ജീവപ്രതിഷ്ഠായ സ്വാഹ. ൨. യന്ത്രയന്ത്രായ യന്ത്രരൂപായ യന്ത്രലിംഗായ യന്ത്രപ്രതിഷ്ഠായ സ്വാഹ. ൩. സത്യസത്യായ സത്യരൂപായ സത്യലിംഗായ സത്യപ്രതിഷ്ഠായ സ്വാഹ. ൪. സൎവ്വസൎവ്വായ സൎവ്വരൂപായ സൎവ്വലിംഗായ സൎവ്വപ്രതിഷ്ഠായ സ്വാഹ. ൫. ഇതു് പ്രണ [വ] ഷ്ടകം. * ഇനി വേറെയുള്ള യന്ത്രത്തിൽ നടുചതുരശ്രം ആറു ത്രികോണം എഴുതി രണ്ടു പാർശ്വങ്ങളിലും തലമടക്കി നാലുഖണ്ഡവും എഴുതുക. ചതുരശ്രം, അതിൽ പരഹമം എന്നെഴുതുക. ത്രികോണങ്ങളിൽ ശക്തിബീജം എഴുതുക. ശക്തിബീജം ഹ്രീം എന്നു് തലമടക്കിയ നാലുഖണ്ഡങ്ങളിലും താരബീജം എഴുതുക. താരബീജം ഓം എന്ന തദ്യന്ത്രെ ദക്ഷിണഭാഗെ ആവന്ദിത്യാദിമ പഞ്ചാശമന്ത്രം വിലിഖ്യ അസ്യമന്ത്രം വദേൽ. അ, ആവനായ

* പ്രണവാഷ്ടകം എന്നു കാണുന്നുണ്ടെങ്കിലും പ്രകൃതത്തിൽ അങ്ങനെ എഴുതിക്കാണുന്നുള്ളു.

നമ: ൫. ആം പുന്നായ നമ: [൫] ഇം രാവായ നമ: ൬. ഈം വത്സായ നമ: ൭. ഉം നോടായ നമ: ൮. ഊം ധേന്ദ്രായ നമ: (൯) [൮]. ഋം ജി (൧൦) [൯] ത്രായ നമ: (൧൧) [൧൦] ൠം രുദ്രായ നമ: (൧൧) [൧൦] ഌ രുദ്രായ നമ: [൧൧] ൡ ഭൂമിധരായ നമ: ധ. എം ഈശാനായ നമ: (12) [11] ഐ പർജ്ജന്യായ നമ: (13) [12] ഒം ജയന്തായ നമ: (14) [13] ഔം ഇന്ദ്രായ നമ: (15) [14] അം ആദിത്യായ നമ: (16) [15] അ: സത്യകായ നമ: (17) [16] കം ഭൃശായ നമ: [17] ഖം അന്തരിക്ഷായ നമ. [18] ഗം അഗ്നയെ നമ: [19] ഘം പൂഷാവായ നമ: (20) [ ങം ] വിതഥായ നമ: [21] ചം ഗ്രഹക്ഷയായ നമ: [22] ഛം യമായ നമ: [23] ജം ഭൃതായ നമ: [24] ഝം ഗന്ധർവ്വായ നമ: [25] ഞം ഭാർഗ്ഗവായ നമ: [26] ടം നിഭൃത്യൈ നമ: [27] ഠം ദ്വാരപാലായൈ നമ: [28] ഡം സുഗ്രീവായ നമ: [29] ഢം പുഷ്പദന്തായ നമ: [30] ണം വരുണായ നമ: [31] തം അസുരായ നമ: [32] (ധം) [ഥ] ശേ (ാ) ഷായ നമ: [33] ദം രോഗായ നമ: [34] ധം വായ്വായ [?] നമ: [35] നം നാഗായ നമ: [36] പം മുഖ്യായ നമ: [37] ഫം ഫല്ലാടായ നമ: [38] ബം ദുർഗ്ഗാളാടായ നമ: [39] ഭം അദിതി . . . നമ: [40] മം ദിതി . . . നമ: [41] യം ദേവേഭ്യോ നമ: [42] രം ചരഗീശായ നമ: [43] ലം വിതായ്യൈ നമ: [44] വം ഭൃതനാഥായ നമ: [45] ശം ഭാവരാക്ഷസീ നമ: [46] ഷം സർവ്വസ്കന്ധായ നമ: [47] സം ബാഹ്യേചായ നമ: [48] ഹം ജംഭകായ നമ: [49] ഇം ബലിപിഞ്ചകായ നമ: [50] ഇതി ആവനാദി മന്ത്രം [1] 51 ഉം എഴുതുക. അതിന്റെ ദക്ഷിണഭാഗത്തു വിക്കോലപോലെ എഴ രേഖാഗ്രം (ധ ൭). അതിൽ ശൂലം. രേഖേടെ അന്തരാളങ്ങളിൽ ങകാരം എഴുതി ബഹി: മാതൃകാ വേഷ്ടനം യന്ത്രാചാരവും എഴുതുക. യന്ത്രപേക്ഷണത്തിന്നു പാരംപര്യവും ഗുരുവിനേയും ഇഷ്ടദേവതയേയും എഴുതി "നമസ്തുഭ്യം നമസ്തുഭ്യം രക്ഷ രക്ഷ ശരീരം പാലയ പാലയ" എന്നു എഴുതുക.

സമ്പ്രദായം കല്ലൂര്.

[1] 51 മന്ത്രങ്ങളെന്ന പറയുന്നതു ശരിയായിരിക്കുന്നില്ല. 6-ാം മന്ത്രം മുതൽ ക്രമം തെററിയാണു എണ്ണിക്കാണുന്നതു. അക്ഷരസംഖ്യകൾ നോക്കുമ്പോഴും 51 മന്ത്രങ്ങൾ വരുവാൻ വഴിയില്ല. അതുകൊണ്ടു 50 മന്ത്രങ്ങളെ പ്രകൃതത്തിലുള്ളുവെന്ന വിചാരിക്കേണ്ടിയിരിക്കുന്നു.



## അർശോ നിദാനം.

പിന്നെ വാതാദിദോഷങ്ങൾ ത്വങ്മാംസങ്ങളെയുംതഥാ
മേദസ്സിനേയുമൊന്നിച്ചു ദുഷ്ടമാക്കിച്ചമച്ചടൻ
ഗുദദ്വാരത്തിലും മററു ചിലേടത്തും ക്രമത്തിലു്
മാംസങ്ങളെ മുളപ്പിക്കും അതിന്നങ്കുരമെന്നപേർ
കാണാം ദശപുറപ്പെട്ടപോലെ യർശസ്സതായതു്.
ജനനത്തോടുകൂടേയും ജനിച്ചിട്ടും ഭവിക്കകൊ-
ണ്ടുണ്ടു രണ്ടുപ്രകാരത്തിൽ കൃഷ്ണാർശസ്സിന്നു മുണ്ടതു്.
ഇവ ദോഷങ്ങൾ കൂടുമ്പൊൾ രണ്ടുമാറു പ്രകാരമാം.

ഗുദത്തിന്റെ പുറത്തുളള രോഗസ്ഥാനത്തിനുളളിതിൽ
(മേൽ) തൻ വിരൽക്കഞ്ഞിരവിരൻ ചെല്ലുന്നേരം ഗുദാവധി.
ഇദ്ദോഷമെന്ന ചൊല്ലുന്നി തസ്ഥാനത്തെ ഭിഷക്കുകൾ
അതിന്നിടയിലെ മൂന്നു വലയങ്ങളലിങ്കുരം
പുറപ്പെട്ടാലവററിന്റെ ദണ്ഡമീവർണ്ണമായ്‌വരും.
പുറത്തേതിൽ ശമിച്ചീടും യാപ്യം നടുവിലേതിന്നു.
ഉളളിലേതിൽ പുറപ്പെട്ടാൽ അസാദ്ധ്യംതന്നെയായ്‌വരും
. . . . ശ്ലേഷ്മ [ങ്ങ] ളെക്കൊണ്ടു് ശുക്ലാർശസ്സിന്നു [സംഭവം.
ശ്ലേഷ്മരക്തങ്ങളെക്കൊണ്ടു വരുമാ (ദ്ര) [ദ്രി] ത്തിലുത്ഭവം.
കറുത്തു മുഖമായ് നിന്നാൽ വെളുത്തിട്ടതി രൂക്ഷമായ്,
തൊട്ടമ്പോളേറെ നോവുണ്ടായ്‌വന്നീടും സഹജത്തിന്നു്.
നൊന്തീടും തലയും തോളും അരക്കെട്ടും ഭയങ്കരം.
അന്നത്തിൽ രുചിയില്ലായ്ക വയർവീക്കവുമിക്കിട്ടും
പ്രമേഹ ഗ്രഹണീ പാണ്ഡുക്കളിൽ ചൊല്ലിയ ലക്ഷണം,
ഇതിങ്കൽക്കൂടിയുണ്ടാകുമതു സൂക്ഷിച്ചുകൊളളണം.
ഇതിൽദോഷത്രയം കൊണ്ടുണ്ടായതും, സഹജങ്ങളും
അസാദ്ധ്യമെന്ന വന്നീടും രോഗി ദുർബ്ബലനെങ്കിലും
ദേഹപ്രാണബലം നന്നായുളളവ നിവനാകിലോ
യാപ്യങ്ങളെന്നറിഞ്ഞാലും ഇവററിന്റെ ചികിത്സകൾ
രക്തം പോകുന്നവെന്നാകിൽ രക്ത പിത്തചികിത്സകൾ
ഉറച്ചിട്ടു മലം പോക്കു് ഉദാവർത്തത്തിലുളളതു്
അയഞ്ഞിട്ടു് മലംപോകിൽ അതാസാര ചികിത്സകൾ

ഇതി അർശോനിദാനം

[അഥ അശ്മരീനിദാനം.]

ദോഷങ്ങൾ വസ്തിയിൽ ചെന്നാൽ മൂത്രഘാതം വരും ദ്രുതം
ത്രിദോഷഭേദംകൊണ്ടതു നാലുപ്രകാരമാം.
വസ്തിയിൽ കുഴലസ്ഥാന ലിംഗത്തിങ്കലുമേററവും
ദണ്ഡമുണ്ടായി ഇററിററു മൂത്രം വീഴുകിൽ വാതജം
മഞ്ഞളിച്ചിട്ടു ചൂടേറി വേദനപ്പെട്ടു പിത്തജം
മേഢ്രവും വസ്തിയും വീങ്ങിക്കനത്തിട്ടൊഴുകുന്നതു്
മൂത്രം വഴുവഴുത്തിട്ടു വീണീടും കഫജത്തിനു്
മൂന്നും കൂടീട്ടുമുണ്ടാകിൽ കാണാം ലക്ഷണമൊക്കയും
മൂത്രം തങ്ങുന്ന പാത്രത്തിന്നാകുന്നു വസ്തിയെന്നു പേർ.
തത്ര ശുക്ലത്രിദോഷങ്ങൾ കോപിച്ചാൽ വരുമശ്മരി.
അതും ദോഷത്രയം ശുക്ലമിവററെക്കൊണ്ടു നാലതു്
അശ്മരിയെ വായുനന്നായ് ചെന്നു വസ്തിനെറുക്കിയാൽ
അതുകല്ലായി വർദ്ധിച്ചാൽ മൂത്രദ്വാരമടഞ്ഞുപോം.
മൂത്രം പോകായ്കകൊണ്ടുള്ള ദണ്ഡങ്ങൾ പലതും വരും.
എന്നാലന്നു കൊടുക്കേണമെന്നുമൌഷധമിങ്ങിനെ
സ്നിഗ്ദ്ധമായുഷ്ണമായേററം ദീപനം പാചനങ്ങളും
സ്രോതോവിശോധനത്തിന്നു് നല്ലതായുമിരിക്കണം.
ക്രൂരമുള്ളവനീവണ്ണമുണ്ടാമശ്മരിയെങ്കിലോ
ഈവണ്ണമുള്ളതല്ലാതെ ഭുജിച്ചീടരുതൊന്നുമെ.
ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതു ദീപനമായതു്
ഭക്ഷിച്ചതൊക്കെ ഉടനെ ദഹിപ്പിപ്പതു പാചനം.
സ്രോതോവിശോധനം ചൊല്ലാം ഞരമ്പിന്നുള്ളിലൊക്കയും
വന്നകംപുക്ക ദോഷത്തെ പുറത്തുകളയുന്നതു്.

[ഇതി] ക്രൂരാശ്മരീ നിദാനം.

[അഥ വിഷൂചികാ നിദാനം].

ഗുരുത്വമുള്ള മാംസങ്ങൾ ഫലമലങ്ങളന്നവും
അതിയായി ഭുജിപ്പൂലും കൊതികെട്ടിയിരിക്കിലും
ദോഷങ്ങൾ മൂന്നും കോപിച്ചാൽ ഉടനുണ്ടാം വിഷൂചിക



അതിഭാഷ നീർകൊമ്പനെന്നെല്ലാരും പറയുന്നിതു്
ഇതുവന്നാൽ നടെതന്നെ ഛർദ്ദിക്ക അതിസാരവും
കണങ്കാൽ മേൽ തുടങ്ങിട്ടു് മേൽപ്പട്ടുള്ള കഴപ്പുകൾ
ഉരുണ്ടുരുണ്ടു കയറീടും തിലപോലെ കഴത്തൊളം
കഴുത്തും പ്ലാപ്പുറം രണ്ടും തുടയോടു കണങ്കഴൽ
മാറൊട്ടും വയറും തോളും പുറവും കൈകൾ കാലുകൾ
എന്നുള്ള ദിക്കിലുണ്ടാകും വലുതായുള്ള സങ്കടം.
ശ്വാസവും ദാഹവും മോഹം നാവുതോന്നു വലിക്കയും
ചെവി ഊത്തുകയും പിന്നെ കണ്ണിരട്ടിക്ക എന്നിവ
അതിയായി വരുന്നേരം പച്ചവെള്ളം കുടിക്കിലോ
മണൽ നന്നായ് വറുത്തിട്ടു് കെട്ടിയുള്ള മണൽക്കിഴി
മെല്ലെവെച്ചു തലോടേണം കഴപ്പേറുന്ന ദിക്കിലു്
ദാഹമേറി വരുന്നേരം പുല്ലരിക്കഞ്ഞി ഉത്തമം.
മോഹിച്ചാ ലിഞ്ചിപിഴിയാം കണ്ണരണ്ടിലുമിത്തിരി.
ഉള്ളം കാലിൽ പുറംകയ്യെ അററത്തിരുവിരൽക്കിടെ
പൊതിച്ചു മടൽ കാച്ചീട്ടു് മെഴുകും തേച്ചുകാച്ചുക
പിന്നേയും ചില സിദ്ധൌഷധങ്ങളുണ്ടതിനുള്ളതു്
അവയെല്ലാം ക്രമത്താലെ പ്രയോഗിച്ചാൽ ശമിച്ചുപോം.

[ഇതി] വിഷൂചികാ നിദാനം.

[അഥ ഉദാവർത്ത നിദാനം]

രൂക്ഷമായ് മലബന്ധത്തെ വരുത്തും ദ്രവ്യമേററവും
ഉപജീവിക്കിലദ്ദോഷം ചെന്നു പക്വാശയത്തിലെ
വായുകീഴ്പട്ടു ചെല്ലുന്ന സിരാവഴികളൊക്കെയും
അടച്ചിട്ടു മലംമൂത്രമെന്നിവറെറ വരട്ടിയാൽ
മലം പോകാതെയായീടും അർശസ്സുള്ള ജനത്തിനു്.
ചെല്ലും നാഭിക്കുതാഴേടം പക്വാശയമതിന്നുമേൽ.
ആമാശയവുമെന്നുണ്ടു് രണ്ടു പാത്രങ്ങളുള്ളിലു്.
കോഷ്ഠത്തിൽ വാതം കോപിച്ചാൽ മേൽപട്ടായി വരുംഗതി.
അപ്പോളതിന്നു വന്നീടുമ്പോളുദാവർത്തമെന്നു പേർ.
അതുമർശസ്സുകൂടീട്ടും കൂടാതെ (ര) [ക] ണ്ടുമായ്വരും
ഉപദ്രവങ്ങളാകുന്ന പല ദണ്ഡങ്ങളായ്വരും.
വയറൊട്ടേറെ നോവൂലും മലം ഛർദ്ദിച്ചു എങ്കിലും
ചികിത്സ നന്നായ് ചെയ്യിലും പൊറുപ്പാൻ പണിയായ് വരും.

[ഇതി] ഉദാവർത്ത നിദാനം]

[അഥ മദമൂർച്ഛാ നിദാനം.]

ദോഷത്രയങ്ങളും രക്തദോഷവും മദ്യവും വിഷം.
ഇവയൊക്കെയുമുണ്ടാക്കും മദമൂർച്ഛകളെ ദ്രുതം.
എന്നാൽ ദേഹം തണുപ്പിപ്പു വെള്ളം വീത്തീട്ടു വീശിയും
ഇരുവേലിയോടും കൂടെ അരച്ചിട്ടുള്ള ചന്ദനം.
ആപാദമസ്തകം തേപ്പു കാററുമേററിട്ടിരിക്കണം.
അതുകൊണ്ടു ശമിച്ചീടും മദമൂർച്ഛകളഞ്ജസാ.

[ഇതി മദമൂർച്ഛാ നിദാനം.]

[അഥ] കഫപ്രസേക നിദാനം.

ശ്ലേഷ്മം നന്നായി വദ്ധിച്ചാൽ വായുമതിനെ മെല്ലവെ
പുറത്താക്കുന്നതു കഫപ്രസേകം ഖലു നാമത:
അതിന്നു ദണ്ഡമൊട്ടേറെ വായിൽവെള്ളം വരുന്നതു്
അതിസ്നിഗ്ദ്ധമതായിട്ടുമുഷ്ണമായിട്ടുമുള്ളതു്
പ്രയോഗിക്കേണമുടനെയെന്നാലതു ശമിച്ചുപോം.

[ഇതി] കഫപ്രസേക നിദാനം.

[അഥ] അരുചി നിദാനം.

ത്രിദോഷങ്ങളൊരുമ്പെട്ടോ വേർപെട്ടോ ഇളകീട്ടവ
ഹൃദയത്തിങ്കലോ ജിഹ്വായിങ്കലോ ചെന്നുപൂകിലും
മന:പീഡകളെക്കൊണ്ടുമുണ്ടാമരുചിയഞ്ജതാം.
വാതാരുചിക്കു വായനന്നായ് ചവർത്തീടും വരും ദ്രുതം
പിത്താരുചിക്കു വായ്ക്കയ്ക്കും മ(തി)[ധു]രിക്കും കഫത്തിന്ന്
*മൂന്നും കൂടുകിൽ നന്നായി പച്ചവെള്ളം ചുവയ്ക്കയും
അസാദ്ധ്യമാകയും ചെയ്യും മൂന്നുകൂടീട്ടു വന്നതു്.

ഇതി [അരുചി നിദാനം]

[അഥ] സ്വരസാദനിദാനം

സ്വരസാദം വരും വാതപിത്തശ്ലേഷ്മങ്ങൾ മൂന്നിലും
വേറെയും മൂന്നുമൊന്നായും മേദോവർദ്ധനയിങ്കലും

* രണ്ടുംകൂടുകിൽ എന്നായിരിക്കുമോ പാഠം ? അല്ലെങ്കിൽ അടുത്ത പാദത്തിൽതന്നെ "മൂന്നു കൂടീട്ടു വന്നതു" എന്നുള്ള പൌനരുക്ത്യം സംഭവിക്കുന്നുണ്ടല്ലോ.



രാജയക്ഷ്മാവിനെക്കൊണ്ടും വരുമാറുപ്രകാരമായ്.
മേദോദോഷത്രിദോഷം കൊണ്ടുണ്ടാകുന്നതസാദ്ധ്യമാം.
രസാസൃങ്മാംസമേദോസ്ഥി മജ്ജാശുക്ലങ്ങളിങ്ങിനെ
സപ്തധാതുക്കളുണ്ടല്ലോ ദേഹത്തിങ്കൽ ശരീരിണാം.

[ഇതി സ്വരസാദനിദാനം]

[അഥ] ഹൃദ്രോഗ നിദാനം

വാതാദിദോഷയോഗങ്ങൾ കൊണ്ടും ക്രിമി ഭവിക്കിലും
ഉണ്ടാമഞ്ചു പ്രകാരത്തിൽ ഹൃദ്രോഗമതിനുററവും
ഹൃദയം നോം ത്രിദോഷം കൊണ്ടുണ്ടായിട്ടുള്ളതെങ്കിലു്
ക്രിമികൊണ്ടുള്ളതിന്നേററം ചൊറിയും മാറു നിർണ്ണയം.
ഇതിങ്കൽ ചോറു വേണ്ടാതെ വന്നുവെന്നായിരിക്കിലും
സന്നിപാതത്തിനാലേററം ഭവിച്ചതു മസാദ്ധ്യമാം.

ഇതി ഹൃദ്രോഗ നിദാനം

[അഥ] രാജയക്ഷ്മ നിദാനം.

അധോവാതം മലമൂത്രങ്ങളടക്കിക്കൊണ്ടിരിക്കിലും
അപത്ഥ്യം ഭക്ഷണം മേന്മേൽ സാഹസേന പ്രവൃത്തിയും
ദേഹക്ഷയവുമുണ്ടായി ത്രിദോഷമിളകുന്ന നാൾ
രാജയക്ഷ്മാവു വന്നീടും പിന്നെയദ്ദോഷമൊക്കെയും
ഹൃദയത്തിന്നു മേലെങ്കിൽ മൂക്കുവാൽക [?] ചുമയ്ക്കയും
തലനൊന്തീട്ടു മന്നത്തിൽ രുചിയില്ലായ്ക്കയും വരും
സ്വരസാദവുമെന്നെല്ലാം പലദണ്ഡങ്ങളും വരും
കീഴ്പ്പോട്ടായീടിലദ്ദോഷം വറാംച അതിസാരവും
കോഷ്ഠത്തിന്നുള്ളിലാകുമ്പോൾ ഛർദ്ദിയുണ്ടായിയും വരും
വിലങ്ങീടുന്ന നേരത്തു് നൊന്തീടും രണ്ടു പാർശ്വവും.
ഇവ സന്ധുക്കളിൽ ചെന്നാൽ പനിയുണ്ടാകയിങ്ങിനെ
ഓരോ ദണ്ഡത്തെയുണ്ടാക്കും ത്രിദോഷങ്ങൾ ശരീരിണാം
ഭക്ഷിച്ചീടുന്ന വസ്തുക്കൾ പോകുംവഴി ഗുദത്തോളം.
കോഷ്ഠമാകുന്നതെന്നല്ലോ ചൊല്ലീടുന്നു ഭിഷക്കുകൾ.
രാജയക്ഷ്മാവു വദ്ധിച്ചാൽ ചുമച്ചിട്ടുള്ള തുപ്പലും
ചുവന്നിട്ടും കറുത്തിട്ടും ചലംപോലെയിരിക്കിലും
ബലക്ഷയം പനിച്ചുമ മെല്ലൊന്നൊച്ചയടക്കിലും

അവൻ ജീവിക്കയില്ലെന്നു് നിർണ്ണയിക്ക ഭിഷക്കുകൾ
നന്നായി ചോറു ചെന്നീടും ശോഷിക്കും ദേഹമേററവും
അങ്ങിനെയുള്ള യക്ഷ്മാവും ശമിപ്പാൻ ബന്ധമായ്‌വരും
വികാരങ്ങൾ കുറഞ്ഞിട്ടു് ബലദേഹക്ഷയങ്ങളും
വ്യാധിപീഡ ശമിപ്പാനൊട്ടെളുതല്ലാതയാകിലും.
മരുന്നു സേവിപ്പാൻ ബന്ധ മെന്നാലതുമസാദ്ധ്യമാം.
പ്രാണന്റെ ബല മുണ്ടാകിൽ ദോഷം കോപിച്ചിരിക്കിലും
രാജയക്ഷ്മാവിനിവണ്ണം ചെയ്യീടേണം ചികിത്സകൾ.
സ്നേഹസ്വേദങ്ങൾ ചെയ്യേണം ക . . . ചനങ്ങളെന്നിയെ
പ്രയോഗിച്ചിട്ടു ചെയ്യിപ്പു വമനം മലശോധനം
സ്നേഹസ്വേദങ്ങളാകുന്ന തെണ്ണതേയ്ക്ക വിയർക്കയും
ദേഹത്തെ മെലിയിപ്പിക്കുന്നതു കർശനമായതു്.
(ബ്രഹ) [ബൃംഹ]ണങ്ങൾ കടിപ്പിക്കുന്നൌഷധങ്ങള(ി)[തി] [ൽ തു]ലോം.
പ്രധാനമെണ്ണ നെയ്യ് പാലും സ്നേഹദ്രവ്യങ്ങളായതിൽ.

[ഇതി രാജയക്ഷ്മ നിദാനം]

[അഥ] തൃഷ്ണാ നിദാനം

തൃദോഷങ്ങളൊരുമ്പെട്ടും വേർപെട്ടിട്ടും പ്രമേഹവും
രസധാതുക്ഷയം രാജയക്ഷ്മാവാദികളാകിയ
രോഗങ്ങളേററ മുണ്ടാക്കും ദാഹത്തെ ദേഹിനാമിഹ
ദാഹത്തിന്നിവിടെച്ചൊന്ന കാരണം പലതുണ്ടതിൽ
വാതവും പിത്തവും തന്നെ ആധികാരണമാകയാൽ
വാതപിത്തത്തിലെപ്പോലെ ചികിത്സിച്ചാൽ ശമിച്ചുപോം.
ദാഹമുള്ളവനൊട്ടേറെ മെലിഞ്ഞീടുന്നതെങ്കിലും
നാവുനന്നായ് പുറത്തോട്ടു് തള്ളിപ്പോയെന്നിരിക്കിലും
ചെവികേളാതിരുന്നാലും ചികിത്സിച്ചാൽ ഫലം വരാ.

[ഇതി തൃഷ്ണാ നിദാനം]

[അഥ] ശ്വാസ നിദാനം

ശ്വാസ (ൻ) മൂർദ്ധ്വൻ മഹാൻ ഛിന്നൻ തമകൻ ക്ഷുദ്രനിങ്ങനെ
അഞ്ചാകുമതിലൂർദ്ധ്വന്റെ ലക്ഷണം പറവാൻ പണി
മഹാശ്വാസം വരുന്നേരം മാറുനോവൊച്ച പാരമാം.
കൺമിഴിച്ചിട്ടു സൂക്ഷിച്ചു നോക്കീടും നാല്പ ദിക്കിലും.



ഛിന്നൻ പാരിച്ചിട മുറിഞ്ഞുടനെ പിന്നെയും വരും.
ഷ്ഠാപ്പുറത്തോടു പൂണെല്ലിന്നുള്ളിൽ ബന്ധങ്ങളേറിയും
തമകൻ വരുമന്നേരം മോഹിക്കും മൂക്കു വാലുകം ?
ഇവ വർദ്ധിക്കയും ചെയ്യും വെയിലില്ലാത്ത നാളിലു്.
ഇതൌഷധപ്രയോഗംകൊണ്ടുടനെ ശാന്തമായ്‌വരും.
ക്ഷുദ്രകൻ പീഡകൂടാതെ കുറഞ്ഞിട്ടു വരുന്നതു്.
ക്ഷുദ്രൻ തമകനും നന്നായ് ശമിച്ചിടും ചികിത്സയാൽ.
മററുമൂന്നുമസാദ്ധ്യങ്ങളെന്നുവന്നീടുമഞ്ജസാ.

[ഇതി ശ്വാസ നിദാനം]

[അഥ] ഇക്കിള നിദാനം.

ചുമയും ഛർദ്ദിയും ദാഹമതിസാരം പനിക്കയും
ഏങ്ങലും വീക്കവും നന്നായ് വർദ്ധിച്ചിട്ടുള്ള ദേഹിനാം.
നാഭിക്കു കീഴിരിക്കുന്ന വായു ഇളക്കി മെല്ലവെ.
നാഭിക്കുമേലിരിക്കുന്ന പിത്തത്തേയുമതിക്രമി-
ച്ചുരസ്സിങ്കലിരിക്കുന്ന കഫത്തോടൊരുമിച്ചുടൻ
മേല്പോട്ടുചെല്ലുമ്പോളുണ്ടാം ശ്വാസം വീക്കയുമിക്കിളും.
ഇക്കിളഞ്ചു പ്രകാരത്തിൽ അതിന്റെ പേരിവണ്ണമാം.
മഹാഹിക്കാ ചഗംഭീരാ യമളക്ഷുദ്ര യന്നജാ
നാഭിയിങ്കൽ തുടങ്ങീട്ടു് വരുന്നോരിക്കിളുണ്ടതു്
വലുതായി മുഴങ്ങീടുമതുഗംഭീരമായതു്.
ഇക്കളീരണ്ടു കൂടീട്ടും വരുമാറൊട്ടനേകവും
തലയോടു വിറച്ചിടും എമളക്കുള്ള ലക്ഷണം
പൂണെല്ലിങ്ക (ൾ) [ൽ] തുടങ്ങീട്ടു് കുറഞ്ഞിട്ടിങ്ങൊരിക്കിളു്.
അതിനെ ക്ഷുദ്രയെന്നല്ലൊ ചൊല്ലീടുന്നു ഭിഷക്കുകൾ.
ഉപജീവിച്ച ദ്രവ്യങ്ങൾ ഇടയിൽ തടയുന്നതാം.
ശ്വാസം ചെന്നങ്ങു വീങ്ങീട്ടുമിക്കിളുണ്ടാമതന്നജാ.

[ഇതി ഇക്കിള നിദാനം]

[അഥ] ചുമ നിദാനം.

വാതപിത്തകഫക്ഷോഭംകൊണ്ടുനെഞ്ചിനകത്തൊരു
പ്രാണനുണ്ടാകിലും രാജയക്ഷ്മാവുണ്ടാകിലും നൃണാം.

ചുമയഞ്ചു പ്രകാരത്തിലുണ്ടാകുമിവയഞ്ചിലും
മേലേമേലേതു വലുതെന്നറിഞ്ഞിട്ടു ചികിത്സകൾ
ഉടനെ ചെയ്കയല്ലാഞ്ഞാൽ രാജയക്ഷ്മാവു വന്നുപോം

[ഇതി ചുമ നിദാനം]

[അഥ] രക്തപിത്ത നിദാനം

ഉഷ്ണദ്രവ്യങ്ങളെപ്പക്തപാ ചൂടാറാതെ ഭുജിക്കയും
ക്ഷാരങ്ങളുപ്പും പുളിയും എരിവുള്ള പദാർത്ഥവും.
ഭക്ഷിച്ചു പിത്തം കോപിച്ചാൽ രക്തപിത്തം വരും ദ്രുതം.
യകൃൽപ്ലീഹകളെന്നുണ്ടു് രണ്ടുപാത്രങ്ങളുള്ളില്.
രക്തം നിറഞ്ഞിരിക്കുന്നു രക്തപിത്തത്തിനാലതു്.
ഇളക്കപ്പെട്ടുമന്നേരം മേല്പട്ടും മൂക്കിൽ വായിലും
കീഴ്പ്പട്ടു മലമൂത്രങ്ങൾ പോകും വഴിയിലും വരും.
യകൃൽപ്ലീഹാശ്രിതം രക്തം വാതപിത്ത കഫങ്ങളാൽ
ഭവിക്കും യോഗഭേദം കൊണ്ടുണ്ടാമേഴപ്രകാരമായ്.
മേല്പട്ടു ചോരവന്നീടിൽ സാദ്ധ്യം കീഴ്പ്പട്ടു മദ്ധ്യമം.
രണ്ടുമാർഗ്ഗത്തിലൂടേയും രോമകൂപങ്ങളൂടെയും
ചോരവന്നു തുടങ്ങീടിൽ അസാദ്ധ്യമതു നിർണ്ണയം
ഗുരുകാരുണ്യമുണ്ടായാൽ ലഭിയാതെന്തു വിഷ്ടപെ.
എന്നുറച്ചു ഭജിക്കുന്നേൻ ഗുരുപാദത്തെ നിത്യവും.

[ഇതി രക്തപിത്ത നിദാനം]

[അഥ ജ്വര നിദാനം]

പനിയും രക്തപിത്തം ച ചുമയും പിന്നെയിക്കിളും
കാസശ്വാസങ്ങളും യക്ഷ്മാ സ്വരസാദാരുചീ തത :
കഫപ്രസേകവും ഛർദ്ദി ഹൃദ്രോഗം തൃഷ്ണയും തഥാ.
മദമൂർച്ഛയുമർശ്ശസ്സും ഉദാവർത്താതിസാരവും
വിഷൂചീ ഗ്രഹണീ കൃച്ഛ്രാശ്മരീ ച പ്രമേഹവും
വിദ്രധീ വൃദ്ധി ഗുന്മഞ്ച ശൂലപ്ലീഹാ മഹോദരം.
പാണ്ഡുകാമില ശോഭഞ്ച വിസർപ്പഞ്ച മസൂരികാ.
പുളകം ശീതപിത്തഞ്ച ചർമ്മകുഷ്ഠം ച ചിത്രകം
കൃമിഭേദങ്ങളും വാതം വാതശോണിതമിങ്ങിനെ
രോഗക്രമങ്ങളെക്കണ്ടിട്ടിവണ്ണമെഴുതിന്നതു്.



തന്റെയഗ്നിബലത്തിന്നു് തക്കതല്ലാത ഭുക്തിയും
ദേഹത്തിന്റെ ബലത്തിന്നു് തക്കതല്ലാ പ്രവൃത്തിയും
ഉണ്ടാകുമ്പോൾ ത്രിദോഷങ്ങൾ കോപിച്ചാമാശയാശ്രിതം
ജഠരാഗ്നിയെ നീക്കീട്ടു കാഷ്ഠത്തിന്നു പുറത്തുടൻ
രസമാകുന്ന ദോഷത്തോടൊരുമിച്ചിട്ടുമെല്ലവെ
ജ്വരത്തെയുണ്ടാക്കീടുന്നു ത്രിദോഷങ്ങൾ ശരീരിണാം.
ഉപജീവിച്ച ദ്രവ്യത്തിൻ സാരാംശം രസമായതു്.
കിട്ടാംശം മലമൂത്രങ്ങൾ രസം ദോഷത്രയങ്ങളാൽ
ദുഷ്ടമാക്കപ്പെട്ടന്നേരമാമമെന്നുണ്ടതിന്നു പേർ.
ജ്വരമെട്ടുപ്രകാരത്തിലുണ്ടാകും ദേഹിനാമിഹ.

ത്രിദോഷജ്വരം മുമ്മൂന്നുണ്ടീരണ്ടുകൂടിയും
മൂന്നിനുംകൂടെയൊന്നുണ്ടു് പിന്നെയാഗന്തുകജ്വരം.
വെട്ടുതല്ലുകളേററിട്ടും പിൻകായാദികളേയുമാം
മാരണം ദേവതാപീഡാ വിപ്രശാപാദിനാപിവാ.
മനഃ പീഡകളെക്കൊണ്ടുമുണ്ടാമാഗന്തുകജ്വരം.
[ജ്വരം] തുടങ്ങിയാലാദൌ കാണാം വികൃതിയിങ്ങനെ.
ദേഹം തൊട്ടാൽ ചുടുംപാരം വിയർപ്പില്ലാതെയും വരും,
ദേഹമൊട്ടുമിളക്കീടാ വല്ലാതെ ക (ണ്ണു) [ണ്ടു] മാവരും.
ദേഹത്തിലൊക്കെ നോവുണ്ടാം . . . . . . .
ഇതൊക്കെയുമൊരുമ്പെട്ടു കാൺകിൽ സാമാന്യമജ്വരം.
വാതജ്വരത്തിനാധാരം തലനോവതിയായ്‌വരും.
ദേഹത്തിലൊക്കെ നോവുണ്ടാം ഹൃദയത്തിങ്കലേററവും.
അലച്ചയുണ്ടാം ദേഹത്തിൽ (ഴു) [മൊ] ളിയും രൂക്ഷഭാവവും
മലംവരണ്ടുപോം നോവും വയററിലതിയായ്‌വരും.
വയർവീക്കുചുരന്നീടും വാതജ്വരിതലക്ഷണം.
ചുഴലും കണ്ട വസ്തുക്കൾ പറെയും വായെരിഞ്ഞിടും
ഉഷ്ണദാഹങ്ങളുണ്ടാകും മലമൂത്രങ്ങൾ നേത്രവും
മഞ്ഞളിച്ചിട്ടു വന്നീടും നൂനം പിത്തജ്വരത്തിന്നു്.
ദേഹത്തിൽ കോൾമയിർക്കൊൾക കുളിരും നിദ്രയും സദാ
മുക്കുവാലുക വായ്ക്കെത്തും രുചിയില്ലായ്കയും ചുമ.
നേത്രംവെളുക്കയെന്നെല്ലാം കഫജ്വരിതലക്ഷണം.
ത്രിദോഷജ്വരമോരോന്നും വെവ്വേറെ രണ്ടുകൂടിയും
മൂന്നും കൂടീട്ടുമുണ്ടായാലിവററെക്കൊണ്ടു നിർണ്ണയം.

ചനിപാറിച്ചനേകം നാം മുറിയാതെയിരിക്കയും
അതിയായിവിയർത്തീടും വ്യക്തമല്ലാത്ത വാക്കുകൾ
വളരെപ്പറയും ദേഹം തളരും ചുഴലും സദാ.
എന്നിച്ചൊല്ലിയ ദണ്ഡങ്ങൾ ഒരുമിച്ചുള്ള (നാ) [വാ] കിനാൽ
അസാദ്ധ്യമജ്വരംവിദ്യാത് ഭിഷഗൌഷധ സഞ്ചയൈ:

[ഇതി] ജ്വര നിദാനം.

---

[അഥ] പാണ്ഡുനിദാനം.

. . . . ശ്രദ്ധയില്ലായ്ക മോഹംച (ട്ടിഞ്ഞ) [ട്ട്യ] തിസാരവും
എന്നിതൊക്കയുമുണ്ടാകും പാണ്ഡുരോഗത്തിനേററവും.
പാണ്ഡുരോഗത്തിനൊട്ടേറെ കല്യാണഘൃതമുത്തമം
ഈവണ്ണം പാണ്ഡുവാകുന്ന ദണ്ഡമുണ്ടായിരിപ്പവൻ
പിത്തത്തെ വർദ്ധിപ്പിക്കുന്ന ദ്രവ്യമങ്ങു ഭുജിക്കിലും
പിത്തം വർദ്ധിച്ചിരിപ്പലും ഉണ്ടാം കാമില ദേഹിനാം.
കാമിലയ്ക്കുടനെ [തന്നെ] ചികിത്സിച്ചീലയെങ്കിലൊ
കുംഭകാമിലയായ്ത്തീരും സാദ്ധ്യമല്ലാതെയും വരും.
എന്നാലും പിത്തശമനത്തിന്നുമൊന്നു ചികിത്സകൾ
ചെയ്യ്തീടേണം വിശേഷിച്ചും മററുമീവണ്ണമൌഷധം
ത്രികോൽപക്കൊന്ന കൊണ്ടന്നു നന്നായ്ചേർത്തു കൊടുക്കുക.
ത്രിഫലോടെ കഷായത്തിൽ ചേർത്തു നന്നായ്ം കൊടുക്കുക.
മററുമീവണ്ണമൊക്കയും ചികിത്സിക്കേണമാവൊളം.
ചൊല്ലാം ദോഷങ്ങളെക്കൊണ്ടും ദണ്ഡുതിന്നുന്നി എങ്കിലും ?
സന്നിപാതത്തിനെക്കൊണ്ടും പാണ്ഡുവഞ്ചായ്വരും നൃണാം.
വാതം മുമ്പായ ദോഷങ്ങൾ ഹൃദയത്തിലകത്തുപു-
ക്കവിടെച്ചെന്നിരിക്കുന്ന പിത്തത്തെയവിടന്നുടൻ
ഞരമ്പുകളിലോടിച്ചു വ്യാപിച്ചിട്ടതുമെല്ലവെ
ദുഷ്ടമാക്കു മസൃങ്ങ്മാംസം ത്വക്ക്പലങ്ങളെ ഏററവും
പിന്നെ ത്വക്കിങ്കലുണ്ടാകും നിറം മൂന്നു പ്രകാരമാം
വെളുത്തിട്ടും ചുവന്നിട്ടും മഞ്ഞളിച്ചിട്ടുമങ്ങിനെ
വെളുത്ത നിറമായ്വന്നാൽ പിത്തപാണ്ഡുവതാമതു്.
മഞ്ഞളിച്ചു വരുന്നേരം പിത്തക്കാമിലയെന്നുപേർ.



അതു വർദ്ധിക്കുമന്നേരം കുംഭകാമിലയെന്നുപേർ
അതു മൂക്കുന്നനേരത്തു ലോം രഞ്ച ഹലീമകം ?
ഹലസഞ്ജീരി വേരുണ്ടാമെന്നാലിവയതൊക്കെയും
പിത്തകാലം വിവർദ്ധിച്ചിട്ടുള്ള ഭേദങ്ങളായ്വരും
പാണ്ഡുവിന്നാദിയിൽതന്നെ കാണാം ലക്ഷണമിങ്ങനെ
വീക്കമുണ്ടായ്വരും പിന്നെ കണ്ണുരണ്ടും മുഖങ്ങളും
മഞ്ഞളിച്ചിട്ടുമൊട്ടേറെ മടിയും പാരമായ്വരും
ഭോജനം . . . . . . . . . . .
മാംസം ക്ഷയിച്ചിരിക്കുന്ന മർത്ത്യൻ നിത്യവുമേററവും
ഗുരുവായമ്ലമായുള്ള ഭക്ഷ്യങ്ങളെ ഭുജിച്ചിടിൽ
അഭിഷ്യന്ദികളെന്നല്ലൊ പറയുന്നു മഹത്തുക്കൾ
ത്രിദോഷയോഗഭേദങ്ങൾ ഭിഷ്ലാതവിഷങ്ങളും
ഇങ്ങിനെയൊമ്പതുണ്ടല്ലൊ പിത്തത്തിൻ കാരണങ്ങളും
ഇങ്ങിനെ വീക്കമുണ്ടായാൽ മടിയുഷ്ണവുമിക്കിളും
അതിസാരത്തോടരുചി വമനം വയർ വീക്കയും
ഈവണ്ണമോരൊ ദണ്ഡങ്ങൾ പാരമായെന്നിരിക്കിലും
മുഖത്തുനിന്നു കീഴ്പോട്ടു വീങ്ങി പുരുഷനെങ്കിലൊ
ശമിച്ചീടും ചികിത്സിച്ചാൽ സ്ത്രീകൾക്കാകിലസാദ്ധ്യമാം.
കാണബെല്ലി (ന്നിഹ) [ന്നു്] മേൽപ്പട്ടു സ്ത്രീണാംവീക്കം തുട[ങ്ങുകിൽ
ശമിച്ചീടും ചികിത്സിച്ചാൽ പുരുഷന്നതസാദ്ധ്യമാം
നാഭിഗുഹ്യങ്ങളിൽതൊട്ടു് കീഴുമേലും കലർന്നതു
സ്ത്രീകൾക്കും പുരുഷന്മാർക്കും ശമിപ്പാനെളുതായ്വരാ
ഞെരമ്പുവാകീടൊ ? ട്ടേറെച്ഛർദ്ദിക്ക അതിസാരവും
വീക്കംമെല്ലെ ശമിക്കുമ്പോൾ പനിച്ചതിസരിക്കിലും
ജ്വരാതിസാരം മെല്ലെന്നു ശമിക്കും നാളിൽ വീക്കവും
ഉണ്ടായിവന്നുവെന്നാകിൽ സാദ്ധ്യമല്ലാത്ത ലക്ഷണം

[ഇതി പാണ്ഡുനിദാനം]

---

[അഥ] വിസർപ്പനിദാനം

ശോഭത്തിൻ കാരണംതന്നെ വിസർപ്പത്തിന്റെ കാരണം
വിസർപ്പം പുണ്ണിലെ ഭേദം സ്ഥാനം മൂന്നിതിനിങ്ങിനെ

പുറത്തുമുള്ളിലും രണ്ടുഭാഗത്തും കൂടിയുംവരും
വാതപിത്തങ്ങൾകൊണ്ടുണ്ടാം വിസർപ്പത്തിന്റെ ലക്ഷണം
തീത്തട്ടിപ്പൊള്ളുകുംപോലെ പുണ്ണുണ്ടായിവരും നൂനം.
ഇങ്ങിനെ വ്രണമുണ്ടായാൽ പേർകൊണ്ടഗ്നി വിസർപ്പമാം
വാതവും കഫവുംകൂടെ കോപിച്ചിട്ടു വരുന്നതിൽ
മുഴച്ചിട്ടിടയിൽ . . . . . അതു ഗ്രന്ഥിവിസർപ്പമാം.
കഫപിത്തങ്ങൾകൊണ്ടുണ്ടാം വിസർപ്പത്തിന്റെ ലക്ഷണം.
മാംസത്തിനെ നലക്കാതെ ചോറുപോലെ പുറപ്പെടും.
നോവുണ്ടായിവരുന്നാകിൽ വിസർപ്പമതു കർദ്ദമം
ദോഷങ്ങളോരോന്നുകൊണ്ടുവന്നാൽ പിന്നെയതൊക്കെയും
എളുതായി ശമിപ്പിക്കാം രണ്ടുകൂടി വരുന്നതു.
ഓരോ ചികിത്സ ചെയ്യുമ്പോൾ ക്രമത്താലെ ശമിച്ചുപോം
മൂന്നുംകൂടീട്ടുവരികിൽ വിസർപ്പമതസാദ്ധ്യമാം
വിസർപ്പമൊക്കെമർമ്മത്തു് വന്നുവെന്നാലസാദ്ധ്യമാം
വിസർപ്പമേറെ വർദ്ധിച്ചാൽ ഞരമ്പും മാംസമെന്നിവ
നുറുങ്ങീട്ടു ശവംപോലെ നാറിയെല്ലാം വരുന്നനാൾ
ചുമയും പനിയുംമോഹം ദേഹത്തിനുതളർച്ചയും
വാ വരൾച്ച ചുഴന്നീടും എക്കിളോക്കാനമെന്നിവ
എല്ലാമുണ്ടായ്‌വരുന്നാകിൽ വിസർപ്പമതസാദ്ധ്യമാം
വിസർപ്പമുണ്ടായാലാദിക്കുപവാസമതുത്തമം.
പിന്നെ രൂക്ഷങ്ങളായിട്ടുള്ളൗഷധങ്ങളുമെന്നിവ
ഛർദ്ദിപ്പിക്ക വിരേചിപ്പിക്കേററവും ചോരനീക്കുക.
ഈവണ്ണമുള്ളതെയാവൂ തൊടൊല്ലാ എണ്ണ കൈകളാൽ
തൈലമൊ ഘൃതമോ കൂട്ടി ചികിത്സിച്ചാലസാദ്ധ്യമാം.

[ഇതി വിസർപ്പ നിദാനം]

[അഥ] പുളക നിദാനം.

അഴലും പനിയും ചൂടും ദേഹത്തിന്നു തളർച്ചയും
കൂടീട്ടു ദേഹത്തിലൊക്കെ പുളകങ്ങൾ പുറപ്പെടും
അതിന്നു കാരണം പിത്തം വരും വിസ്ഫോടമെന്നുപേർ.
മസൂരി വിസ്ഫോടങ്ങൾക്കു വഴിപോലെ വിരേചനം
ചെയ്യിക്കെല്ലായിലും നല്ലതുപവാസവുമാദിയിൽ

[ഇതിപുളകനിദാനം.]



[അഥ ശീതപിത്ത നിദാനം]

പിത്തവും കഫവുംകൂടി വർദ്ധിച്ചാലതുവട്ടമായ്
ദേഹത്തിങ്കൽ തിണർത്തീടും ചുവന്നാപാദമസ്തകം
വട്ടത്തണരിയുണ്ടായാൽ ചൊറിയും താനുമേററവും
ഇങ്ങിനെ മണ്ഡമുണ്ടായാൽ ശീതപിത്തമതായതു്.
അമൃതോടു കൊടിത്തൂവ്വ വേപ്പിൻതോൽ മഞ്ഞളെന്നിവ
കൂട്ടിവേണം കഷായത്തെ സേവിച്ചാലതു ശാന്തമാം.

[ഇതി ശീതപിത്ത നിദാനം.]

[അഥ പ്രമേഹ നിദാനം]

മേദസ്സും കഫവും മൂത്രമേറെയുള്ള ജനത്തിനു്
അവററെ വർദ്ധിപ്പിക്കുന്നതന്നപാനപ്രവൃദ്ധികൾ
പ്രമേഹങ്ങളെയുണ്ടാക്കുമതുമങ്ങിനെയായ്‌വരും
അതിന്നാദിയിലെ കാണാം വികൃതികളുമിങ്ങിനെ,
വിയർക്കും ദേഹവും നാറും തളർച്ചയുമുറക്കവും
ചുട്ടിട്ടും ഹൃദയം കണ്ണും ചെവികൾ കൈകൾ കാലുകൾ
ദാഹിക്കും നാവു (തോന്നീടും)[നൊന്തീടും] ശോഷിക്കും കവിൾ
[കണ്ഠവും
തണുപ്പേറിയ ഭാഗത്തിൽ കിടപ്പാനാഗ്രഹം വരും
ഉറുമ്പരിക്കും മൂത്രത്തിൽ ദേഹം നന്നായ് തണു[illegible]പോം
ഈവണ്ണം ലക്ഷണം കാണാം പ്രമേഹത്തിന്റയാദിയിൽ
പിന്നെ ക്രമേണ വർദ്ധിച്ചാൽ ദാഹവും പെരുതായ്‌വരും.
അതിയായ്മൂത്രവും വീഴ്ത്തും അതും പലപ്രകാരമാം.
നീർത്തും പരുപരുത്തിട്ടും കരിമ്പിൻനീരുപോലെയും
ഇരിക്കുമ്പോൾ കൊഴുത്തീടും സുരപോലെ, യരിപ്പൊടി
കലക്കീട്ടുള്ളപോലെയും ശുക്ലം സിതകൾപോലെയും.
തണുത്തും മധുരിച്ചിട്ടുമീത്താപോലെ ഇഴഞ്ഞതും
നീലമായികൊഴുത്തിട്ടും ചുട്ടമഞ്ഞൾ കണക്കെയും
ചൂടേറി രക്തംപോലേയും പിന്നെ മഞ്ചട്ടിപോലെയും
വസാമജ്ജകൾപോലെയും ആനമൂത്രം കണക്കെയും
. . . പിന്നെന്നപോലെയും മൂത്രമുണ്ടാം പ്രമേഹിനാം.

എല്ലാം കാലക്രമംകൊണ്ടു് തേൻപോലെതന്നെയായ്വരും.
അവിപാകം രുചികളും മൂക്കുവാലുകയും ചുമ
ഇവ ഈവണ്ണമുണ്ടാകിൽ അതു് ശ്ലേഷ്മത്തിൽ വന്നതു്.
വസ്തിലിങ്ഗങ്ങടെ നോവും പനിയും ചൂടു തൃഷ്ണയും
മോഹവും പാരമുണ്ടാകിൽ പിത്തജംകൃച്ഛ്രസാദ്ധ്യമാം.
ഉദാവർത്തം വിറയലും ശക്തിയില്ലായ്ക നോകയും
നിദ്രയില്ലായ്കയും കാസം ഛർദ്ദി മേഹം ക്ഷയിച്ചുപോം.
വാതജത്തിനിതാധാരം സാദ്ധ്യമല്ലാതെയും വരും.
പ്രമേഹികൾക്കു മേദസ്സ് വർദ്ധിച്ചുള്ള ജനത്തിനു്
കുരുവുണ്ടായ്‌വരും പാരിച്ചതു പത്തുപ്രകാരമാം.
ശരാവികാകച്ഛവികാ ജാലിനീവിനതാ തഥാ
വിസർപ്പിണീ സർഷപികാ പുത്രിണീ ച വിദാരികാ.
മസൂരി പിന്നെയലജി പിന്നെയും പലതുണ്ടുപേർ
വട്ടമുണ്ടായ് കുഴഞ്ഞിട്ടു് വക്കുനന്നായ് തടിച്ചതു്
ശ്യാമമായി നലഞ്ഞേറെ നൊന്തിരിക്കും ശരാവികാ
നോവുകുത്തു കുറഞ്ഞിട്ടു് വയറത്ത [തു] മാറിയും
മിനിത്താമപ്പുറംപോലെ വരും കച്ഛവികക്കുരു
ഞെരമ്പു നന്നായ് പാകിട്ടു് ചെറുതായ മുഖങ്ങളും
എഴുന്നു നൊന്തു കുത്തീട്ടു് ചലംചാടീട്ടുജാലിനി
വലുതായിക്കറുത്തിട്ടു് മുതുകത്തോ വയററിലോ
മുഖം താണു നലഞ്ഞിട്ടും നൊന്തിട്ടറിവനക്കുരു.
തൊട്ടീടിൽ ചൂടു പാരിച്ചു കഷ്ടമായ വിസർപ്പിണി
എൾപോലെ ചെറുതായിട്ടു് തരുന്നനെ പുറപ്പെടും
പഴുത്തു നൊന്തു വളരെ ഉണ്ടാം സർഷപികക്കുരു.
വലുതായ് കണ്ണു് വളരെ ഉണ്ടാകുന്നതു പുത്രിണീ
മുതുകിൻെറ കീഴങ്ങോട്ടു സമമായി വിദാരികാ
മസൂരി വലുതായുള്ള വ യർപോലെ വരുന്നതു്
ദാഹമുണ്ടായ് ചുവന്നിട്ടു് പുറപ്പെട്ടാൽ പഴുത്തൊരോ
പഴങ്ങാം ചുട്ടപോലെയാം തൃഷ്ണാമോഹജ്വരങ്ങളും
ഉണ്ടാമലജിയാകുന്ന കുരുവുണ്ടായ്വരുന്ന നാൾ
പ്ലാപ്പുറത്തു കഴുത്തും കാൽ കൈമേൽ ചെറുവിരൽക്കുമേൽ
ഇത്തരം കുരുവുണ്ടായാൽ പാരം വൈഷമ്യമായ്വരും



പ്ലാപ്പുറത്തേ കുരുവുകൊണ്ടൊരുപാടു കിടപ്പവൻ
മരണം കാലമാകുമ്പോൾ താനെതന്നെ മലന്നുപോം
പുത്രിണീജാലിനീ തന്നെ വിദാരിക ശരാവിക
ഇവ നാലും പുറപ്പെട്ടാൽ സാദ്ധ്യമില്ലെന്ന നിർണ്ണയം.

[ഇതി പ്രമേഹ നിദാനം.]

## [അഥ] വിദ്രധി നിദാനം.

വാതാദിദോഷം നാലായും മുറിവും രക്തദോഷവും
ഉണ്ടാകുന്നേരമുണ്ടാകും ദ്രുതമാറായിവിദ്രധി
ബാഹ്യാന്തരവിഭേദംകൊണ്ടതു രണ്ടുപ്രകാരമാം.
അതു നാഭിക്കുനേരെയും മേലെയും കീഴുമായ്വരും.
മേലെയുണ്ടാകിലന്നേരം വായിലൂടെ ചലം വരും.
താഴെയാകിൽ ഗുദദ്വാരത്തിങ്കലൂടെ ചലം വരും.
നാഭിക്കു നടുവായെങ്കിൽ മേലും കീഴും ചലംവരും.
ദോഷങ്ങൾ മൂന്നുകൂടീട്ടു് ദ്രോഹമുണ്ടായിയെങ്കിലും
അന്തർവ്വിദ്രധി ഈവണ്ണം ഉണ്ടാകുന്നതസാദ്ധ്യമാം.
ബഹിർവ്വിദ്രധിയും പാരിച്ചുണ്ടാമാറുപ്രകാരമായ്.
നോവേറി ശ്യാമമായിട്ടു് വട്ടത്തിലടിയിട്ടതു്
മെല്ലെമെല്ലെന്നു വീങ്ങിടിൽ വാതവിദ്രധിയെന്നുപേർ.
ചുവന്നീട്ടൊട്ടു ചെമ്പിച്ചു ക്ഷണംകൊണ്ടു പഴുത്തുപോം
അങ്ങിനെ വന്നുവെന്നാകിൽ പിത്തവിദ്രധിയെന്നുപേർ.
വെളുത്തിരിക്കും ചൊറിയും പനിക്കും കഫജത്തിനു്
സന്നിപാതത്തിലുണ്ടായാൽ കാണാം ലക്ഷണമൊക്കെയും.
പനിദാഹങ്ങളേറീടും രക്തപിത്തത്തിലേതിനു
മുറിഞ്ഞാൽ കാലം ചെല്ലുമ്പോൾ ഉണ്ടാകും ക്ഷണവിദ്രധി
സ്ത്രീകളിൽ ഗർഭമുള്ളോൾക്കും പെററവൾക്കും ചിലർക്കുമേ
മുലമേൽ വീക്കമുണ്ടായിക്കുരുവായിച്ചമഞ്ഞതു്
ബാഹ്യവിദ്രധിപോലെയായ്വരുന്നകൂട്ടും ക്രമേണതൽ
വിദ്രധിക്കു തുടങ്ങുമ്പോൾതന്നെ വേണം ചികിത്സകൾ.
ചോരവാർക്കുകയുംകൊള്ളാം പൊട്ടാതെകൊള്ളുകിൽ ഗുണം.
പൊട്ടിയെങ്കിൽ പഴുക്കാതെ ചികിത്സിച്ചു് ഉണക്കണം.
പഴുത്തുപോയി എന്നാകിൽ പിന്നെ ഈശ്വരനേ ഗതി.

[ഇതി വിദ്രധി നിദാനം.]

[അഥ] വൃദ്ധിനിദാനം.

ദോഷത്രിതയവും രക്തം മൂത്രം മേദസ്സുമെന്നിവ
നിമിത്തമായിട്ടുണ്ടാകും വൃദ്ധിയേഴുപ്രകാരമായ്.
വൃദ്ധിയുണ്ടായ്വരും നേരം ലക്ഷണങ്ങളിവണ്ണമാം.
ഉതിപ്പിച്ച ഉതളികപോലെയുള്ളതു വാതജം.
ദാഹവും ചൂട്ടമൊന്നിച്ചുണ്ടാകുന്നതു പിത്തജം.
വെളുപ്പു ചൊറിയുംകൂടെയുണ്ടാകും കഫജത്തിന്ന്.
കറുത്ത കുരുവുണ്ടായി വന്നീടും വൃദ്ധി രക്തജം
കഫംപോലെയിരിക്കുന്ന വൃദ്ധിമേദസ്സിലുള്ളതു്.
കഴച്ചുരുണ്ടുകയറും വൃദ്ധി യാന്ത്രത്തിൽ വന്നതു്.
മൂത്രംചുട്ടീട്ടിരിക്കുമ്പോൾ ചെയ്യു മൈഥുനമെങ്കിലൊ
വൃദ്ധിയുണ്ടായിവന്നീടുമതു മൂത്രജമായ്വരും
ഇതിമൂത്രാന്ത്രജങ്ങൾക്കു വാതംതന്നെ പ്രധാനമാം.
ആന്ത്രവും മൂത്രവും വൃദ്ധിക്കധികാരണമാകയാൽ.
വാതംതന്നെയിവററിൻെറ വർദ്ധനത്തിന്നു കാരണം.
വാതവൃദ്ധിക്കു സമമായ് ആന്ത്രവൃദ്ധിയസാദ്ധ്യമാം.

[ഇതി വൃദ്ധി നിദാനം.]

---

[അഥ] ഗുന്മനിദാനം.

പനിയുണ്ടായി വർദ്ധിച്ച് പനിച്ചിട്ടുള്ളനാളിലും
പിന്നെ ഛർദ്ദിവിരേകങ്ങൾ ചെയ്തിരിക്കുന്ന നാളിലും
ഏറെ വെള്ളം കുടിപ്പതും ദേഹബന്ധങ്ങൾ ചെയ്കിലും
ദോഷത്രയങ്ങളും രക്തമിവകോപിച്ചു മെല്ലവെ
മഹാസ്രോതസ്സിലുൾപുക്കു ഞരമ്പുകളടച്ചുടൻ
ഗുന്മവ്യാധിയെയുണ്ടാക്കും നൃണാമേഴുപ്രകാരമായ്.
ഗുന്മത്തിനാദിനോവായിത്തുടങ്ങീടും വയററില്.
പിന്നെക്രമേണ വർദ്ധിച്ചു ചാണപോലെ ചമഞ്ഞുപോം
നാഭിക്കുനേരെയഷ്ഠീല പ്രത്യഷ്ഠീലവിലങ്ങളും
ആനാഹംമേൽ വയററിങ്കൽ കാണാംഗുന്മങ്ങളിങ്ങിനെ.
സ്ത്രീകൾക്കും പുരുഷന്മാർക്കും ഉണ്ടാമിച്ചൊന്നതൊക്കയും.
ഗുന്മം വർദ്ധിച്ചിരിക്കുമ്പോൾ പനിയും വയർവിക്കയും



വയററിൻപുറമെകാണാം കറുത്തുള്ള ഞരമ്പുകൾ.
പിന്നെയിക്കിളമൊട്ടേറെ വന്നീടുകിലസാദ്ധ്യമാം.
രക്തഗുന്മം വരുംപിന്നെ മേലേററം സ്ത്രീജനത്തിന്ന്.
(അതിന്ന്) തീണ്ടാ[രിയാ]യിരിക്കുമ്പോൾ കച്ചെരിച്ചു പുളി
[ച്ചതു്.
അതിയായിട്ടു ഭക്ഷിച്ചാൽ കറവീഴാതെയുംവരും.
അതിനെക്കൊണ്ടുവന്നീടും ഗുന്മമെട്ടാമതാമതു്
ഗുന്മമീവണ്ണമുണ്ടായാൽ ഗർഭമുണ്ടായപോലെയാം.
മുലയിൽപാൽ ചുരന്നീടും കൺകറുക്കും മുലക്കുടൻ
ഇളകും പിള്ളയെപ്പോലെ ഗർഭമെന്നൊരുബുദ്ധിയും
എല്ലാക്കുമുണ്ടായനേരമതിന്നാധാരമിങ്ങിനെ
കാലുംകയ്യും കുടഞ്ഞിട്ടു് ഇളക്കംപിള്ളയെങ്കില്.
ഗുന്മമെന്നാലുരുണ്ടിട്ടുതന്നെ സഞ്ചാരമായ്വരും
പക്വാശയത്തിലെവായു ഗുദത്തിൻെറയടുത്തോളം
ഒരു ബന്ധത്തെയുണ്ടാക്കും അതിന്നു തൂനിയെന്നുപേർ.
ഗുദത്തിങ്കന്ന് ഉണ്ടാക്കും ബന്ധം പക്വാശയത്തോളം
അതിന്നുപേർ പ്രതിതൂനി എന്നുചൊല്ലുന്നു വൈദ്യർകൾ.

[ഇതി] ഗുന്മനിദാനം സമാപ്തം.

---

[അഥ] ശൂല നിദാനം.

ഉണ്ടാം ദോഷങ്ങൾ നാലായും വയ്യായ്കതിഭുജിക്കയും
മൂത്രങ്ങൾ കല്ലടപ്പതും വാതഗുന്മത്തിന്നുള്ളതു്.
ഇങ്ങിനെശൂലയുണ്ടാകും നൃണാമെട്ടുപ്രകാരമായ്
അതിയായിഭുജിപ്പതും ഏറെവെള്ളം കുടിപ്പതും
അധോവായുമലംമൂത്രം അടക്കിക്കൊണ്ടിരിക്കിലും
സ്ത്രീസംഗദേഹബന്ധങ്ങൾ തല്ലുകൊള്ളുക എന്നിവ
ഏററമുണ്ടാകിലനേരമരക്കെട്ടിൽ തുടക്കലും
വസ്തിയോനിപ്രദേശങ്ങൾ മുതുകെന്നുള്ളടിക്കിലും
അതിയായിട്ടു നോവുണ്ടാം വാതശൂലയതായ്വരും
നോവുണ്ടാകുന്നനേരത്തു് വിയർക്കും ദേഹമേററവും
പാരംവിശന്നിരിക്കുമ്പോൾ വയർനോവതിയായ്വരും.
തിരെഉണ്ടാൽ ശമിച്ചീടും വാതശൂലയതായ്വരും
അന്നം വയർനിറച്ചെന്നാൽ ആയതിന്നിവമെല്ലവെ.

ദഹനംതുടരുന്നേരം നോവുകൂടെവരുംദ്രുതം.
അന്നംനന്നായ്ദഹിപ്പോളം നോവിന്നു ശമനംവരാ
നന്നായ് ദഹിച്ചുകൂട്ടുമ്പോൾ നോവുനന്നായ് ദഹിച്ചുപോം.
ഈവണ്ണമത്രെ നോവെങ്കിൽ പിത്തശൂലയതായ്വരും.
പകൽ രാത്രിവയസ്സ്ണെന്നുള്ള കാലത്തെ ഒക്കയും
മൂന്നായിട്ടു പകുത്താദി മദ്ധ്യമാന്ത്യങ്ങളിൽ ക്രമാൽ
ഇരിക്കുന്ന കഫം പിത്തം വാതമെന്നിവമൂവ്വരും
അതുകൊണ്ടവരെക്കൊണ്ടു വരുംവ്യാധികൾ വർദ്ധനം.
അക്കാലങ്ങളിൽ വന്നീടും സൂക്ഷിച്ചാലറിയാമതു്.
ഗുരുത്വമുള്ള മാംസങ്ങൾ ശക്തിയുള്ളകിഴങ്ങുകൾ,
ഭക്ഷിച്ചുവെള്ളം മിതേയും എന്നിതോരോന്നു്നിത്യമായ്
ഭുജിച്ചു ശ്ലേഷ്മം വർദ്ധിച്ചാൽ നോവും ദേഹം കനക്കയും
അന്നത്തിൽ രുചിയില്ലായ്ക ഇളകാതെ കിടക്കയും
മോഹിക്ക ഇവ ഓരോന്നു ശ്ലേഷ്മശൂലക്കു ലക്ഷണം.
ദോഷങ്ങൾ മൂന്നും കൂടീട്ടു് വന്നശൂലയസാദ്ധ്യമാം.
അതിയായി ഭുജിപ്പലും വിശക്കാതെഭുജിക്കിലും
ഏറെവെള്ളം കുടിപ്പലും ഗുരുദ്രവ്യം ഭുജിക്കിലും
പിന്നെപ്പരിചയിക്കാത്ത ദ്രവ്യമേറെഭുജിക്കിലും
ഹൃദയത്തിങ്കലും പിന്നെ പാർശ്വങ്ങളിൽ വയററിലും
അതിയായിട്ടു നോവുണ്ടാം ഭുക്തിദോഷത്തിലേതതു്
കല്ലടച്ചേറെ വർദ്ധിച്ചാൽ മുതുകും പാർശ്വവും തുട-
നാഭിമൂലമരക്കെട്ടെന്നുള്ള ഭാഗങ്ങളിൽ തുലോം
നോവുണ്ടായിവരുന്നേരം ശർക്കരാശൂലയെന്നുപേർ.
വളർന്നവാതഗുന്മംകൊണ്ടുണ്ടാം നോവെന്നപാരമായ്
അതുകൊണ്ടു മലംമൂത്രം ഒട്ടും പോകാതെയും വരും.
പാരംവിയർക്ക ഓക്കാനം മോഹിക്ക ഇവപാരമായ്
ഈവണ്ണം ലക്ഷണംകാണാം ഗുന്മശൂലതുടങ്ങിയാൽ.

വൈദ്യസാര സംഗ്രഹം സമാപ്തം.

## LIST OF AGENTS FOR THE SALE OF MADRAS GOVERNMENT PUBLICATIONS.

### IN MADRAS CITY.

ACCOUNT TEST INSTITUTE, Egmore, Madras.
CITY BOOK COMPANY, Madras-4.
HIGGINBOTHAMS, LIMITED, Madras-2.
P. VARADACHARI & Co., Madras-2.
THE SOUTH INDIA SAIVA SIDDHANTHA WORKS PUBLISHING SOCIETY, Madras-1.
VENKATRAMA & Co., Madras-1.
V. PERUMAL CHETTY & SONS, Madras-1.
M. DORAISWAMY MUDALIAR & Co., Madras-1.
C. SUBBAIAH CHETTY & SONS, Madras-5.
SOUTH INDIA TRADERS, Madras-14.
FREE INDIA CO-OPERATORS' AGENCY, Madras-14.
THE SECRETARY, THE CENTRAL POLYTECHNIC CO-OPERATIVE STORES, LIMITED, Madras.

### IN MUFASSAL.

THE EDUCATIONAL SUPPLIES COMPANY, (R.S. Puram) Coimbatore.
D. SREEKRISHNAMURTHY, Ongole, Guntur district.
M. SESHACHALAM & Co., Masulipatnam, Krishna district.
HINDUSTAN DIARY PUBLISHERS, Vijayavada, Krishna district.
THE COMMERCIAL LINKS, Governorpet, Vijayavada, Krishna district.
E. M. GOPALAKRISHNA KONE, Madurai, Madurai district.
K. P. AHMED KUNHI & BROS., Cannanore, Malabar district.
P. K. BROTHERS, Kozhikode, South Malabar district.
A. VENKATASUBBAN, Vellore, North Arcot district.
IMES MODERN MART, Salem, Salem district.
K. BHOJA RAO & Co., Mangalore, South Kanara district.
U. R. SHENOY & SONS, Mangalore, South Kanara district.
P. N. SWAMINATHA SIVAM, Pudukkottai, Tiruchirappalli district.
S. KRISHNASWAMI & Co., Tiruchirappalli.
PALANIAPPA BROTHERS, Tiruchirappalli.
S. R. SUBRAMANIAM, Tirunelveli, Tirunelveli district.
ARIVUNOOLAGAM, Ootacamund Nilgiris.
TRIVENI PUBLISHERS, Masulipatnam.

### IN OTHER STATES.

JAIN BOOK AGENCY, New Delhi-1.
INTERNATIONAL BOOK HOUSE, Trivandrum.
BHARAT STORES, Ernakulam.

### AGENTS SPECIALLY APPOINTED FOR THE SALE OF SRI BHARATHIAR'S PUBLICATIONS.

ANANDAVIKATAN, Madras-2.
THE SWADESAMITRAN, Madras-2.
SRIMAGAL & Co., Madras-1.
M. PALANI & Co., Pudukkottai.
THE KALAIMAGAL & Co., Colombo-11.
MOHAN & Co., LIMITED, Colombo.